വൈക്കം-ഗുരുവായൂർ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

956 [1542] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം-ഗുരുവായൂർ റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കോട്ടയത്തുനിന്ന് ഗുരുവായൂർക്ക് പല ഫാസ്റ്റ് പാസഞ്ചർ ബസ്സ് സൗകര്യം ഇപ്പോഴും തന്നെ നിലവിലുണ്ട്. കൂടാതെ വളരെയധികം വാഹനദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

നാഷണലൈസ്ഡ് റൂട്ടുകളിലെ ബസ് സർവ്വീസ്

957 [1544] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-ചാലക്കുടി റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾക്ക് താൽക്കാലിക പെർമിററ് നൽകി തൃശ്ശൂർ, ഇരിങ്ങാലക്കുട, ഒല്ലൂർ, കൊടകര നിയോജക മണ്ഡലങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം ചെയ്തുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ദേശസാൽക്കരിക്കപ്പെട്ട റൂട്ടായതുകൊണ്ട് സൂചിപ്പിച്ചമാതിരി താൽക്കാലിക പെർമിററുകൾ നൽകാൻ നിവൃത്തിയില്ല. ദേശസാൽക്കരിച്ച റൂട്ടിലെ യാത്രാസൗകര്യങ്ങളിൽ അപര്യാപ്തതയുണ്ടോയെന്ന് നോക്കാനും നിവാരണ നടപടികൾ എടുക്കാനും കെ. എസ്. ആർ. ടി. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ചോദ്യോത്തരസമയം അവസാനിച്ചു.)

II ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജററിനെപ്പററിയുള്ള പൊതു ചർച്ച

ശ്രീ. ടി. എച്ച്. മുസ്തഫ: ബഹുമാന്യനായ ധനകാര്യമന്ത്രി വരദരാജൻനായർ ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ
9.30 A.M.] ശക്തിയായി എതിർക്കുന്നു. ഇത്തരത്തിൽ ഒരു ബഡ്ജററ് അവതരിപ്പിക്കുന്നതിനും, ജനങ്ങൾ കൊടുക്കുന്ന നികുതി ഖജനാവിൽ നിന്നെടുത്ത് ചെലവ് ചെയ്യുന്നതിനും അധികാരമില്ലാത്ത ഒരു ഗവൺമെൻറാണ് ഇന്ന് അപ്പുറത്തിരിക്കുന്നതെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതിന് രണ്ടു മൂന്ന് കാരണങ്ങളുണ്ട്. ഈ ഗവൺമെൻറ് 1977-ൽ ജനങ്ങളുടെ മാൻഡേററ് വാങ്ങിച്ചുവന്ന ഗവൺമെൻറ് ആണ് എന്നാണു പറയുന്നത്. എന്നാൽ അന്നത്തെ ഐക്യമുന്നണി ഇന്ന് നിലവിലില്ല. ആ ഐക്യമുന്നണി സംവിധാനം ആകെ തകർന്ന് തരിപ്പണമായിതീർന്നിരിക്കുന്നു. അന്ന് ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിക്ക് നേതൃത്വം കൊടുത്ത ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഇന്ന് അപ്പുറത്തില്ല. ഐക്യമുന്നണിക്കകത്തുണ്ടായിരുന്ന എൻ. ഡി. പി. ഇന്ന് അവിടെ ഇല്ല. ഐക്യമുന്നണിക്കകത്തുണ്ടായിരുന്ന പി. എസ്. പി. യിലെ ചെയർമാൻ ഉൾപ്പെടെയുള്ള ആളുകൾ ഇന്നിവിടെ ഇല്ല. ഐക്യമുന്നണിയെ പൊളിച്ച് ഒരു കുറുമുന്നണിയായി രൂപാന്തരപ്പെടുത്തിയ മുന്നണിയാണ് അവിടെയുള്ളത്. ആ മുന്നണിക്ക് മാൻഡേററ് ഉണ്ടായെന്ന് ഈയിടെ പരിശോധിച്ചു. തിരുവനന്തപുരം ഈസ്ററ് നിയോജകമണ്ഡലത്തിൽ, ഇന്ന് അപ്പുറത്തിരിക്കുന്ന മുന്നണി അവിടെ തെരഞ്ഞെടുപ്പിനെ നേരിട്ടു. ആ മുന്നണിക്ക് 30 ശതമാനം ജനങ്ങളുടെ പിന്തുണ മാത്രമാണ് കിട്ടിയതെന്ന് നാം കണ്ടു. ഈ മുന്നണിയെ ജനങ്ങൾ അംഗീകരിക്കുന്നില്ല. ഈ കുറുമുന്നണി ഈ രാജ്യം തുടർന്നു ഭരിക്കാൻ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. ഈ മുന്നണി തുടരരുതെന്ന ജനങ്ങളുടെ മാൻഡേററ് അംഗീകരിക്കാൻ ഇവർ തയ്യാറായിട്ടില്ല. ജനങ്ങളുടെ എതിർപ്പിന് വിരുദ്ധമായി ജനതാൽപര്യത്തിനു വിരുദ്ധമായി അഴിമതിമാത്രം മിനിമം പരിപാടിയായി സ്വീകരിച്ച് തങ്ങളുടെ നിക്ഷിപ്തതാൽപര്യം നിലനിറുത്തുന്നതിന് ഏതു ഹീനമാർഗ്ഗവും സ്വീകരിച്ച് അധികാരം നിലനിറുത്താൻ മടിയില്ലാത്ത ഒരു ഗവൺമെൻറാണ് അപ്പുറത്തുള്ളത്. അതുകൊണ്ട് ഈ ഗവൺമെൻറിന് ഇത്തരത്തിൽ ഒരു ബഡ്ജററ് അവതരിപ്പിച്ച് പണം ചെലവഴിക്കാൻ അവകാശമില്ലെന്ന് തറപ്പിച്ച്, ഉറപ്പിച്ച് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറ് ഇന്നുവരെ ചെയ്ത യാതൊരുവിധ വാഗ്ദാനങ്ങളും പാലിച്ചിട്ടില്ല. എൻെറ കൈവശം എല്ലാ ബഡ്ജററ് പ്രസംഗങ്ങളുമുണ്ട്. ഹേമചന്ദ്രൻ മുതൽ വരദരാജൻനായർ വരെ ചെയ്ത ബഡ്ജററ് പ്രസംഗം എൻെറ കയ്യിലുണ്ട്. അതിൻെറ പ്രസക്തഭാഗം വായിക്കാൻ എൻെറ സമയം അനുവദിക്കുന്നില്ല. ഇതിൽ പറഞ്ഞിട്ടുള്ള ഒരു വാഗ്ദാനവും ഇന്നുവരെ നടപ്പാക്കിയിട്ടില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരു വർഷംകൊണ്ടു ചില പരിപാടികൾ നടപ്പാക്കുമെന്ന് ഓരോ മന്ത്രിമാരും പത്രസമ്മേളനം നടത്തി. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ് അത് ഒരു പുസ്തകമാക്കി അടിച്ചുതന്നിട്ടുമുണ്ട്. ആ പരിപാടികൾ ഒന്നും ഗവൺമെൻറ് നടപ്പാക്കിയിട്ടില്ല, അത് ഒരു പുസ്തകമായി അവശേഷിക്കുന്നു. വാഗ്ദാനലംഘനങ്ങളുടെ നീണ്ടപട്ടികകളുടെ ഉടമയാണ് ഈ ഗവൺമെൻറ് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. പല പുരോഗമനപരമായ നടപടികളും ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് പറയുന്നു. ഒൻപതുലക്ഷം രൂപയുടെ സാമൂഹ്യ വിപ്ലവപരിപാടിയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇതിന് സാമൂഹ്യവിപ്ലവം എന്ന പേര് കൊടുക്കാൻ തയ്യാറായതിൽ ഖേദം രേഖപ്പെടുത്തുകയാണ്. നമ്മുടെ ധനകാര്യമന്ത്രി ഒരു തൊഴിലാളി പ്രവർത്തകനാണല്ലോ. ഇവിടെ ഒൻപതുലക്ഷം രൂപകൊണ്ട് എന്താണ് സാധിക്കുന്നത്. ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശംപോലും ഈ ബഡ്ജററിനകത്തില്ല. അഭ്യസ്തവിദ്യരായ പതിനെട്ടുലക്ഷത്തിൽപരം ആളുകൾ കേരളത്തിൽ ഉണ്ടെന്നാണ് പറയുന്നത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള പത്തരലക്ഷം ഉണ്ടെന്ന് ധനകാര്യമന്ത്രിതന്നെ സമ്മതിച്ചിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം തൊഴിലില്ലായ്മവേതനം കൊടുക്കാൻ ഒരു പരിപാടികൊണ്ടുവന്നു. പത്തുകോടിരൂപ ആ കാര്യത്തിനുവേണ്ടി മാററിവച്ചു. എന്തുചെയ്തു ഇവിടെ? ഒരുലക്ഷത്തിഎഴുപതിനായിരം ആളുകളാണ് തൊഴിലില്ലായ്മവേതനത്തിന് അർഹരായ അപേക്ഷകരായിക്കണ്ടത് എന്നുപറയുന്നു. അതിൽ ഭൂരിപക്ഷത്തിന് കൊടുത്തുവെന്നാണ് പറയുന്നത്. എത്രപേർക്ക് കൊടുത്തുവെന്ന് പറഞ്ഞിട്ടില്ല. ഇന്നത്തെ കണക്കനുസരിച്ച് 25 ലക്ഷം രൂപ മാത്രമാണ് അതിൽനിന്നും ചെലവഴിച്ചിട്ടുള്ളത്. പത്തരലക്ഷം തൊഴിൽര

LIBRARY ARCHIVES Kerala Legislative Assembly

ഹിതരിൽ അതിൽകൂടുതലായി തൊഴിലില്ലായ്മവേതനം കൊടുക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മവേതനം ഇപ്പോൾ നിർത്തിയിരിക്കുകയാണ്. ഇനി തൊഴിലില്ലായ്മവേതനം ഇല്ല. അഭ്യസ്തവിദ്യരായ പതിനെട്ടുലക്ഷത്തിൽപരം ആളുകൾ പട്ടിണികിടക്കുന്നു. പാവപ്പെട്ട തൊഴിൽരഹിതർക്കുവേണ്ടി പുരോഗമനം പ്രസംഗിക്കുന്ന നിങ്ങൾക്ക് എന്തുണ്ട് നിർദ്ദേശിക്കാൻ? ഈ രാജ്യത്തെ പരമ്പരാഗതവ്യവസായങ്ങൾ പൂർണ്ണമായും തകർന്ന് തരിപ്പണമായിരിക്കുന്നു. കശുവണ്ടി മേഖലയിലേയും കയർ മേഖലയിലേയും കൈത്തറി മേഖലയിലേയും തൊഴിലാളികൾ ഇന്ന് പട്ടിണികിടക്കുകയാണ്. ഈ രാജ്യത്തെ അവശജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും നിർദ്ദേശിക്കാൻ ഈ ബഡ്ജററിന് കഴിഞ്ഞിട്ടുണ്ടോ? എന്താണ് കഴിഞ്ഞകാലങ്ങളിൽ ചെയ്തിട്ടുള്ള മററു പുരോഗമനപരമായ നടപടികളുടെ ചിത്രം? നെല്ലിനും കപ്പയ്ക്കും താങ്ങുവില കൊടുത്തുവെന്ന് പറയുന്നു. കഴിഞ്ഞവർഷം എന്തു കൊടുത്തു? മുപ്പത്തിയേഴുലക്ഷം രൂപയാണ് താങ്ങുവിലയായി കൊടുത്തത്. അഞ്ചുകോടിരൂപ അതിന് മാററിവച്ചു. മുപ്പത്തിയേഴുലക്ഷമേ ചെലവായിട്ടുള്ളു. അതിൽകൂടുതൽചെലവാക്കാൻ കഴിഞ്ഞിട്ടില്ല. കപ്പയ്ക്കു താങ്ങുവില കൊടുത്തില്ല. ഒരുക്വിൻറൽ നെല്ലിന് 120 രൂപ വില നിശ്ചയിച്ചു. മാർക്കററിൽ സ്വന്തംവീട്ടിൽനിന്ന് 125 രൂപ മുതൽ 150 രൂപവരെ നെല്ല് വാങ്ങിച്ചുകൊണ്ടുപോകുന്നു. 130 രൂപ മുതൽ 150 രൂപ വരെ മാർക്കററിൽ വിലയുള്ളപ്പോൾ 120 രൂപയ്ക്ക് നെല്ല് കിട്ടുമോ? കൊടുക്കാൻ കഴിയാത്ത കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ കഴിയാത്ത പരിപാടികൾ ആവിഷ്കരിച്ചും തുകകൾ മാററിവച്ചുംകൊണ്ട് സാമൂഹ്യവിപ്ലവത്തിൻെറ പേരിൽ ഊററംകൊള്ളുന്ന ഒരു ഗവൺമെൻറാണ് അപ്പുറത്തുള്ളത്. കഴിഞ്ഞ കാലത്ത് വാഗ്ദാനംചെയ്യേണ്ടിവന്നതൊന്നും കൊടുക്കേണ്ടിവന്നിട്ടില്ല. ഇനിയും അതുപോലെ കൊടുക്കേണ്ടിവരില്ല. അതുകൊണ്ട് എന്തുവേണമെങ്കിലും വാഗ്ദാനം ചെയ്യാമല്ലോ. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് പോഷക ആഹാരം കൊടുക്കാൻ പോകുന്നുവെന്ന് പറഞ്ഞു. നല്ല കാര്യമാണത്. എങ്ങനെ കൊടുക്കും? ആർക്കു കൊടുക്കും? അതിനൊന്നും പരിപാടി ഇല്ല. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് അത്രവലിയ ഭക്ഷണമൊന്നും വേണ്ട. അവർ കഴിയ്ക്കുന്നത് ലഘുഭക്ഷണമാണ്. അത് ഇപ്പോൾതന്നെ സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും കൊടുക്കുന്നുണ്ട്. ഇനി അവരെ തേടിപിടിച്ച് കൊടുക്കാനുള്ള സാമൂഹ്യവിപ്ലവം ആണ്. ഇത് നടക്കുമോ? ഇന്നുവരെ ഈ ഗവൺമെൻറു പറഞ്ഞ ഒററകാര്യവും നടപ്പാക്കിയിട്ടില്ല എന്നുള്ളതുകൊണ്ട് ഇതും നടപ്പാക്കുകയില്ല. നമ്മുടെ മുഖ്യമന്ത്രി ഈ സഭയിൽ ചെയ്ത വാഗ്ദാനങ്ങൾ വല്ലതും നടപ്പാക്കിയിട്ടുണ്ടോ? നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് ശ്രീ. എ. കെ. ആൻറണി ഈ സഭയിൽ പ്രഖ്യാപിച്ചു. ആ നെട്ടൂർകമ്മീഷൻ റിപ്പോർട്ട് ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്ന ചില ഭേദഗതികളോടെ എത്രയുംവേഗം നടപ്പാക്കുന്നതാണെന്ന് അദ്ദേഹം വ്യക്തമാക്കി. കേരളകൗമുദിപത്രത്തിൽ ശ്രീ. ആൻറണിയുടെ അന്നത്തെ പ്രസ്താവന ഉണ്ടായിരുന്നു. ഇന്ന് നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് എവിടെയാണ്? ഇന്ന് അത് ഉണ്ടോ? ആർക്കുവേണ്ടിയാണ് അത് തള്ളിയത്? നെട്ടൂർകമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെസംബന്ധിച്ച് ഗവൺമെൻറിൻെറ നിലപാട് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണെന്ന് അന്നത്തെ മുഖ്യമന്ത്രി വീണ്ടും പ്രസ്താവിച്ചു. എവിടെയാണ് അർത്ഥശങ്ക? എവിടെയാണ് നെട്ടൂർ കമ്മീഷൻ റിപ്പോർട്ട്? നടപ്പാക്കാത്തകാര്യങ്ങൾ നടപ്പാക്കുമെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്ന ഒരു ഗവൺമെൻറാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Deputy Speaker in the Chair)

കഴിഞ്ഞ തവണ ബഡ്ജററ് ചർച്ചയുടെ അവസാനത്തിൽ കടൽക്ഷോഭവും കൊടുങ്കാററും ഉണ്ടാകുമെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് ഐക്യമുന്നണിയുടെ ഭരണനൗകയാകുന്ന കപ്പൽ കടലിൽ ഇറക്കിയിരിക്കുന്നതെന്നും മുങ്ങാതെ മറിയാതെ ജനക്ഷേമകരമായ പരിപാടികളുമായി മുന്നോട്ടുനീങ്ങി അതിനെ മറുകരയിൽ എത്തിക്കുമെന്നും മുഖ്യമന്ത്രിയായിരുന്ന എ. കെ. ആൻറണി അന്നു പ്രസ്താവിച്ചതാണ്. ആ മുന്നണിയുടെ നൗക തുഴഞ്ഞ കപ്പിത്താൻ ഇന്ന് എവിടെയാണ്? കാററിലും കോളിലും പെടാതെ മുങ്ങാതെ അക്കരെ എത്തിക്കുമെന്ന് വീമ്പിളക്കിയ എ. കെ. ആൻറണി ഇന്ന് അപ്പുറത്തുണ്ടോ? എവിടെയാണ്? ഈ സഭയിൽ പോലും അദ്ദേഹത്തെ കാണാനില്ല. അദ്ദേഹം ആകാശത്ത് മഴക്കാറു കണ്ടപ്പോൾ കപ്പൽ നടുക്കടലിൽ ഇട്ടിട്ട് ഓടിപ്പോയിരിക്കുന്നു. 1970-ൽ ഉടലെടുത്ത മുന്നണിയെ തകർക്കുന്നതിനുവേണ്ടി 1977 വരെ വളഞ്ഞ മാർഗ്ഗങ്ങളിൽകൂടി, ജൂഡാസിനെപ്പോലെ പ്രവർത്തനം ചെയ്തിരുന്ന എ. കെ. ആൻറണി മുഖ്യമന്ത്രിപദത്തിൽ വന്നപ്പോൾ ആ മുന്നണിയിലെ ഘടകകക്ഷികളിലെ സഹോദരങ്ങളെ പുറത്താക്കിക്കൊണ്ട് വഞ്ചിക്കുകയാണ് അദ്ദേഹം ചെയ്തത്. അതുകൊണ്ട് നിങ്ങളുടെ നേതാവിനെ ഇനിയും സൂക്ഷിക്കണമെന്ന് അന്ന് ഞാൻ പറഞ്ഞതാണ്. നടുക്കടലിൽ എത്തിയപ്പോൾ പങ്കായം വലിച്ചെറിഞ്ഞുകൊണ്ട് ഓടിപ്പോയ അമരക്കാരൻ ഇന്ന് നമ്പൂതിരിപ്പാടാകുന്ന വൈയ്ക്കോൽ തുരുമ്പിൽ പിടിച്ച് നീന്തി രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. അവിടെയിരുന്ന് ആ നൗകയിൽ സഞ്ചരിച്ചിരുന്ന പി. കെ. വാസുദേവൻനായർ ഓടിക്കയറി മുങ്ങാതെ നൗകയെ തുഴയുകയാണ്. അത് അക്കരെ എത്തണമെങ്കിൽ പരിചയമുള്ളവർ തുഴയണം. ശക്തിയുള്ളവർ തുഴയണം. നിങ്ങൾക്ക് അതിന് ശക്തിയില്ല. നിങ്ങളുടെ പങ്കായത്തിന് ആ ശക്തിയില്ലെന്ന് തിരുവനന്തപുരം ഈസ്ററ് നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പു തെളിയിച്ചിരിക്കുകയാണ്. നിങ്ങൾ എല്ലാവരുംകൂടിയാണല്ലോ അന്നു നേരിട്ടത്. നിങ്ങൾ ഐക്യമുന്നണിയിൽനിന്നും പുറത്താക്കിയ എൻ. ഡി. പി. യുമായി യോജിച്ചാണ് ഞങ്ങൾ തിരഞ്ഞെടുപ്പിനെ നേരിട്ടത്. നിങ്ങളുടെ കൂടെ എല്ലാവരും ഉണ്ടായിരുന്നു. കൂടാതെ വെള്ളാള മഹാസഭ, അണ്ണാ ഡി. എം. കെ., എസ്. ആർ. പി. ഇങ്ങനെ പേരറിയാൻ പാടില്ലാത്ത പലരും നിങ്ങളോടൊപ്പം ഉണ്ടായിരുന്നു. എന്നിട്ടും 30 ശതമാനം വോട്ട് നിങ്ങൾക്ക് കിട്ടിയുള്ളൂ. പ്രതിപക്ഷത്തിന് 70 ശതമാനമുണ്ട്. ഞങ്ങൾക്ക് മാത്രം 34 ശതമാനമുണ്ട്. നിങ്ങൾ ഒന്ന് ആലോചിക്കണം. 1977-ലെ മുന്നണിക്ക് തിരുവനന്തപുരം ഈസ്ററിൽ ഇപ്പോഴും മാൻഡേററുണ്ട്. 64 ശതമാനം വോട്ടുണ്ട്. അന്നത്തെ ജനാധിപത്യമുന്നണിക്ക് 64 ശതമാനം വോട്ടുണ്ട്. എന്നാൽ അതേ സമയം മാർക്സിസ്ററ് ജനതാ മുന്നണിക്ക് അന്നത്തേക്കാൾ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. അവിടെ തന്നെ നിൽക്കുന്നു. 1977-ലെ അവസ്ഥയിൽത്തന്നെ മാർക്സിസ്ററ് ജനതാമുന്നണി നിൽക്കുകയാണ്; മുന്നോട്ടുപോയിട്ടില്ല. ജനാധിപത്യ മുന്നണി വളർന്നു. 54 ശതമാനത്തിൽനിന്ന് 64 ശതമാനമായി; തിരുവനന്തപുരം ഈസ്ററു നിയോജകമണ്ഡലത്തിൽ വളർന്നിരിക്കുന്നു. ഈ മാൻഡേററ് ഉൾക്കൊള്ളാൻ നിങ്ങൾ തയ്യാറുണ്ടോ? ഈ മാൻഡേററ് ഉൾക്കൊള്ളണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ഞങ്ങളുടെ നേതാവ് കെ. എം. ചാണ്ടി കരുണാകരൻെറ കേസ് വിട്ടപ്പോൾ മുഖ്യമന്ത്രി സ്ഥാനം തിരിച്ചേൽപ്പിക്കണമെന്ന് പറഞ്ഞു. ഒരു പ്രസ്താവന നടത്തി. ഞങ്ങൾക്ക് മുഖ്യമന്ത്രി കസേരയിൽ ചാടിക്കയറി ചടഞ്ഞിരിക്കാൻ ആഗ്രഹമുള്ളതു കൊണ്ടല്ല അത് പറഞ്ഞത്. നിങ്ങൾ വാക്കു പാലിക്കുമോ എന്ന് അറിയാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ്. നിങ്ങൾ വാക്ക് പാലിക്കുന്നവരല്ലെന്ന് ഈ രാജ്യത്തെ ജനങ്ങളെ ഒരിക്കൽകൂടി ബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ ആ അവസരം ഉപയോഗിച്ചതാണ്. നിങ്ങൾ വഞ്ചനയുടെ പ്രതീകമാണെന്ന് ഈ രാജ്യത്തെ ജനങ്ങളെ ഒരിക്കൽകൂടി ബോദ്ധ്യപ്പെടുത്തി. 1977-ൽ തിരഞ്ഞെടുപ്പു കഴിഞ്ഞു വന്നു ഐക്യമുന്നണിയുടെ നേതാവായി, സഭാ നേതാവായി കരുണാകരൻ ഐക്യകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. കരുണാകരനെക്കുറിച്ച് കോടതിയിൽനിന്ന് ഒരു പരാമർശനമുണ്ടായപ്പോൾ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപിടിച്ചുകൊണ്ട് രാജിവച്ച് തന്റെ നിരപരാധിത്വം തെളിയിക്കാൻ ശ്രീ. കരുണാകരൻ മുന്നോട്ടുവന്നു. അദ്ദേഹം മുന്നോട്ടുവന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രിയായി ഒരു ഇടക്കാല ഏർപ്പാടെന്ന നിലയിൽ എം. എൽ. എ. അല്ലാത്ത എ. കെ. ആന്റണിയെ കെ. പി. സി. സി. അദ്ധ്യക്ഷൻ എന്ന നിലയ്ക്ക് മുഖ്യമന്ത്രിയാക്കി. അന്നത്തെ പാർലമെന്ററി പാർട്ടിയിൽ എ. കെ. ആന്റണിയുടെ പ്രസംഗം നിങ്ങൾ ഓർക്കുന്നില്ലേ? ''കരുണാകരന് എത്രയും വേഗം കേസ് തീർന്ന് തന്റെ ചുമതല ഏറ്റെടുക്കാൻ അദ്ദേഹത്തിന് കഴിയുമാറാകട്ടെ'' എന്ന് അനുഗ്രഹിച്ചുകൊണ്ട് ഏറ്റെടുത്ത ആ ഉത്തരവാദിത്വം വഞ്ചനാപരമായ രീതിയിൽ പുറംവാതിലിൽകൂടി കൊണ്ടുപോയി പി. കെ. വാസുദേവൻനായരുടെ കയ്യിൽ ഏൽപ്പിച്ച എ. കെ. ആന്റണിയുടേയും അപ്പുറത്തിരിക്കുന്ന കോൺഗ്രസുകാരുടേയും കുറുമുന്നണിയുടേയും വഞ്ചനാപരമായ നിലപാട് ഈ രാജ്യത്തെ ജനങ്ങളെ ഒരിക്കൽകൂടി ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണ് ഈ ആവശ്യവുമായി ഞങ്ങൾ മുന്നോട്ടുവന്നത്. അല്ലാതെ ഈ കുറുമുന്നണിയുടെ മുങ്ങുന്ന നൗക തുഴയാൻ ഞങ്ങളുടെ നേതാവിനെ കിട്ടുകയില്ല; അതിന് ആഗ്രഹവുമില്ല. അതിനുവേണ്ടി ശ്രമിക്കുന്നുമില്ല. ഞങ്ങൾ ഒരു പുതിയ മുന്നണിയെക്കുറിച്ച് പറഞ്ഞു. നേരാണ്. എന്താണ് പുതിയ മുന്നണി? ഞങ്ങൾ തിരുവനന്തപുരം ഈസ്റ്റ് തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ജനങ്ങളുടെ വിധി മാനിച്ചുകൊണ്ട് പറഞ്ഞു. ജനതാപാർട്ടിയിലെ ജനസംഘത്തിനെതിരായി, മതേതരത്വ വിരുദ്ധ ശക്തിയായ ജനസംഘത്തിനെതിരായി, ഈ രാജ്യത്തെ ജനാധിപത്യവിരുദ്ധ ശക്തികൾക്കെതിരായി, ഏകാധിപത്യ പ്രവണതയുടെ ഉടമയായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി ഈ രാജ്യത്ത് ഒരു ജനാധിപത്യ മുന്നണി ഉയർന്നുവരണമെന്ന് ഞങ്ങൾ മുന്നോട്ടുവച്ച ആശയത്തിലേക്ക് നിങ്ങളിൽ പലരും കടന്നു വരുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. പക്ഷേ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞ മുന്നണി അതല്ല. ആ മുന്നണിയെക്കുറിച്ച് നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട്. രണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്പൂതിരിപ്പാട് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

''ഇന്ദിരാ കോൺഗ്രസിനും ജനതാപാർട്ടിയിലെ ആർ. എസ്. എസിനും എതിരായി എല്ലാശക്തികളും യോജിച്ചുകൊണ്ടുള്ള ഒരു ചേരിയാണ് ഇപ്പോൾ രൂപപ്പെട്ടുവരുന്നതെന്ന് അദ്ദേഹം പറഞ്ഞു. യു. പി. യിൽ ഇതുവരെ ഒന്നിച്ചുനിന്ന ബി. എൽ. ഡി. യും ജനസംഘവും തമ്മിൽ തെറ്റിപ്പിരിഞ്ഞു. ഇത് വസ്തുനിഷ്ഠമായ ഒരു സംഭവവികാസമാണെന്ന് അദ്ദേഹം പറഞ്ഞു. സി. പി. ഐ. ദേശീയകൗൺസിൽ ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ട്'' എന്നും അദ്ദേഹം പറയുന്നു. യു. പി. യിലെ സംഭവവികാസങ്ങളെ സി. പി. ഐ. നാഷണൽ കൗൺസിൽ സ്വാഗതം ചെയ്തിട്ടുള്ളത് ഒരു മാററമാണ് എന്ന് നമ്പൂതിരിപ്പാട് പറയുന്നു. സി. പി. ഐ. യും ആന്റണിയും നമ്പൂതിരിപ്പാടും ഒരേ നിലയിൽ എത്തിയിരിക്കുന്നു എന്നാണ് നമ്പൂതിരിപ്പാടിന്റെ അഭിപ്രായം. അതിനെയാണ് നമ്പൂതിരിപ്പാട് സ്വാഗതം ചെയ്തിട്ടുള്ളത്. ഈ മുന്നണിയെക്കുറിച്ചാണോ നിങ്ങൾ പറയുന്നത്? നമ്പൂതിരിപ്പാട് അന്നേ ഉണ്ടാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി നമ്പൂതിരിപ്പാട് അന്ന് വിഭാവനം ചെയ്ത മുന്നണി, ആ മുന്നണിയിലേക്ക് സി. പി. ഐ. സ്വരം മാറി ചെന്നിരിക്കുന്നു എന്ന് നമ്പൂതിരിപ്പാട് പറയുന്നു. ആന്റണി സ്വരംമാറി ചെന്നിരിക്കുന്നു എന്നു പറയുന്നു. നമ്പൂതിരിപ്പാടിന്റെ ആ മുന്നണിയെക്കുറിച്ചാണോ നിങ്ങൾ പറയുന്നത്? ഇതിനെക്കാൾ വഞ്ചന വേറെയുണ്ടോ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി 1977-ലെ തിരഞ്ഞെടുപ്പിൽ ഒന്നിച്ചു മത്സരിച്ച് ജയിച്ച് ജനങ്ങളുടെ മാൻഡേറ്റ് നേടിയ നിങ്ങൾ അധികാരക്കൊതിമൂത്താണ് ഇപ്പോൾ മാർക്സിസ്റ്റ് മുന്നണിയിലേക്ക് പോകാൻ തുടങ്ങുന്നത്. ഇത് തികഞ്ഞ ജനവഞ്ചനയാണ്. അതുകൊണ്ട് ഒരിക്കൽകൂടി ഞാൻ ആവർത്തിച്ചുപറയുകയാണ്. ജനതാപാർട്ടിയിലെ ജനസംഘത്തിനെതിരായി മാർക്സിസ്റ്റ് പാർട്ടിക്കെതിരായി ഇൻഡ്യൻ നാഷണൽകോൺഗ്രസ് മുന്നോട്ടുവച്ച മുന്നണിയോടു അനുഭാവം പ്രകടിപ്പിച്ച് നിങ്ങൾ വരുന്നെങ്കിൽ നിങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി എതിർക്കുന്നു.

<u>ശ്രീ. കെ. പി. നൂറുദ്ദീൻ:</u> സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഏററവും സന്തോഷത്തോടും അതിലേറെ അഭിമാനത്തോടുംകൂടി ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ബഡ്ജററ് കമ്മിയില്ലാത്ത മിച്ച ബഡ്ജററ് എന്നതുകൊണ്ടോ ഈ ബഡ്ജററിൽ പുതിയ നികുതിനിർദ്ദേശങ്ങൾ ഇല്ലാത്തതുകൊണ്ടോ മാത്രമല്ല ഇതിനെ അനുകൂലിക്കുന്നത്. കഴിഞ്ഞ കുറെ കാലമായി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെക്കുറിച്ച് ഈ സഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുള്ള ധാരണകളും ചർച്ചകളും വല്ലരെയധികം ആശങ്ക ഉണ്ടാക്കുന്ന വിധത്തിലായിരുന്നു. ചില ഉത്തരവാദപ്പെട്ട പത്രങ്ങൾപോലും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെക്കുറിച്ച ആശങ്ക ഉളവാക്കത്തക്കവിധത്തിലുള്ള വാർത്തകളും റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്തിയിരുന്നു. 1974–75-ൽ ഉണ്ടായിട്ടുള്ള സാമ്പത്തികരംഗത്തെ പ്രയാസങ്ങളായിരിക്കാം ഒരുപക്ഷേ ഇങ്ങനെയുള്ള ആശങ്കകൾ ഉണ്ടാക്കാൻ കാരണമായത്. ഈ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 74–75-ൽ നമ്മുടെ അഞ്ചാം പഞ്ചവൽസരപദ്ധതി തുടങ്ങുമ്പോൾ 31 കോടി രൂപയുടെ കമ്മിയോടുകൂടിയാണ് തുടങ്ങാൻ കഴിഞ്ഞത്. നാലാം പദ്ധതി കാലത്ത് നിലവിലുണ്ടായിരുന്ന ധനകാര്യ കമ്മീഷൻ അവാർഡിലെ അപര്യാപ്തതകൊണ്ടാണ് ഇങ്ങനെ ഉണ്ടായത് എന്നു കാണാൻ കഴിയും. തുടർച്ചയായി ഓവർഡ്രാഫ്ററ് എടുക്കേണ്ടിവന്നതുമൂലം 74-75 സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ നമ്മുടെ പണമിടപാടുകൾ റിസർവ്വ് ബാങ്ക് താൽക്കാലികമായി നിറുത്തിവയ്ക്കാൻ നിർദ്ദേശം കൊടുത്തു എന്ന വാർത്ത കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും വലിയ ഭയാശങ്കയോടുകൂടിയാണ് അന്നു കേൾക്കാൻ ഇടയായത്. കേരളത്തിലെ ജനങ്ങൾ ഒടുവിൽ ഇങ്ങനെ സാമ്പത്തിക നില അപകടത്തിൽ പോകുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ മൂത്തുമൂത്ത് വലിയ അപകടം ഈ രംഗത്ത് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്ന് കേന്ദ്രത്തിൽനിന്നു ലഭിക്കേണ്ടുന്ന വിഹിതത്തിൽനിന്ന് ഒരുഭാഗം അഡ്വാൻസ് വാങ്ങിച്ചുകൊണ്ടാണ് അന്നത്തെ പ്രതിസന്ധിക്കു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞത്. ഈ അവസരത്തിൽ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ അന്നത്തെ 31 കോടി രൂപ കമ്മിയുടെ സ്ഥാനത്ത് കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി നാലുകോടി രൂപയുടെ മിച്ചം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് കേരളത്തിലെ ഓരോ പൗരനും അഭിമാനിക്കാൻ കഴിയുന്ന ഒരു വസ്തുതയാണ്. അഞ്ചുകൊല്ലക്കാലം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് 55 കോടി രൂപയുടെ വർദ്ധനവാണ് സാമ്പത്തികരംഗത്ത് നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാവിയുടെ ഭദ്രത ശോഭനമാണെന്നും ആശങ്കയ്ക്ക് വകയില്ലാത്തതാണെന്നും വ്യക്തമാക്കുന്ന വസ്തുതകളാണ്. ഈ വർദ്ധനവുണ്ടായിട്ടുള്ളത് പദ്ധതികളിൽനിന്നോ മററു ചെലവുകളിൽ നിന്നോ കാര്യമായ വെട്ടിക്കുറച്ചിൽ വരുത്തിയിട്ടല്ല. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായതുപോലെയോ അതിനെക്കാൾ കൂടുതലായ തുക നീക്കിവെച്ച അവസ്ഥയാണ് ഈ രംഗത്ത് ഉണ്ടായിട്ടുള്ളത്. 563 കോടി രൂപയുടെ പദ്ധതിവിഹിതമാണ് അന്ന് ഉണ്ടായിട്ടുള്ളതെങ്കിൽ ഇന്ന് അത് 650 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് സാമ്പത്തിക രംഗത്തെ ആശങ്കകൾ നമ്മുടെ സംസ്ഥാനത്ത് ഇല്ലാതായിത്തീർന്നിരിക്കുന്നു എന്നാണ്. ഇതെല്ലാമായിട്ടും സാമ്പത്തികരംഗത്ത് ഇത്രയെല്ലാം നേട്ടമുണ്ടായിട്ടും നമ്മുടെ പ്രതിപക്ഷത്തെ സുഹൃത്തുക്കൾ എല്ലാ കാലങ്ങളിലും ചെയ്യാറുള്ളതുപോലെ തികച്ചും നിഷേധാത്മകമായ യാഥാർത്ഥ്യവിരുദ്ധമായ കാഴ്ചപ്പാടിലൂടെയും സമീപനത്തിലൂടെയുമാണ് ഈ ബഡ്ജററിനെയും നോക്കിക്കാണുന്നതെന്നത് വളരെ ഖേദകരമായ ഒരു കാര്യമാണ്.

സർ, കേന്ദ്രത്തിലെ ജനതാ സർക്കാർ മനുഷ്യരുപയോഗിക്കുന്ന എല്ലാ സാധനങ്ങൾക്കും പുതിയ നികുതികൾ ചുമത്തി. പിഞ്ചുകുട്ടികൾ ഉപയോഗിക്കുന്ന മിഠായിക്കുപോലും നികുതി ചുമത്തി; അതുപോലും (മിഠായി) പിഞ്ചുകുട്ടികളിൽനിന്നും തട്ടിതെറിപ്പിച്ച സ്ഥാനത്ത് കേരളത്തിലെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിൽ ഒരു നയാപൈസയുടെ പോലും നികുതി ചുമത്താതെ കുറേയേറെ സഹായങ്ങൾ ഏററവും ദുർബല വിഭാഗങ്ങൾക്ക് നൽകാൻ മുന്നോട്ടുവന്ന ഈ ഗവൺമെൻറിനെ നോക്കി എതിർക്കാനുള്ള മന:സാക്ഷി വാസ്തവത്തിൽ വളരെ ക്രൂരമായിപ്പോയി എന്നുമാത്രമേ ഞാൻ ആ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നുള്ളു. അതുപോലെ പുതിയ നികുതികൾ ചുമത്തിയില്ലെന്നുമാത്രമല്ല കേന്ദ്രത്തിൽ 681 കോടി രൂപയുടെ നികുതി ചുമത്തി അവിടെ അതിന്റെ സഹായങ്ങൾ ചെയ്തു കൊടുത്തിട്ടുള്ളത് സമ്പന്നൻമാരായ ധനികൻമാരായ മുതലാളിമാർക്കും കൃഷിക്കാർക്കുമാണെങ്കിൽ ഇവിടെ നികുതി ചുമത്താതെ, പദ്ധതി പ്രവർത്തനങ്ങളിലൊന്നും വെട്ടിക്കുറയ്ക്കൽ വരുത്താതെ പിശുക്കി പിശുക്കി മിച്ചംവച്ച് ഈ രാജ്യത്തെ അവശൻമാരുടെയും ആർത്തൻമാരുടെയും ആലംബഹീനൻമാരുടെയും കണ്ണീരൊപ്പാനുള്ള മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച ധനകാര്യമന്ത്രിയേയും കേരള ഗവൺമെൻറിനേയും എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. കുടികിടപ്പുകാർ, അഗതികൾ, പെൻഷൻ പററുന്നവർ, സമരസേനാനികൾ, പാർട്ട്ടൈം ജീവനക്കാർ, അനാഥക്കുട്ടികൾ, മററ് ഉച്ചക്കഞ്ഞിക്കു വകയില്ലാത്ത കുട്ടികൾ, കൃഷിക്കാർ എന്നിങ്ങനെയുള്ള സമുദായത്തിന്റെ ഏററവും അടിത്തട്ടിൽ കഴിയുന്ന പാവപ്പെട്ടവർക്കുവേണ്ടി ഉണ്ടായിട്ടുള്ള ക്ഷേമ പദ്ധതികളെപ്പോലും കാണാതെ അതിനെ കണ്ണടച്ച് ഇരുട്ടാക്കുന്നത് ലജ്ജാകരമാണു സർ.

അതുപോലെതന്നെ ഞാൻ ഇവിടെ കാണുന്ന ഏററവും ദൗർഭാഗ്യകരമായ അവസ്ഥ ബഡ്ജററിൽ കമ്മി ഉണ്ടായാൽ അത് തെററ്, മിച്ചമുണ്ടായാൽ അതു തെററ്, നികുതി കൂട്ടി കൂടുതൽ ചുമത്തിയാൽ അതു തെററ്, നികുതി ചുമത്താതിരുന്നാൽ അത് തെററ് ആനുകൂല്യങ്ങൾ കൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

അത് തെററ്, കൊടുക്കാതിരുന്നാൽ അതു തെററ് ഇങ്ങനെയുണ്ടോ ഒരു ഇരട്ടത്താപ്പുനയം, ഇതു വാസ്തവത്തിൽ ക്രിയാത്മകമായ ഒരു പ്രതിപക്ഷത്തിനു യോജിച്ചതല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഇതെല്ലാം പറയുന്ന അവസരത്തിൽ നമ്മുടെ ഈ ബഡ്ജററിനെക്കുറിച്ചുള്ള ചർച്ച തുടങ്ങിവച്ചുകൊണ്ട് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ഓർക്കുകയാണ്. ഇത്രമാത്രം നിരുത്തരവാദപരമായ ഇത്രമാത്രം അപമാനകരമായ, ഇത്രമാത്രം സത്യവിരുദ്ധമായ ഒരു വാക്ക് ശ്രീ. വക്കത്തിനല്ലാതെ മററാർക്കും പറയാൻ കഴിയുകയില്ല.

സർ, ഇവിടെ ഒരു പുതിയ വാർത്താ ഏജൻസി വന്നതാണ് കാര്യം. സമാചാർ ഭാരതി എന്നു പറയുന്ന വാർത്താ ഏജൻസി ഉണ്ടായത് വീക്ഷണത്തേയും ധനകാര്യമന്ത്രിയുടെ മകനേയും സഹായിക്കാൻ ഉപകരിക്കുന്നതുകൊണ്ട് ഈ ബഡ്ജററിൽ അതിന് പ്രോൽസാഹനം നൽകുന്നതിനെക്കുറിച്ച് ഒക്കെ അദ്ദേഹം പറഞ്ഞു. വാസ്തവത്തിൽ കാര്യത്തെക്കുറിച്ച് വിവരമില്ലെങ്കിൽ അന്വേഷിച്ചു പറയണം. ബഹുമാനപ്പെട്ട വക്കത്തിനെല്ലാം അൽപ്പം വിവരമുണ്ടെന്നായിരുന്നു ഞാൻ ധരിച്ചിരുന്നത്. കോൺഗ്രസ്സിലും പിന്നീട് ഐ-യിലേക്കും പോകുന്നതിനു മുൻപ് ആർ. എസ്. പി. പ്രസ്ഥാനത്തിലൊക്കെ പ്രവർത്തിച്ച ആളെന്ന നിലയിൽ അൽപ്പസ്വൽപ്പം വിവരമെല്ലാം അവിടുന്ന് സംഭരിച്ചിട്ടുണ്ടാവുമെന്നാണ് ഞാൻ തെററിദ്ധരിച്ചിരുന്നത്. എന്താണു സർ ഈ പറഞ്ഞ സമാചാർ ഭാരതിയുടെ കാര്യം. സമാചാർ ഭാരതി എന്നു പറയുന്ന ന്യൂസ് ഏജൻസി ഇന്നും ഇന്നലെയും ഉണ്ടായതല്ല. 1965-ലാണ് ഇത് ഉൽഘാടനം ചെയ്യപ്പെട്ടത്. 1975-ൽ കേന്ദ്രത്തിലെ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായ ഗവൺമെൻറ് അഞ്ചുലക്ഷം രൂപ കൊടുത്തിട്ടാണ് അതിനെ ശക്തിപ്പെടുത്തി പ്രവർത്തിപ്പിച്ചത്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. പക്ഷേ അതെങ്ങനെ വീക്ഷണത്തിനു ബാധകമാകും. അതെങ്ങനെ പ്രതാപചന്ദ്രനു ബാധകമാകും. അതാണ് എൻെറ ചോദ്യം. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ധരിച്ചതുപോലെ വീക്ഷണംപത്രം കേരളത്തിലെ ചെറുകിട പത്രമല്ല. വീക്ഷണം പത്രം കേരളത്തിലെ വൻകിട പത്രങ്ങളിൽ പൂർണ്ണമായി ഉൾപ്പെട്ടില്ലെങ്കിൽപ്പോലും വൻകിട പത്രങ്ങൾക്കുള്ള എല്ലാ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പാടുകളുമുള്ള ഒരു പത്രമാണ്. വീക്ഷണം പത്രത്തിൻെറ ആഫീസ് 11 ജില്ലകളിലും ഉണ്ട്. അവിടെയെല്ലാം ഞങ്ങൾക്ക് ജില്ലാ കറസ്പോണ്ടൻറുമാരുണ്ട്. അതുപോലെ മററു സംവിധാനങ്ങളുണ്ട്. അതുകൊണ്ട് വീക്ഷണം പത്രത്തിൻെറ ദൈനംദിന നടത്തിപ്പിനെക്കുറിച്ച് ഇവിടെ പരാതിപ്പെട്ടിട്ടു കാര്യമില്ല. കാരണം ഇതൊരു പബ്ലിക്ക് ലിമിററഡ് കമ്പനിയാണ്. ഇവിടെ പ്രസംഗിച്ച ശ്രീ. വക്കം പുരുഷോത്തമൻ ഉൾപ്പെടെ അതിലെ മെമ്പർമാരാണ്. അതിന് നിയമാനുസൃതമായ നടപടിച്ചട്ടങ്ങളുണ്ട്. അതിൻെറ അകത്തുനിന്നേ ഞങ്ങൾക്കു പ്രവൃത്തിക്കാൻ കഴിയൂ. ഈ പത്രസ്ഥാപനത്തിലെ ജീവനക്കാരുടെ പ്രശ്നമാണെങ്കിൽ അതിലെ ജീവനക്കാർക്ക് സാധാരണ വലിയ പത്രക്കാർക്കുമാത്രം അനുവദിച്ചാൽ മതിയാകുമായിരുന്ന മൂന്നു കൊല്ലം കൂടുമ്പോൾ ജീവനക്കാർക്ക് അംഗീകാരം കൊടുക്കുക, അവരുടെ ശമ്പളം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികളിൽനിന്നുമൊക്കെ ഞങ്ങൾ അതിനെക്കാൾ മുന്നോട്ടുപോയി ഒരുകൊല്ലം പൂർത്തിയായപ്പോൾ നടപ്പാക്കിയ സ്ഥാപനമാണ് സർ വീക്ഷണം. അതുപോലെ വാർത്താ ഏജൻസിയുടെ കാര്യമാണെങ്കിൽ വീക്ഷണത്തിന് ആരംഭകാലംമുതൽതന്നെ പി. ടി. ഐ. ഉണ്ട്. അതുപോലെ കഴിഞ്ഞ രണ്ടുമാസമായി യു. എൻ. ഐ.

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ഇത് ഇന്ത്യയിലെ എല്ലാ വൻകിട പത്രങ്ങൾക്കും ഉപയോഗിക്കുന്നതാണ്. ഇവിടെ ഉണ്ടായിട്ടുള്ള സമാചാർ ഭാരതിയുടെ കാര്യം............

(സഭയിൽ ബഹളം കാരണം ഒന്നും വ്യക്തമായിരുന്നില്ല)

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. സമാചാർ ഭാരതി ന്യൂസ് ഏജൻസി ഗവൺമെന്റിന്റെ കീഴിൽ ആരംഭിച്ച് ചെറുകിട പത്രങ്ങൾക്ക് ന്യൂസ് കൊടുക്കുമെന്ന് ഇവിടെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞു. അതിന്റെ ഉദ്യോഗസ്ഥൻമാരെ നിയമിച്ച് എറണാകുളത്തും കോട്ടയത്തും ടെലിപ്രിൻറു സ്ഥാപിച്ച് കഴിഞ്ഞിരിക്കുമ്പോൾ ശ്രീമാൻ വക്കം പുരുഷോത്തമൻ അതിന്റെ ജോലിക്കാരായി.......

(ബഹളം)

സർ, ഞാൻ പോയൻറിലേക്കു വരികയാണ്. നിയമിച്ച ഉദ്യോഗസ്ഥൻമാർ വീക്ഷണത്തിൽ ഇപ്പോൾ ജോലി ചെയ്യുന്നു. ഉദ്യോഗസ്ഥൻമാരെയാണ് നിയമിച്ചതെന്ന് വ്യക്തമായ ആരോപണം ഉന്നയിച്ചുകൊണ്ട്, അതിന്റെ ചീഫായി വരദരാജൻനായരുടെ മകൻ പ്രതാപചന്ദ്രനെ തിരുവനന്തപുരത്തു നിയമിച്ചിരിക്കുന്നു എന്ന് ആക്ഷേപിച്ചുകൊണ്ടു പറഞ്ഞ സത്യാവസ്ഥ മറച്ചുപിടിക്കുന്നതിന് വീക്ഷണം വലിയ പത്രമാണ് അതു വലിയ കമ്പനിയാണ് എന്നൊക്കെ പറഞ്ഞ് സഭയെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത് ഓർഡറിലാണോ സർ ?

മി. ഡെ: സ്പീക്കർ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. കെ. പി. നൂറുദ്ദീൻ: സമാചാർ ഭാരതിയിലെ വാർത്തകൾ ഞങ്ങൾ എടുക്കുന്നില്ല. മററു സ്ഥാപനങ്ങളിൽനിന്നാണ് എടുക്കുന്നത്; എല്ലാ പത്രങ്ങളും എടുക്കുന്നതുപോലെ. അതുകാരണം ഞങ്ങൾക്കതു ബാധകമല്ല. ശ്രീ. വക്കത്തിന്റെ അറിവിനുവേണ്ടി, ഞാൻ ഒരു കാര്യം പറയാം. ഇനിയും അബദ്ധം പറയാതിരിക്കാൻവേണ്ടി, ഈ പറഞ്ഞ അബദ്ധം തിരുത്താൻവേണ്ടി ഒരുകാര്യം പറയാം.

10 A. M.] കേരളത്തിൽ രണ്ടു സ്ഥലത്തായി സ്ഥാപിച്ചിട്ടുള്ള ഈ ഏജൻസിയുടെ പ്രവർത്തനത്തിന്റെ ഫലമായി വാർത്താസഹായം കിട്ടിയ പത്രങ്ങളുടെ പേരുകളാണ് ഞാൻ വായിക്കുന്നത്. ദയവായി വക്കം അതു കേൾക്കണം. കോട്ടയം-ടൈംസ്, യുവവേദി, കേരളധ്വനി, പൗരധ്വനി, സിന്ദാബാദ്, എറണാകുളം-ജയഹിന്ദ്, കേരളീയൻ, മലബാർ മെയിൽ, പ്രിയംവദ, ടെലക്സ്, ടെർമിനൽ, കേരളനാദം, സമിതി, ഗീത ഇത്രയും പത്രങ്ങൾക്കാണ് വാർത്താ ആനുകൂല്യം. ഇതിൽ എവിടെയാണു വീക്ഷണം വരുന്നത്? യു. എൻ. ഐ. ക്കും പി. ടി. ഐ. ക്കും മലയാളത്തിൽ വാർത്തകൊടുക്കുവാൻ സാദ്ധ്യമല്ല. ഇതു ചെറുകിട പത്രങ്ങളുടെ താൽപര്യം സംരക്ഷിക്കുവാൻവേണ്ടിയാണ്. ഇത് എന്നാണ് ഏർപ്പാടാക്കിയത്? ഞാൻ മനസ്സിലാക്കുന്നത് ഗവൺമെന്റിന്റെ മുന്നിൽ ഈ പ്രൊപ്പോസൽവന്നതു ബഹുമാനപ്പെട്ട വരദരാജൻനായർ മന്ത്രിയാകുന്നതിന് എത്രയോ മുൻപാണെന്നാണ്. അതുപോരാതെ പ്രതാപന്റെ കാര്യം ഇവിടെ പറഞ്ഞു. ഇത്ര വിവരക്കേടു പറയാമോ? ഇത്ര അധഃപതനം സംഭവിക്കാമോ ശ്രീ വക്കത്തിന്? ഒക്ടോബർ 17-ാംതീയതിയാണ് ശ്രീ. പ്രതാപൻ നിയമിതനായത്. ഒക്ടോബർ മാസത്തിൽ അവരുടെ ഏജൻസിക്കുവേണ്ടി അപേക്ഷക്ഷണിച്ചു. അദ്ദേഹം ഞങ്ങളോടുചോദിച്ചു, ഞങ്ങൾ അനുവാദം കൊടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഉദ്യോഗസ്ഥനായി ചേർന്നു. ഇത് ഒക്ടോബർ 17-ാം തീയതിയാണ്. ഒക്ടോബർ 29-ാം തീയതിയാണ് ബഹുമാനപ്പെട്ട വരദരാജൻനായർ ധനകാര്യമന്ത്രിയാകുന്നത്. ഇവിടെ ഒരാം മന്ത്രിയായിരിക്കുമ്പോൾ ഡബിൾ പ്രമോഷൻകൊടുത്തു സ്വന്തം ഭാര്യയെ പ്രൊഫസറാക്കി ഉയർത്തിയ കഥയൊന്നും ഞാൻ ഇവിടെ പറയുന്നില്ല.

[കോൺഗ്രസ് (ഐ) ഭാഗത്തുനിന്നും ബഹളം]

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. നിയമസഭയിലെ ഒരംഗത്തെക്കുറിച്ച് ആരോപണം ഉന്നയിക്കണമെങ്കിൽ സ്പീക്കർക്കു എഴുതിക്കൊടുത്തു മുൻകൂട്ടി അനുവാദം വാങ്ങിക്കണമെന്നുണ്ട്. അങ്ങനെ അനുവാദം വാങ്ങിക്കാതെ ആരോപണം ഉന്നയിക്കുന്നതു ഓർഡറിലാണോ?

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ എന്തെങ്കിലും ആരോപണം ഉന്നയിച്ചോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ ഡബിൾപ്രമോഷൻ കൊടുത്തു ഭാര്യയെ പ്രൊഫസർ ആയി പ്രമോട്ടു ചെയ്ത വസ്തുത പറയുന്നില്ലെന്നാണ് പറഞ്ഞത്.

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, എനിക്കു റൂളിംഗ് വേണം.

[കോൺഗ്രസ് (ഐ) ഭാഗത്തുനിന്നും ബഹളം]

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ അങ്ങനെ പറയുന്നില്ല. പുറത്ത് കേൾക്കുന്ന വിവരങ്ങൾ ഞാൻ ഇവിടെ പറയുന്നില്ല.

(സഭയിൽ ബഹളം)

ശ്രീ. വക്കംപുരുഷോത്തമൻ: ബഹുമാനപ്പെട്ട മന്ത്രിമാർകൂടി അറിഞ്ഞിട്ടാണോ ഇതു പറയുന്നതെന്നു എനിക്കറിയണം.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട നൂറുദ്ദീന്റെ സമയം കഴിഞ്ഞു.

ശ്രീ. വക്കംപുരുഷോത്തമൻ: ഇവിടെയിരിക്കുന്ന മന്ത്രിമാർ ആരെങ്കിലും നൂറുദ്ദീൻ എന്റെ ഭാര്യയെ സംബന്ധിച്ചു പറഞ്ഞവിവരം പറയുകയാണെങ്കിൽ ഇപ്പോൾ രാജിവയ്ക്കാൻ ഞാൻ തയ്യാറാണ്. ഏതെങ്കിലുമൊരു മന്ത്രി പറഞ്ഞാൽ മതി. ശ്രീ. ബേബിജോൺ പറയട്ടെ. ഞാൻ രാജിവയ്ക്കാം.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. എ. പി. കുര്യൻ.

ശ്രീ. എ. പി. കുര്യൻ: സർ, ഈ ബഡ്ജററിനെ ഞാൻ എതിർക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട നൂറുദ്ദീനും ബഹുമാനപ്പെട്ട മുസ്തഫയും ബഹുമാനപ്പെട്ട വക്കംപുരുഷോത്തമനും എല്ലാം നടത്തിയ ഈ വിഴുപ്പലക്കൽ ഇനിയും കുറേക്കാലംകൂടി ഈ നിയമസഭ അനുഭവിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് എനിക്ക് അതിനെക്കുറിച്ചൊന്നും അധികം പറയാനില്ല. പഴയ വെട്ടിപ്പുകളും തട്ടിപ്പുകളും കുംഭകോണങ്ങളും സംബന്ധിച്ച കഥകൾ ഇനിയും പുറത്തുവരാനിരിക്കുന്നതേയുള്ളു. അതിനുവേണ്ടി തീർച്ചയായും ഇതുപോലെയുള്ള പൊതുചർച്ചാവേദികൾ നിങ്ങൾ ഇനിയും ഉപയോഗപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തണമെന്നാണ് ഇക്കാര്യങ്ങൾ കൂടുതൽ അറിയാൻ താൽപ്പര്യമുള്ള ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട നൂറുദ്ദീൻ സ്ഥാപിക്കുവാൻ ശ്രമിച്ചത്, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വരച്ചു കാണിച്ച നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയുടെ ചിത്രമാണ്. സർ, ഇവിടെ അദ്ദേഹത്തിന്റെതന്നെ പ്രസംഗത്തിൽ ഈ സാമൂഹ്യ വികസനപരിപാടികൾക്കു 9 കോടി രൂപയാണ് കണക്കാക്കപ്പെടുന്നത്. അതിനുവേണ്ടി ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളത് കേവലം 3 കോടി രൂപയാണ്. അവശേഷിക്കുന്ന 6 കോടി രൂപകൂടി കൂട്ടിയാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സമ്മതിക്കുന്നുണ്ട് ഉദ്ദേശം 12.5 കോടി രൂപയുടെ കമ്മിവരുമെന്ന്. ഈ കമ്മി നികത്തി ഇതു മിച്ച ബഡ്ജററാക്കാൻ അദ്ദേഹം ഉപയോഗിച്ചിട്ടുള്ള അതിസാമർത്ഥ്യം ചില പ്രധാനപ്പെട്ട വരവുകൾ പ്രതീക്ഷിച്ചുകൊണ്ടാണ്. ഇതിൽ ഒരിനം മദ്യലേലത്തിൽനിന്നും കിട്ടുന്ന അധികവരുമാനമാണ്. ഇപ്പോൾ നടന്ന മദ്യഷോപ്പു ലേലത്തിൽ കുറച്ചു വർദ്ധനവുണ്ടായിട്ടുണ്ട്, യാതൊരു തർക്കവുമില്ല. ഈ വർദ്ധനവുണ്ടാകാൻ പെട്ടെന്നുണ്ടായ സാഹചര്യത്തെക്കുറിച്ച് ഈ സഭയ്ക്ക് നന്നായി അറിയാം. ഇവിടെ മദ്യവ്യവസായത്തിലെ കുത്തകക്കാരായ കോൺട്രാക്ടർമാർ രണ്ടു പക്ഷത്തുതന്നെയുള്ള ചില പ്രത്യേക കക്ഷികളുടെ ഭാഗത്തുനിന്നുകൊണ്ട് ശക്തിയായി മൽസരരംഗത്തുവന്നു. അങ്ങനെ മൽസരരംഗത്തുവന്നതിന്റെ ഫലമായിട്ട് പെട്ടെന്നുയർന്ന ഈ ലേലത്തുക ഇതുപോലെതന്നെ നിൽക്കുമെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞകാല അനുഭവങ്ങൾ അങ്ങനെയാണ്. ഈ ഗവൺമെന്റും ഇതിനുമുൻപുള്ള നിങ്ങളുടെ മുൻഗാമികളും ഈ സംഖ്യകളെല്ലാം, വർദ്ധിപ്പിച്ച തുക ഇളവുചെയ്തു കൊടുത്തിട്ടുണ്ട്. ശ്രീ. വാമദേവന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച് റിപ്പോർട്ടു തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേററ്സ് കമ്മിററിയുടെ റിപ്പോർട്ടിൽതന്നെ തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞപ്രാവശ്യം നടന്ന മദ്യഷോപ്പുലേലത്തിലെ കൃത്രിമങ്ങളെക്കുറിച്ചും വെട്ടിപ്പുകളെക്കുറിച്ചും എല്ലാം വിരൽ ചൂണ്ടിയിട്ടുണ്ട്. ലക്ഷക്കണക്കിനുരൂപ അവിടെ വെട്ടിപ്പ് നടത്തിയെന്നാണ് പറയുന്നത്. ഇതെല്ലാം ഒരു ഭാഗത്തു നടക്കുമ്പോൾ തന്നെ നിങ്ങൾ ഈ ലേലത്തുക ഇനിയും ഇളച്ചുകൊടുക്കുമെന്നു മുൻകാലാനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഇതെല്ലാം കണക്കുകൂട്ടിക്കൊണ്ട് വരദരാജൻ നായർ പ്രതീക്ഷകളുമായി ഇരുന്നാൽ നിങ്ങളുടെ 10 കോടിയിൽപരം മിച്ചംവരുന്ന ബഡ്ജററ് മിച്ച ബഡ്ജററായി കലാശിക്കുകയില്ല. കേന്ദ്രഗവൺമെന്റിന്റെ സഹായം, ധനകാര്യ കമ്മീഷൻ നമ്മുടെ സംസ്ഥാനത്തിനു നൽകിയ പ്രത്യേക പദവി ഇതെല്ലാംകൊണ്ടു മാത്രമാണ് ഇതുപോലെയൊരു ബഡ്ജററ് അവതരിപ്പിക്കുവാൻ സാധിച്ചതെന്നു അദ്ദേഹം തന്നെ ഏററുപറയുന്നുണ്ട്. ഇതെല്ലാം കൂട്ടിയാലും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണോ? കഴിഞ്ഞവർഷം കാഷ്യൂ കോർപ്പറേഷൻ, ഈ ഒരൊററ പൊതുമേഖലാസ്ഥാപനംതന്നെ സുമാർ 23 കോടിരൂപയുടെ നഷ്ടമുണ്ടാക്കിയിട്ടുണ്ട്. അതിൽ രണ്ടുനാലുകോടിരൂപ സംബന്ധിച്ച തർക്കമുണ്ട്. 23 കോടി രൂപയുടെ നഷ്ടം ഈ ഒരൊററ കോർപ്പറേഷൻ ഉണ്ടാക്കി. മാർക്കററിംഗ് ഫെഡറേഷൻ തുടങ്ങിയ മററുപല പൊതുമേഖലാസ്ഥാപനങ്ങളും വേറെ നിരവധി കോടിരൂപയുടെ നഷ്ടമുണ്ടാക്കി. ഇക്കഴിഞ്ഞ കൊല്ലത്തിൽ നമ്മുടെസംസ്ഥാനത്തൊട്ടാകെ പൊതുമേഖലാവ്യവസായസ്ഥാപനങ്ങളുടെ, 56 ഗവൺമെൻറുക്കമ്പനികളുടെ ആകെയുള്ള ആസ്തി ലാഭത്തെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ട് ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. അതിൽ തന്നെ 22 കോടിരൂപയുടെ നഷ്ടമാണ് ഇതഃപര്യന്തം കണക്കാക്കിയിട്ടുള്ളത്. ഇതെല്ലാംകൂടി കണക്കാക്കിയാൽ ഈ സംസ്ഥാനത്തിന്റെ സാമ്പത്തികനില

LIBRARY ARCHIVES Kerala Legislative Assembly

ഭദ്രമാണെന്നാണോ പറയുന്നത്? ബഹുമാനപ്പെട്ട വരദരാജൻ നായർ അക്കാര്യങ്ങളിലേക്കു ഒന്നു കണ്ണോടിക്കണം. ധനകാര്യകമ്മീഷൻ താൽക്കാലികമായി നൽകിയ ചില സഹായങ്ങളുടെ ഫലമായും ചില പ്രതീക്ഷകൾ അർപ്പിച്ചുകൊണ്ടും മിച്ച ബഡ്ജററാണെന്നു പറയുമ്പോൾ തന്നെ ഈ സംസ്ഥാനത്തെ പൊതുമേഖല, കാർഷികമേഖല ഇതെല്ലാം മുരടിക്കുന്നു. ഇതല്ലേ വസ്തുത? കാർഷികമേഖലയെക്കുറിച്ച് എക്കണോമിക് റവ്യു വെളിപ്പെടുത്തുന്ന ചില വിവരങ്ങളുണ്ട്. ഉൽപ്പാദനം ചെറിയ തോതിൽ വർദ്ധിച്ചിട്ടുണ്ടെന്നു പറയുന്നത് നെല്ല്, മരച്ചീനി തുടങ്ങിയ വിഭവങ്ങൾ മാത്രമാണ്. ബാക്കി വിഭവങ്ങളുടെ ഉൽപ്പാദനം കുറഞ്ഞിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തു പരക്കെ തെങ്ങുരോഗം ബാധിച്ചുവരികയാണ്. അതിന്റെ ഫലമായിട്ട് ആ മേഖലയിൽ ഉൽപ്പാദനം കുറഞ്ഞു. ആകെ നെല്ലിന്റെയും മരച്ചീനിയുടെയും മാത്രമാണ് ഉൽപ്പാദനം അൽപ്പംകൂടി എന്ന് എക്കണോമിക് റവ്യു പറയുന്നത്. ഈ ഉൽപ്പാദനം വർദ്ധിച്ചു എന്നു പറയുന്ന നെല്ലിന്റെയും മരച്ചീനിയുടെയും ഉൽപ്പാദനം ഇതുപോലെ നിൽക്കുമോ? ഇവിടെ താങ്ങുവിലയെസംബന്ധിച്ച് പലപ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. അത് അപര്യാപ്തമാണെന്നുള്ളതിനെക്കുറിച്ച് തർക്കം പറയാൻ നെഞ്ചിൽ കൈവച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന ആർക്കും സാദ്ധ്യമല്ല. സന്ദർഭവശാൽ മന്ത്രിയായിപ്പോയി എന്ന കാരണംകൊണ്ട് ബഹുമാനപ്പെട്ട ടി. എസ്. ജോൺ താങ്ങുവിലയെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ അന്തരാത്മാവ് ഈ താങ്ങുവിലയ്ക്കെതിരായാണ് സംസാരിക്കുന്നതെന്നുള്ളതിന് യാതൊരു തർക്കവുമില്ല. സർ, അങ്ങനെ നമ്മുടെ കാർഷികമേഖലയിൽ നെല്ലുകൃഷിക്കാർ തകർന്നുകൊണ്ടിരിക്കുകയാണ്, മരച്ചീനി കൃഷിക്കാർ തകർന്നുകൊണ്ടിരിക്കുകയാണ്.

എന്തിന് ഏറെ, നമ്മുടെ കിഴക്കൻ മേഖലയിലെ ഇഞ്ചികൃഷിക്കാരുടെ സ്ഥിതി എന്താണ്. അവിടെയൊക്കെ തകർച്ചയാണ്. അവിടെയൊക്കെ മുരടിപ്പാണ്. ഈ വസ്തുതകളൊന്നും ബഹുമാനപ്പെട്ട വരദരാജൻ നായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടില്ല. ഇവരെയൊക്കെ രക്ഷിക്കാൻവേണ്ടി കാർഷികമേഖലയിൽ എന്തുചെയ്യുന്നു. ഇതിൽപറഞ്ഞിട്ടുള്ളത് ആകെ മൂന്നു ശതമാനം പലിശ സഹകരണസംഘങ്ങളിൽനിന്നുള്ള ഷോർട്ട് ടേം ലോണിന് ഇളവു ചെയ്തു കൊടുക്കുമെന്നാണ്. അത് തന്നെ കൃത്യമായിട്ട് യാതൊരു മുടക്കവും കൂടാതെ സൊസൈററികളിലേക്ക് പണം അടച്ചുതീർത്താൽ മാത്രമാണ് ഈ മൂന്നു ശതമാനം ഇളവ് പലിശയിൽ ലഭിക്കുക. അതൊക്കെ എത്ര കൃഷിക്കാർക്ക് കഴിയും. ആലോചിക്കേണ്ട കാര്യമാണ്. മററു രംഗങ്ങളിൽ ഒന്നും, ഒരൊററ മേഖലയിലും കാർഷിക രംഗത്ത് ആശ്വാസപരമായ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ ഏതോ ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്തു കണ്ടു. 25 ശതമാനം സബ്സിഡി ഏർപ്പെടുത്തുന്നു രാസവളങ്ങൾക്ക് എന്ന്. ബഡ്ജററു പ്രസംഗം ആകെ ഞാൻ പരിശോധിച്ചു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കർഷകർക്ക് രണ്ടു വർഷങ്ങൾക്ക് മുമ്പ് $12\frac{1}{2}$ ശതമാനം പലിശയായിരുന്നു. ഈ സബ്സിഡികൂടി ആകുമ്പോൾ 8 ശതമാനം പലിശയ്ക്ക് കുടിശ്ശികയില്ലാതെ അടയ്ക്കുന്ന 80 ശതമാനം കൃഷിക്കാർക്ക് പ്രയോജനം കിട്ടുന്നത് നിസ്സാരകാര്യമാണോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. പി. കുര്യൻ:</u> ഇപ്പോഴുള്ളത് 11 ശതമാനമാണ്. 12½ ശതമാനം എന്നു പറയുന്നത് പഴയകാര്യമാണ്. ഞാൻ പണ്ടത്തെ കാര്യമല്ല പറയുന്നത്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായരെപ്പോലെ സഹകാരിയായ ഒരാൾ പെരുപ്പിച്ച് കാണിക്കാൻവേണ്ടി പത്രങ്ങളെയാണ്. അതിൽ നിന്നും കുറച്ചുയെന്ന് പറയുന്നത് ശരിയല്ല. 11-ൽ നിന്നും 3 കുറച്ചുവെന്നുള്ളത് ശരിയാണ്. ആ കുറച്ചതിനും ചില ചരടുകളൊക്കെയുണ്ട്. പക്ഷെ ഇതിലെ വ്യവസ്ഥ കൃത്യമായിപാലിക്കാൻ എത്ര കൃഷിക്കാർക്ക് കഴിയുമെന്നുള്ള കാര്യത്തിലാണ് സംശയം. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ഉദ്ദേശിക്കുന്ന കൃഷിക്കാരിൽ അധികം പേർക്ക് കിട്ടാൻപോകുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. 3 ശതമാനം കുറച്ചതിനെ എതിർക്കുന്നില്ല. അനുകൂലിക്കുന്നു. അനുമോദിക്കുന്നു. അതോടൊപ്പം ഈ ആനുകൂല്യം വളരെപ്പേർക്ക് കിട്ടുകയില്ലായെന്നുള്ള എന്റെ വാദമാണ് ഞാൻ ഉന്നയിക്കുന്നത്.

സർ, ഞാൻ ചുരുക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് സ്പ്രേയർ തുടങ്ങിയ കാർഷികോപകരണങ്ങൾക്ക് കൊടുക്കുന്ന സബ്സിഡി തുടരും എന്നുള്ളതല്ലാതെ 25 ശതമാനം സബ്സിഡി രാസവളങ്ങൾക്ക് കൊടുത്തു എന്ന ധാരണ പരത്താനും ശ്രമിച്ചിട്ടുണ്ട്. അതൊക്കെ തെററാണ്. അങ്ങനെ കാർഷികമേഖലയിൽ കാര്യമായി ഒന്നും ചെയ്യാതെ ഈ മേഖല ആകെ മുരടിക്കുന്നു. ഉത്പാദനം കൂടുതൽ കുറയുന്ന ഒരു സാഹചര്യത്തിലേക്കാണ് ഈ രാജ്യം അതിവേഗത്തിൽ നീങ്ങുന്നത്. ഈ യാഥാർത്ഥ്യം ഒന്നു വിശദമായി പരിശോധിക്കാൻ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ തയ്യാറുണ്ടോ? ഈ ബഡ്ജററിലുള്ള പോരായ്മകൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിലാണ് ഊന്നൽ കൊടുക്കേണ്ടത്. നമ്മുടെ കാർഷികമേഖലയിൽ 85 ശതമാനത്തോളം വരുന്ന കാർഷകരുള്ള ഈ സംസ്ഥാനത്ത് കാർഷികമേഖല മുരടിക്കുകയാണെങ്കിൽ എങ്ങനെ സാമ്പത്തിക ഭദ്രത ഉണ്ടാകുമെന്നാണ് പറയുന്നത്. സാദ്ധ്യമല്ല സർ. ഞാൻ അതു വിശദീകരിക്കുന്നില്ല.

സർ, ഇനി വ്യവസായമേഖലയിലേക്കു കടക്കാം. വ്യവസായ മേഖലയിൽ പൊതുവ്യവസായത്തെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. അവിടെ ഭീമമായ നഷ്ടമാണ്. ഇതിനകത്തും അതു പറയുന്നുണ്ട്. നമ്മുടെ പൊതുമേഖല ആകെ കുഴപ്പത്തിലാണ്. ഈ കുഴപ്പം പരിഹരിക്കാൻ പലതും ചെയ്യുമെന്നു പറഞ്ഞു തുടങ്ങിയിട്ട് എത്രയോ നാളായി. എന്നിട്ട് എന്തു ചെയ്തു? ഹോൾഡിംഗ് കമ്പനി ഉണ്ടാക്കി. ആ ഹോൾഡിംഗ് കമ്പനി ഉണ്ടാക്കിയിട്ട് എന്തെങ്കിലും പുരോഗതി ഈ വ്യവസായങ്ങളുടെ നടത്തിപ്പിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? സർ, ഉണ്ടാക്കാൻ കഴിയുകയില്ല. ഇന്ന് ഓരോ വ്യവസായവും നടത്തുന്നത് ഓരോ വകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രിമാർ നേതൃത്വം കൊടുക്കുന്ന രാഷ്ട്രീയ കക്ഷികളുടെ ഇംഗിതം അനുസരിച്ചാണ്. ആ കക്ഷികളുടെ കറവപശു ആയിട്ടാണ് ഇന്നുള്ള എല്ലാ ഗവൺമെൻറ് കമ്പനികളും കോർപ്പറേഷനുകളും കൊണ്ടുനടക്കുന്നത് എന്ന കുററം ഞാൻ ആരോപിക്കുകയാണ്. ഇത് നിലനിൽക്കുന്നിടത്തോളം കാലം നമ്മുടെ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു ഇഞ്ചുപോലും മുന്നോട്ടുകൊണ്ടുപോകാനോ അഭിവൃദ്ധിപ്പെടുത്താനോ കഴിയുകയില്ല. കോടിക്കണക്കിന് രൂപ ഇനിയും ആ മേഖലയിൽ നഷ്ടമുണ്ടാകാൻ പോകുകയാണ്. സർ, ഇപ്പോൾ നമ്മുടെ മാത്രം നിയന്ത്രണത്തിലല്ലെങ്കിൽ പോലും എഫ്. എ. സി. ടി. അതുപോലെ തന്നെ ടി. സി. സി. ഈ വ്യവസായ സ്ഥാപനങ്ങളുടെ ഒക്കെ സ്ഥിതി വളരെ അപകടകരമാണ്. എഫ്. എ. സി. ടി. യിൽ രണ്ടു ദിവസം മുമ്പുണ്ടായ മരണവും സ്ഫോടനവും

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെ അറിഞ്ഞു. അവിടെ കാര്യമായ യാതൊരു പരിഷ്കാരവും നടത്തുന്നില്ല. അവിടെ ആ വ്യവസായ സ്ഥാപനങ്ങൾ ഡൈവേഴ്സിഫൈ ചെയ്യുകയും അത് എക്സ്പാൻറ് ചെയ്യുകയും ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ എഫ്. എ. സി. ടി., ടി. സി. സി. മുതലായ വ്യവസായ സ്ഥാപനങ്ങൾ ഏറെ താമസിയാതെ അടച്ചു പൂട്ടേണ്ടതായിട്ടു വരും. അത്രയൊ ആപൽക്കരമായ സ്ഥിതിയാണ് നമ്മുടെ രാജ്യത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളത്.

സർ, മററു വ്യവസായങ്ങളുടെ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. പരമ്പരാഗതവ്യവസായങ്ങളുടെ കാര്യം എല്ലാവരും സമ്മതിക്കുന്നതാണ്. കശുവണ്ടി, കൈത്തറി, കയർ, ബീഡി, പനമ്പ മുതലായ വ്യവസായങ്ങളെല്ലാം കുഴപ്പത്തിലാണ്. അതു പരിഹരിക്കാനുള്ള എന്തു പുതിയമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഒന്നുമില്ല. ഇപ്പോൾ ബഹുമാനപ്പെട്ട വാസുദേവൻ നായർ പറയുന്നത് കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനം കൊടുക്കുമെന്ന്. കശുവണ്ടിതൊഴിലാളികൾക്ക് തൊഴിലില്ലാത്ത മാസങ്ങളിൽ തൊഴിലില്ലായ്മ വേതനം കൊടുക്കും. സർ, എന്തു കൊടുക്കും സർ? അതൊന്നുവ്യക്തമാക്കണം. അടുത്ത ദിവസം അദ്ദേഹം അന്തർദ്ദേശിയ കശുവണ്ടി സമ്മേളനത്തിലും ഈ പ്രസംഗം ചെയ്തു. കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലില്ലാത്ത കാലത്ത് വേതനം കൊടുക്കും. എത്രയാണ് കൊടുക്കാൻ പോകുന്നത്? അതിന് എന്ത് വകയിരുത്തിയിട്ടുണ്ട്.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ:) എന്തെങ്കിലും കൊടുക്കാൻ തുടങ്ങിയെന്നല്ലേ?

ശ്രീ. എ. പി. കുര്യൻ: രണ്ടു ലക്ഷത്തിൽപരം ചെറുപ്പക്കാർ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിച്ചിട്ട് അതിൽ 1.7 ലക്ഷം ചെറുപ്പക്കാർ അർഹതപ്പെട്ടവരായി കണ്ടു, സ്ക്രൂട്ടിണിയിലും മററും. അതിൽ എത്ര പേർക്ക് കൊടുത്തു. ബഹുമാനപ്പെട്ട വരദരാജൻനായർ കണക്ക് വെളിപ്പെടുത്തിയില്ല. രണ്ടാം ഗഡുവ് കൊടുക്കുന്നില്ല. കൊടുക്കുന്നില്ലെന്നകാര്യം വ്യക്തമായികഴിഞ്ഞു. എന്നിട്ട് അദ്ദേഹം ഇപ്പോൾ പുതിയ എംപ്ലോയ്മെൻറ് ജനറേഷൻ പദ്ധതിയെസംബന്ധിച്ചാണ് പറയുന്നത്. നമ്മുടെ രാജ്യത്ത് തൊഴിലുണ്ടാക്കുന്നതിനെകുറിച്ച് കഴിഞ്ഞ പത്തുമുപ്പത്തിരണ്ടു വർഷമായി നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, ഒന്നായിരുന്നപ്പോഴുള്ള കോൺഗ്രസും പറയുന്നു. അത്കഴിഞ്ഞിട്ട് കഴിഞ്ഞ രണ്ടുവർഷമായി ജനതാപാർട്ടിയും അതുതന്നെ പറയുന്നു. ഞങ്ങൾ ഇവിടെ തൊഴിലില്ലായ്മ പരിഹരിക്കും. തൊഴിലവസരങ്ങൾ കൂടുതൽ ഉണ്ടാക്കും. എന്നിട്ട് എന്തുണ്ടാക്കി? ഒന്നുമുണ്ടാക്കാൻ പററാത്തതുകൊണ്ട്, തൊഴിലില്ലാത്ത ആളുകളുടെ എണ്ണം പെരുകി വരുന്നതുകൊണ്ട് നമ്മുടെ കണക്കുകൾ അനുസരിച്ച് 10.5 ലക്ഷമാണ്. യഥാർത്ഥ കണക്കിനെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. 18 ലക്ഷത്തോളം വരും; അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ. അതിൽ തന്നെ 50 ശതമാനത്തിലധികം വരുന്ന ചെറുപ്പക്കാർ എസ്.എസ്.എൽ.സി. യും ഉയർന്ന വിദ്യാഭ്യാസവും നേടിയവരുമാണ്. അവർക്കൊന്നും തൊഴിലില്ല. അങ്ങനെയുള്ള ഒരു അപകടഘട്ടത്തിൽ തൊഴിലില്ലായ്മ വേതനം കൊടുക്കാൻ സമ്മർദ്ദത്തിൻെറ ഫലമായിട്ട് തീരുമാനിച്ചു. പശ്ചിമബംഗാളും പഞ്ചാബും ഇത് നടപ്പാക്കികഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷോഭണത്തിലേക്ക് വരുന്ന ഘട്ടത്തിലാണ് നിങ്ങൾ കൊടുക്കാൻ തുടങ്ങിയത്. അങ്ങനെ കൊടുക്കുന്നതുപോലും ഇനി തുടർന്ന് കൊടുക്കുന്നില്ല. ഇനി നിങ്ങൾ എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാം കൊണ്ടുവരാൻ പോകുന്നു എന്നാണ് പറയുന്നത്. എന്താണ് ഈ പ്രോഗ്രാമെന്ന് മനസിലാകുന്നില്ല.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻനായർ): കൊടുക്കുന്നില്ലെന്നു എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. പി. കുര്യൻ: കൊടുക്കുകയില്ലെന്നാണ് അർത്ഥം. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉറപ്പു പറയണം; രണ്ടാം ഗഡുവ് കൊടുക്കും. തുടർച്ചയായിട്ട് ഈ തൊഴിലില്ലായ്മ വേതനം കൊടുക്കുമെന്ന ഉറപ്പു പറയണം. ഇപ്പോൾ മാർച്ച് 20 ആയി. ഇതുവരെ കൊടുത്തിട്ടില്ല. തുടർന്ന് കൊടുക്കുമെന്ന് ഈ സഭയിൽ ഉറപ്പു പറയാൻ തയ്യാറുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ്. തൊഴിലില്ലായ്മ വേതനത്തിൻെറ രണ്ടാം ഗഡുവ് മാർച്ച് 31-ാം തീയതിക്കു മുമ്പായി കൊടുക്കുമെന്ന് ഈ സഭയുടെ മുമ്പിൽ മിനിസ്ററർ അഷ്വർചെയ്തിട്ടുള്ള കാര്യമാണ്. അതിന് യാതൊരു സംശയവുമില്ല. അടുത്ത കൊല്ലവും കൊടുക്കുകതന്നെ ചെയ്യും.

ശ്രീ. എ. പി. കുര്യൻ: അത് കഴിഞ്ഞ എല്ലാ ഗഡുവുകളും കൊടുക്കുമോ? അപേക്ഷ ക്ഷണിച്ച് അർഹതയുള്ള ആളുകൾക്ക് ഇനിയും കൊടുക്കുമോ എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല.

പിന്നെ വേറൊരു സ്കീം, 5 വയസിനു താഴെയുള്ള കുട്ടികളുടെ കാര്യമാണ്. എങ്ങനെയാണ് ഇതു നടപ്പാക്കാൻ പോകുന്നത് എന്നറിയണം. ഇങ്ങനെ കുറെയേറെ പദ്ധതികൾ പറയുന്നു. ഇതെല്ലാം കുറെ കഴിയുമ്പോൾ ഇല്ലാതാകുന്ന പദ്ധതികളാണ്. കഴിഞ്ഞ നാലഞ്ചുവർഷങ്ങൾക്കുമുമ്പ് വിപ്ലവകരമായ പരിപാടി എന്ന നിലയിലാണ് കാർഷികമേഖലയിൽ കൂട്ടുകൃഷി ഫാം കൊണ്ടുവന്നത്. ഇപ്പിത്തോടു പൂട്ടി. മനോരമ പത്രത്തിൽ അതിൻെറ ഒരു ചിത്രം കാണിച്ചിരുന്നു. കൂത്താളി പൂട്ടാൻ പോവുകയാണ്. ബഹുമാനപ്പെട്ട വക്കംപുരുഷോത്തമൻ ആനയും അമ്പാരിയുമൊക്കെയായി കൊട്ടിഘോഷിച്ച് തുടങ്ങിവച്ചതാണ്. അതിപ്പോൾ പൂട്ടി. അതെപ്പററി എ. എൽ. ജേക്കബ്ബിന് അറിയാമോ എന്നെനിക്കറിഞ്ഞുകൂടാ. സർ, പൂട്ടിയിടുമ്പോൾ അവിടത്തെ കൃഷിക്കാർക്ക് എന്തെങ്കിലും വേറെ സംവിധാനം ഉണ്ടാക്കികൊടുത്താൽ അത് മനസ്സിലാക്കാം. അതൊന്നും ചെയ്യാനൊട്ടു ഭാവവുമില്ല. ഇങ്ങനെ നിങ്ങളുടെ പരിപാടികൾ മുഴുവൻ പരാജയമാണ്. നിങ്ങളിവിടെ മനോഹരമായ ഒരു ചിത്രം വരച്ചു കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ എല്ലാ മേഖലകളിലും തൊഴിലില്ലായ്മ വർദ്ധിക്കുന്നു, വ്യവസായങ്ങളാകെ തകർച്ചയിലാകുന്നു, കാർഷികമേഖലയാകെ മുരടിക്കുന്നു. ഇതിൻെറയെല്ലാം അടിസ്ഥാനത്തിൽ ഈ ബഡ്ജററിനെ അനുകൂലിക്കാൻ നിവൃത്തിയില്ല; ഈ ബഡ്ജററിനെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സാഭിമാനം പിൻതാങ്ങുന്നു. ഈ ബഡ്ജററിൽ സ്വാഗതാർഹമായ പല നിർദ്ദേശങ്ങളുമുണ്ട്. നമ്മുടെ നാടിൻെറ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള സമഗ്രമായ പല പദ്ധതികൾക്കും ഈ ബഡ്ജററ് രൂപം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമത്തിനുവേണ്ടിയും ഒട്ടേറെ പദ്ധതികൾ ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു നികുതിയും ചുമത്താതെ, ഒരു പദ്ധതിയും വെട്ടിക്കുറക്കാതെ, ജനങ്ങളിൽ നികുതി ഭാരം അടിച്ചേൽപിക്കാതെ പത്തു കോടി രൂപയുടെ ഒരു മിച്ചബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് എന്നത് പ്രത്യേകം എടുത്തുപറയത്തക്ക ഒന്നാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി ഒന്നു പരിശോധിച്ചാൽ കഴിഞ്ഞ വർഷങ്ങളെക്കാൾ മെച്ചപ്പെട്ട ഒരു സാഹചര്യമാണുള്ളതെന്ന് കാണാൻ കഴിയും. കഴിഞ്ഞ വർഷം നമുക്ക് ഓവർഡ്രാഫ്ട് എടുക്കേണ്ട സാഹചര്യമേ ഉണ്ടായില്ല. അഖിലേന്ത്യാ വില നിലവാരം 4.4 ആയിരുന്നപ്പോൾ അതു മൂന്നുശതമാനം പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞു. കാർഷികവിളകളുടെ വർദ്ധനവ് 6.5 ശതമാനമായിരുന്നു കഴിഞ്ഞ വർഷം. കർശനമായ സാമ്പത്തിക അച്ചടക്കവും ചെലവു ചുരുക്കലും എല്ലാം ഏർപ്പെടുത്തിയതിന്റെ ഫലമായി വളരെ മെച്ചപ്പെട്ട ഒരു സാമ്പത്തിക സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നു എന്നുള്ളത് അഭിമാനാർഹമായ ഒരു കാര്യമാണ്. സർ, കേന്ദ്ര ഗവൺമെന്റ് അടുത്തകാലത്ത് അവതരിപ്പിച്ച ബഡ്ജററ് വമ്പിച്ച പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ പോകുകയാണ്, സാമ്പത്തിക വിദഗ്ദ്ധൻമാരുടെ അഭിപ്രായത്തിൽ കേന്ദ്ര ബഡ്ജാറിന്റെ ഫലമായി ഒരു രൂപ മാർക്കററിൽ കൊണ്ടുപോകുന്ന ഒരാൾക്ക് 30 പൈസയുടെ കുറവ് അനുഭവപ്പെടും. നികുതി നിരക്കുകളുടെ കാര്യം ലോകമൊട്ടാകെ പരിശോധിച്ചാൽ ഇൻഡ്യയ്ക്ക് 22-ാമത്തെ സ്ഥാനമാണ്. ചരൺസിംഗിന്റെ ബഡ്ജററ് വന്നതിനുശേഷം നമ്മുടെ പട്ടണത്തിലെ സാധാരണക്കാരന്റെ നികുതി അൻപത്തിയഞ്ചു ശതമാനം വരെ എത്തിയിരിക്കുന്നു. നികുതി ചുമത്തുന്നകാര്യത്തിൽ ലോകത്ത് ഒന്നാം സ്ഥാനത്തുനിന്നിരുന്നത് (കഴിഞ്ഞ വർഷം വരെ) വികസിത മുതലാളിത്തരാജ്യമായ പടിഞ്ഞാറൻ ജർമ്മനിയായിരുന്നെങ്കിൽ ഇന്ന് അവികസിതരാജ്യമായ ഇൻഡ്യയാണ്. നമ്മുടെ രാജ്യത്തെ സാധാരണക്കാരെ പട്ടിണിപാവങ്ങളെ, ഏഴുലക്ഷത്തോളം വരുന്ന ഗ്രാമങ്ങളിലെ ദരിദ്ര കൃഷിക്കാരെ ഒക്കെ ചൂഷണം ചെയ്ത്, അവരുടെ മേൽ നികുതി അടിച്ചേൽപിച്ച്, അവരുടെ ചെലവിൽ ഈ രാജ്യത്ത് വൻകിട മുതലാളിമാർക്കും ജന്മിമാർക്കും വളരാനുള്ള രാജപാത ഒരുക്കിയിരിക്കുകയാണ് ചരൺസിംഗും കൂട്ടരും.

സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെക്കുറിച്ചും ഈ ഗവൺമെന്റിനെ കുറിച്ചുമൊക്കെയുള്ള മാർക്സിസ്ററ് പാർട്ടിയുടെ വിമർശനം ഞാൻ കേട്ടു. അവരുടെ അഖിലേന്ത്യാ നേതാവായ രണദിവേ മുതൽ ഇപ്പോൾ പ്രസംഗിച്ച കുര്യൻവരെയുള്ളവരുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. കഴിഞ്ഞ വർഷം ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞു, പശ്ചിമബംഗാളും കേരളവും തമ്മിൽ ഒരു മത്സരത്തിന് തയ്യാററാണ് എന്ന്. അതൊന്നു പരിശോധിക്കാൻ ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഇ. എം. എസ്. നോടും കുര്യനോടും ഞാനാവശ്യപ്പെടുകയാണ്. കാർഷികരംഗത്തെ ഖലയിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ലെന്ന് സഖാവ് കുര്യൻ പറഞ്ഞു. ജന്മിത്തം അവസാനിപ്പിച്ച്, കുടികിടപ്പുകാർക്കും സാധാരണ കൃഷിക്കാർക്കുമൊക്കെ ഭൂമി കൊടുത്ത, കിടപ്പാടം കൊടുത്ത ഒരു കാർഷിക ബന്ധ ബിൽ ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കാർഷികവിളവിനെ ലക്ഷ്യമാക്കിക്കൊണ്ട് ഉൽപാദനം വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യംവച്ചുകൊണ്ട് ഈ സംസ്ഥാനത്തെ കൃഷിക്കാർക്ക് ഇൻഡ്യയിലെ ഏതൊരു സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഈബഡ്ജററിൽവാഗ്ദാനം ചെയ്തിട്ടുണ്ട്. 3 ശതമാനം പലിശ ഇളവ് ചെയ്യുകയെന്നു പറയുന്നത് ഒരു വലിയ കാര്യമാണോ എന്ന് സഖാവ് കുര്യൻ ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അതൊരു ചെറിയകാര്യമല്ല. പാവപ്പെട്ടവൻ കുടിശ്ശിക വരുത്തുകയില്ല. കുടിശ്ശിക വരുത്തുന്നതൊക്കെ വലിയ കൃഷിക്കാരാണ്. സർ, ഇവിടെ വൻതോതിൽ ജലസേചനസൗകര്യങ്ങൾ ഉണ്ടാകാൻ പോകുന്നു. ഇട കൃഷിക്ക് ധാരാളം സൗകര്യം ചെയ്തുകൊടുക്കുന്നു. അതുപോലെതന്നെ ലക്ഷക്കണക്കിന് രൂപ ഇവിടുത്തെ കൃഷിക്കാരുടെ ഉന്നമനത്തിനുവേണ്ടി, കാർഷിക വിളകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊടുക്കാൻ പോകുകയാണ്. പശ്ചിമബംഗാളിൽ കാർഷിക പരിഷ്കരണം ഇല്ല. ഒരു കർഷകതൊഴിലാളിക്ക് 3 രൂപ 50 പൈസയാണ് അവിടെ കൂലി. ഇവിടെ 8 (എട്ട്) രൂപ. ഇവിടെ ശമ്പളപരിഷ്കാരം വന്നപ്പോൾ ജീവനക്കാർക്കു കേന്ദ്ര ഡി. എ. മുഴുവനും കൊടുത്തു, അവിടെ മുഴുവൻ കൊടുക്കുന്നതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കയാണ്. ഇവിടെ കണ്ടിൻജൻസി ജീവനക്കാർക്ക് ഗ്രാററുവിററി കൊടുത്തു. അവിടെ പ്രൊഫഷണൽ ടാക്സിനു പുറമെ മറെറാരു അഡീഷണൽ പ്രൊഫഷണൽ ടാക്സ്കൂടി വന്നിരിക്കുകയാണ്. അങ്ങനെ ലക്ഷക്കണക്കിന് വരുന്ന സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ മേൽ നികുതിഭാരം ചുമത്തിയ ബാസുവിൻെറ ഗവൺമെൻറിനെപ്പററി ഇ. എം. എസിന് ഒന്നും പറയാനില്ലേ ? ജനതക്കൊന്നും പറയാനില്ലേ ?

ശ്രീ. എ. പി. കുര്യൻ : ഈ അടുത്തകാലത്ത് പശ്ചിമബംഗാളിലെ ഗവൺമെൻറ് തൊഴിൽ സമരങ്ങളിൽ ഇടപെട്ട് അവിടുത്തെ ചണമിൽ തൊഴിലാളികളുടെ സമരത്തിലും ഗവൺമെൻറ് പ്രസ് ജീവനക്കാരുടെസമരത്തിലും ഗവൺമെൻറ് തൊഴിലാളികളുടെ ആവശ്യങ്ങളുടെ ഭാഗത്താണ് എന്നു പറഞ്ഞു ശക്തമായ നിലപാട് സ്വീകരിച്ചു. ആ നിലപാട് ഈ ഗവൺമെൻറിനെകൊണ്ട് എടുപ്പിക്കാൻ ബഹുമാനപ്പെട്ട ശ്രീനിവാസൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. ശ്രീനിവാസൻ : ഞാൻ അതൊരു വെല്ലുവിളിയായി സ്വീകരിക്കുന്നു, ചിലകാര്യങ്ങളിൽ. അവിടെ അഭയാർത്ഥികളുടെ നേരെ വെടിവെയ്പ്പു നടന്നു. അതെപ്പററി അന്വേഷണം നടത്തണമെന്ന് ജനതാ പാർട്ടിക്കാരും കോൺഗ്രസ്സുകാരും സി. പി. ഐ. കാരും പറഞ്ഞു. ജോതിബാസു പറഞ്ഞു സാധ്യമല്ല എന്ന്. അതുപോലെ പത്രപ്രവർത്തകരെ അറസ്ററു ചെയ്തു. എന്നിട്ടിവിടെനിന്ന് വെല്ലുവിളിക്കുകയാണ്. കൃഷിക്കാരുടെ കാര്യത്തിൽ ആ വെല്ലുവിളി സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. നിങ്ങൾ തയ്യാറാകുമോ ? ഇവിടെ നടപ്പിലാക്കിയതിൻെറ പത്തിലൊരുഭാഗം നിങ്ങൾ പശ്ചിമബംഗാളിൽ നടത്താൻ തയ്യാറായോ ? സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ കാര്യമായാലുംശരി കൃഷിക്കാരുടെ കാര്യമായാലും സംഘടിത തൊഴിലാളികളുടെ കാര്യത്തിലായാലും ശരി നിങ്ങൾ ഒരു മണ്ണാങ്കട്ടയും ചെയ്തിട്ടില്ല.

പൊതുമേഖലാവ്യവസായങ്ങളെപ്പററി കുര്യൻ വളരെയേറെ പറഞ്ഞു. മാർക്സിസ്ററ്പാർട്ടി നേതാക്കൻമാർ............

(സഭയിൽ ബഹളം)

ഇവിടത്തെ പൊതുമേഖലയെപ്പററി ആക്ഷേപം, കോർപ്പറേഷനുകളെപ്പററി ആക്ഷേപം. സർ, ആരോഗ്യപരമായ വിമർശനം നടക്കുന്നത നല്ലതാണ്; അതിൽ അഭിപ്രായവ്യത്യാസമില്ല. കാഷ്യു കോർപ്പറേഷനെപ്പററി ആക്ഷേപം പറഞ്ഞു. ഈ സംസ്ഥാനത്ത് കടിവറുപ്പ് ഏർപ്പെടുത്തി വ്യവസായം മുഴുവൻ തമിഴ്നാട്ടിൽ കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ അവിടെ കാഷ്യു കോർപ്പറേഷൻ വന്നു; കുറെ ഫാക്ടറികൾ ഏറെറടുത്തു.

2/458—8

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ തൊഴിലാളികൾക്കു ന്യായമായ ശമ്പളം കൊടുത്തു, അവിടത്തെ ജീവനക്കാർക്ക് വർഷത്തിൽ 12 മാസവും ശമ്പളംകൊടുത്ത്. 1977 വരെ ലാഭമായിരുന്നു. കഴിഞ്ഞവർഷം കൃഷിക്കാർക്ക് ന്യായമായ വിലകൊടുത്തതിന്റെ പേരിൽ, ചില പൊതുവായ സാഹചര്യങ്ങളുടെപേരിൽ നഷ്ടമുണ്ടായി എന്നുള്ളതു വാസ്തവമാണ്. ഇങ്ങനെയുള്ള കാഷ്യു കോർപ്പറേഷനെതിരായി മുതലാളിമാരെപ്പോലെ പടവാൾ ഉയർത്തികൊണ്ടുനിൽക്കുന്നതു നീതീകരിക്കത്തക്കതല്ല.

(സഭയിൽ ബഹളം)

ജനതാക്കാരുടെ കാര്യം ഞാൻ പറയാം. ബീഹാറിലെ ഖനിമേഖലയിൽ 57 പേരെ വെടിവെച്ചുകൊന്ന ജനതാ................

(സഭയിൽ ബഹളം)

....വെടിവച്ചുകൊന്ന ജനതാപാർട്ടിക്കാർ ഇവിടെ പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ എനിക്കദ്ഭുതം തോന്നുന്നു. ഈ രാജ്യത്തെ ജനങ്ങളെ ഉപദ്രവിച്ച ജനതാപാർട്ടിക്കാർ ഇവിടെവന്ന് വേദാന്തം പറയുന്നത് ചെകുത്താൻ വേദംപറയുന്നതുപോലെയല്ലേ? ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഈ ബഡ്ജററിനെ ശക്തിയുക്തം പിന്താങ്ങിക്കൊണ്ട്, ഈ ബഡ്ജററവതരിപ്പിച്ച ധനകാര്യമന്ത്രിയെ ഒന്നുകൂടി അഭിനന്ദിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സർ, പരിമിതമായ വിഭവശേഷിക്കുള്ളിൽനിന്നുകൊണ്ട് കാർഷിക, വ്യാവസായിക, സാമൂഹ്യമേഖലകൾക്ക് പരമാവധി ആശ്വാസം നൽകുന്ന ഈ ബഡ്ജററിനെ അനുകൂലിക്കാൻ എനിക്ക് സന്തോഷമേയുള്ളു. കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം സമഗ്രമായ കാർഷിക വികസന പദ്ധതിക്കു രൂപം നൽകിയിരിക്കുന്നു. സഹകരണസ്ഥാപനങ്ങളിൽ നിന്നും കൃഷിക്കാർക്കു വായ്പ കൊടുക്കുമ്പോൾ അവർക്കു മൂന്നു ശതമാനം പലിശയിനത്തിൽ ഇളവ് അനുവദിച്ചിരിക്കുന്നു. നെൽകൃഷി മുഞ്ഞ ബാധിച്ചു നശിക്കുമ്പോൾ അവർക്ക് ധനസഹായം കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇങ്ങനെ പലവിധ പദ്ധതികൾ കാർഷികമേഖലയിൽ ആസൂത്രണം ചെയ്തിരിക്കുകയാണ്. കഴിഞ്ഞ വർഷം ആരംഭിച്ച തറവിലയും താങ്ങുവിലയും തുടരാനായി ഈ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു.

ഈ പദ്ധതികളെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ സംസാരിക്കുമ്പോൾ ഇതിനകത്തുള്ള ചില വൈകല്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാതെയിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ കാലഘട്ടങ്ങളിൽ നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം പലവിധ സബ്സിഡികൾ നൽകുകയുണ്ടായി. കക്കാ ഇടുന്നതിനും കീടനാശിനികൾ ഉപയോഗിക്കുന്നതിനും സബ്സിഡി നൽകുകയുണ്ടായി. ആ സബ്സിഡിയുടെ എത്രശതമാനം കർഷകന്റെ അടുക്കൽ എത്തിച്ചേർന്നുവെന്നുള്ളത് നാം ആലോചിക്കേണ്ട കാര്യമാണ്. പലപ്പോഴും സബ്സിഡി നൽകുന്നത് അതാതവസരത്തിൽ കൃഷിക്കാരന്റെ പക്കൽ എത്തുന്നില്ല. ഉദ്യോഗസ്ഥൻമാരും ഇടനിലക്കാരും കൃഷിക്കാർക്ക് അനുവദിച്ചിട്ടുള്ള വമ്പിച്ചതോതിലുള്ള ആനുകൂല്യങ്ങൾ തട്ടി എടുക്കുകയാണ്. ഈ പരിതഃസ്ഥിതിക്ക് അവസാനം കാണേണ്ടതായി ഉണ്ട്. കൃഷിക്കാർക്ക് നൽകുന്ന സബ്സിഡി നഷ്ടപ്പെടാതെ കൃഷിക്കാരന്റെ കൈവശം എത്താനുള്ള സംവിധാനം ഉണ്ടാക്കിയേ മതിയാകു. മുഞ്ഞ ബാധിച്ച കൃഷിക്കാർക്ക് ധനസഹായം കൊടുക്കുന്ന കാര്യത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കുമ്പോൾ ഇന്ന് നെൽകൃഷിക്കാർ മാത്രമല്ല, മലയോരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ കൃഷിക്കും വമ്പിച്ച നാശമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുരുമുളകു വള്ളികൾ ചീഞ്ഞു പോകുന്നു, ഇഞ്ചികൃഷിക്കാർക്ക് നഷ്ടമാണ്, റബ്ബർകൃഷിക്കാർ നഷ്ടത്തിലാണ്. കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മലയോര കർഷകർക്ക് ധനസഹായം മാത്രമല്ല, സമഗ്രമായ ഒരു വിള ഇൻഷ്വറൻസ് പദ്ധതിക്കു രൂപം നൽകിയേ മതിയാകൂ. അതിനുവേണ്ടി ഗവൺമെൻറ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷികമേഖലയിലും വ്യാവസായികമേഖലയിലും ഉള്ള പരിപൂർണ്ണമായ വികസനംകൊണ്ടുമാത്രമേ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. അവിടെയെല്ലാം തൊഴിലില്ലായ്മ രൂക്ഷമായി തുടരുകയാണ്. എക്കണോമിക് റിവ്യൂവിൽ പറയുന്നു, 11.78 ലക്ഷം ക്രോണിക് അൺഎംപ്ലോയ്മെൻറ് ആയ ആളുകൾ ഉണ്ടെന്ന്. ഈ തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിന് കഴിഞ്ഞവർഷവും ഈ വർഷവും ശ്രമിച്ചുവെങ്കിലും പരിപൂർണ്ണതയിൽ എത്തി എന്ന് പറഞ്ഞുകൂടാ. വളരെയധികം മുന്നോട്ടു പോകേണ്ടതായി ഉണ്ട്. വ്യാവസായിക മേഖലയിൽ സമഗ്രമായ പദ്ധതികൾക്ക് രൂപം നൽകേണ്ടതായി ഉണ്ട്. ഇത്തരത്തിലുള്ള കാംപ്രിഹെൻസീവ് ആയി ഉള്ള വികസന പരിപാടി ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസമേഖലയെ സംബന്ധിച്ചിടത്തോളം എക്കണോമിക് റെവ്യൂവിൽ പറയുന്നത്, കഴിഞ്ഞവർഷം പതിനായിരം വിദ്യാർത്ഥികളുടെ എണ്ണം ഹയർ എഡ്യൂക്കേഷൻ രംഗത്ത് വർദ്ധനവ് ഉണ്ടായിരിക്കുന്നു. പുതിയ പോളി ടെക്നിക്കുകളും ജൂനിയർ ടെക്നിക് കോളേജുകളും ആരംഭിക്കുന്നുവെന്നു പറയുന്നു. ആർട്സ് ആൻറ് സയൻസ് കോളേജുകൾ രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നില്ല. പതിനായിരം വിദ്യാർത്ഥികൾ കൂടിയിട്ടും ആർട്സും സയൻസും കോളേജുകൾ ആരംഭിക്കാത്തതു ഖേദകരമാണ്. ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ 130 ആർട്സും സയൻസും കോളേജുകൾ ഉണ്ട്. അവയിൽ 51 എണ്ണമാണ് കാലിക്കറ്റ് യൂണിവേഴ്സിററിയുടെ കീഴിൽ ഉള്ളത്. അതിൽ പലതും ജൂനിയർ കോളേജുകളാണ്. മലബാറിലെ മലയോര പ്രദേശങ്ങളിൽ വിദ്യാഭ്യാസസൗകര്യം അപര്യാപ്തമാണ്. അതു കണക്കിലെടുത്തുകൊണ്ട് മലബാറിലെ മലയോര പ്രദേശങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പല ജൂനിയർ കോളേജുകളിലും സയൻസ് സബ്ജക്ട് ഇല്ല. അവിടെയുള്ളവർക്ക് പഠിക്കാൻ ഈ കോളേജുകളിൽ സയൻസ് സബ്ജക്ട് ഏർപ്പെടുത്താനുള്ള നടപടികൾ എടുക്കണം. ജൂനിയർ കോളേജുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കണം.

കാലാകാലങ്ങളിൽ പല വികസന പദ്ധതികൾക്കും രൂപം കൊടുത്തുവെന്ന് പ്രഖ്യാപിക്കാറുണ്ട്. എല്ലാ വർഷവും ബഡ്ജററിൽ പല വികസന പദ്ധതികളും പ്രഖ്യാപിക്കാറുണ്ട്. അതു നടപ്പാക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പല പദ്ധതികളും നടപ്പാക്കുന്നത്, ജനുവരി, ഫെബ്രുവരി, മാർച്ച് തുടങ്ങി ഫൈനാൻഷ്യൽ ഈയർ അവസാനിക്കുന്ന കാലഘട്ടത്തിലാണ്. ഉദ്യോഗസ്ഥൻമാർ തിരക്കുപിടിച്ച് ഈ പദ്ധതികൾ നടപ്പാക്കുന്നതായിട്ടാണ് കാണുന്നത്. എന്തുകൊണ്ട് ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു? ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം കൊടുക്കുകയാണെങ്കിൽ പിറേറദിവസം മുതൽ പദ്ധതി നടപ്പാക്കാനുള്ള ക്രിയാത്മകമായ പരിപാടി ആവിഷ്കരിച്ചേ മതിയാകൂ. ഈ പദ്ധതി എത്രത്തോളം നടപ്പാക്കിയിട്ടുണ്ട് എന്നുള്ളതിന് കാലാകാലങ്ങളിൽ വിശകലനം നടത്തേണ്ടതായി ഉണ്ട്. അതിന് ഒരു ഇവാല്യുവേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഉണ്ടാക്കേണ്ടതായി ഉണ്ട്. ഓരോ പദ്ധതിയും എത്രത്തോളം മുന്നോട്ടു പോയിട്ടുണ്ട് എന്നുള്ളത് ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി ചോദിച്ച് മനസ്സിലാക്കിയിട്ട് ഏതെങ്കിലും ഒരു പദ്ധതിക്ക് കാലതാമസം ഉണ്ടായിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തണം. മൂന്നു മാസത്തിലൊരിക്കലെങ്കിലും ഇങ്ങനെയൊരു അന്വേഷണം നടത്തേണ്ടതാണ്. അതിന് ഒരു quarterly evaluation പദ്ധതിക്ക് രൂപം നൽകിയേ മതിയാകു. എങ്കിൽ മാത്രമേ ഈ പദ്ധതികൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ക്രിയാത്മകമായി നടപ്പാക്കാൻ കഴിയു. അത്തരത്തിൽ ഒരു സ്കീം നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ ബഡ്ജററ് ആകെ എടുത്തു പരിശോധിക്കുമ്പോൾ എനിക്ക് ഏററവും സ്വാഗതാർഹമായി തോന്നിയ ഒരു കാര്യം ഉള്ളത്, ബഡ്ജററു പ്രസംഗത്തിൽ 33-ാം പേജിൽ പറയുന്ന "ജനങ്ങളുടെ സാമൂഹ്യ സാമ്പത്തികാഭിവൃദ്ധിക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കുവാൻ ഭരണസംവിധാനം കൂടുതൽ ഊർജ്ജസ്വലവും കാര്യക്ഷമവും ആക്കേണ്ടിയിരിക്കുന്നു" എന്നതാണ്. സർ, ഇതാണ് ഇന്ന് ഏററവും കാതലായ പ്രശ്നം. നമ്മുടെ പദ്ധതികൾ ക്രിയാത്മകമായ പാതയിൽ കൊണ്ടുവരുന്നതിന് ഊർജ്ജസ്വലതയില്ല, കാര്യക്ഷമതയില്ല, നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ ഈ കാതലായ പ്രശ്നത്തിന് ഊന്നൽ നൽകിയിരിക്കുകയാണ്. കാര്യക്ഷമതയും ഊർജ്ജസ്വലതയും ഉണ്ടാക്കാൻവേണ്ടി അദ്ദേഹം ചില പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അതിൽ എല്ലാ കാര്യങ്ങളും ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് പല കാര്യങ്ങളിലും ഉദ്യോഗമേധാവികൾ, പല തീരുമാനവും എടുത്തതിനുശേഷവും വീണ്ടും താഴേക്ക് കൊറി ഇട്ടു പോകുന്ന ഏർപ്പാടുണ്ട്. സെക്രട്ടേറിയററിൽ ഫയലുകൾ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. ചുവപ്പുനാട സമ്പ്രദായംകൊണ്ടാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത്. അതിനെതിരായി ശക്തമായി ക്രിയാത്മകമായ നടപടികൾ മുന്നോട്ടുകൊണ്ടു വരേണ്ടതായി ഉണ്ട്. ഈ ഫയലുകളുടെ സ്ഥിതി എന്താണ്? റോക്കററു വിടുന്നമാതിരിയാണ്. മുകളിലോട്ട് കുതിച്ചങ്ങു പോകും, താഴോട്ടു വരാറില്ല സെക്രട്ടേറിയററിൽ മന്ത്രിമാരുടെ അടുക്കൽ നിവേദനം കൊടുത്തു റിപ്പോർട്ടിനായി അയച്ചാൽ മറുപടി കിട്ടാൻ ഇടയില്ല. പലതും കാണാതാവുകയാണ്. ഈ റോക്കററു സിസ്ററം അവസാനിപ്പിക്കേണ്ടതാണ്. നാം കൊടുക്കുന്ന ഫയലുകൾ നിശ്ചിത സമയപരിധിക്കകം തിരിച്ചു വരണം. നിശ്ചിത സമയപരിധിക്കകം അതിന്റെ വിവരം എന്താണെന്ന് അറിയാന് കഴിയണം. അതിന് കർശനമായ നിർദ്ദേശങ്ങൾ കൊടുക്കണം. പദ്ധതികൾക്കു കാലതാമസം വരുത്തുന്നതും താമസിപ്പിച്ച് ജനങ്ങൾക്കു പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും ആ പദ്ധതികളിൽക്കൂടി അഴിമതി നടത്തികൊണ്ട് കീശവീർപ്പിക്കാനുള്ള ഒരേർപ്പാടല്ലേ? എനിക്ക് ആ കാര്യത്തിൽ സംശയമില്ല. ഉദ്യോഗസ്ഥമേഖലയിൽ ഇത്തരത്തിൽ ഉള്ള അഴിമതികൾ നിർമ്മാർജ്ജനം ചെയ്യാൻ ഇന്നുള്ള വിജിലൻസ് പ്രവർത്തനങ്ങൾ പോര; അതു കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥൻമാരുടെ മേലുള്ള പരാതികൾ മാത്രമല്ല പരിശോധിക്കേണ്ടത്. ഉദ്യോഗത്തിലിരുന്നുകൊണ്ട് കാലാകാലങ്ങളിൽ ശമ്പളമിനത്തിലുള്ള വരുമാനം മാത്രം വച്ചുകൊണ്ട് സമ്പത്തു വർദ്ധിപ്പിക്കാൻ കഴിയുന്നതിനെക്കുറിച്ചു പരിശോധിക്കണം. കൈക്കൂലി നേരിട്ടു വാങ്ങിക്കുന്നതുമാത്രമല്ല അഴിമതി. ആവശ്യക്കാരൻ വരുമ്പോൾ അവനു ലാഭം പെട്ടെന്ന് ഉണ്ടായിക്കിട്ടണമെങ്കിൽ എന്തെങ്കിലും കൈക്കൂലി കൊടുത്തു കാര്യം നേടിപ്പോകാൻ അവർ നിർബന്ധിതനാവുകയാണ്. കൈക്കൂലി വാങ്ങിക്കുന്നതും കൊടുക്കുന്നതും തെററാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതുകൊണ്ട് കൊടുക്കുന്നയാൾ അതു വെളിച്ചത്തുകൊണ്ടുവരാൻ മുന്നോട്ടുവരാറില്ല. ഉദ്യോഗസ്ഥൻമാർ ശമ്പളത്തെക്കാളധികമായി അതിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സമ്പത്തു സമാഹരിക്കുന്നതിനെപ്പററി അന്വേഷണം നടത്തണം. പല ഉദ്യോഗസ്ഥൻമാരും അവർക്ക് അർഹമായ ശമ്പളത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് നേടാവുന്നതിനേക്കാൾ കൂടുതലായി സമ്പത്ത് ആർജ്ജിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഒരാളെക്കുറിച്ചു പരാതിയുണ്ടാകുമ്പോൾ ആ വശത്തെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതായിട്ടുണ്ട്. ഞാൻ കൂടുതലായി ആ കാര്യങ്ങളിലേക്കു കടക്കുന്നില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച ധനകാര്യമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്.

പല പദ്ധതികളും ആവിഷ്കരിക്കുമ്പോൾ തിരുകൊച്ചി പ്രദേശത്തെ അപേക്ഷിച്ച് മലബാർ പ്രദേശങ്ങൾക്കു വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. റോഡുകളുടെ കാര്യത്തിലായാലും റെയിൽവേയുടെ കാര്യത്തിലായാലും വിദ്യാഭ്യാസസൗകര്യങ്ങളുടെ കാര്യത്തിലായാലും മലബാറിനു വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. എക്കണോമിക്ക് റെവ്യൂവിൽ പി. ഡബ്ലിയു. ഡി. റോഡുകളെക്കുറിച്ച് പറയുന്നു, സർ, ഇന്ന് പി. ഡബ്ലിയു. ഡി. യുടെ നിയന്ത്രണത്തിൽ 15.962 കിലോമീററർ റോഡുണ്ടെന്നാണ് എക്കണോമിക്ക് റിവ്യൂവിൽ പറയുന്നത്. കോഴിക്കോട് ജില്ലയിൽ 1061 കിലോമീററേ ഉള്ളു. കൊല്ലത്ത് 2365 കിലോമീററർ, തിരുവനന്തപുരത്ത് 1456 കിലോമീററർ, കോട്ടയത്ത് 1738 കിലോമീററർ, ഇടുക്കിയിൽ 1186 കിലോമീററർ, മലപ്പുറത്ത് 1042 കിലോമീററർ, മലബാർ പ്രദേശത്ത് മലപ്പുറത്തും കോഴിക്കോട്ടും കണ്ണൂരും നോക്കിയാൽ പി. ഡബ്ലിയു. ഡി. ഏറെറടുത്ത റോഡുകൾ കുറവാണെന്നു കാണാൻ സാധിക്കും. ഇതുമാത്രമല്ല വിദ്യാഭ്യാസകാര്യത്തെക്കുറിച്ചു ഞാൻ പറഞ്ഞു: 130 കോളേജുകളുള്ളതിൽ വെറും 51 എണ്ണം മാത്രമാണ് തൃശ്ശൂരുൾപ്പെടെ ഉള്ള കാലിക്കററ് യൂണിവേഴ്സിററിയുടെ കീഴിൽ ഉള്ളത്. ഇപ്പോൾ 400 കിലോമീററർ റോഡ് പി. ഡബ്ലിയു. ഡി. ഏറെറടുക്കാൻ വർക്സ് മിനിസ്ററർ പരിപാടിയിട്ടിട്ടുള്ളതായി ബഡ്ജററിൽ കാണിച്ചിട്ടുണ്ട്, മലബാറിന് പ്രാതിനിധ്യവും പ്രാമുഖ്യവും ഇക്കാര്യത്തിൽ ലഭിക്കേണ്ടതായിട്ടുണ്ട്. കലാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ പുതിയ പോളിടെക്നിക്കുകൾ അനുവദിക്കുന്ന കാര്യത്തിൽ എല്ലാം ഈ പോരായ്മ പരിഹരിക്കാനാവശ്യമായ നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്.

ആരോഗ്യകാര്യത്തെക്കുറിച്ചുപറഞ്ഞാൽ, കോഴിക്കോട് ഇന്ന് ഒരു ജില്ലാ ആശുപത്രിയുണ്ട്; ഒരു ബ്രഹ്മാണ്ഡം കെട്ടിടത്തിൽ നാലോ അഞ്ചോ വാർഡുകൾ മാത്രം പ്രവർത്തിക്കുന്നു. ഇതിനുമുൻപ് മെഡിക്കൽ കോളേജ് ആ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്, മെഡിക്കൽ കോളേജാശുപത്രി അതിനുവേണ്ടി പണിത കെട്ടിടത്തിലേക്കു മാററിയപ്പോൾ ഇന്ന് ഈ കെട്ടിടം വെറുതെ കിടക്കുകയാണ്. അവിടെ കിടന്ന കട്ടിലുകളും എല്ലാം എടുത്തുകൊണ്ട് മെഡിക്കൽ കോളേജിലേക്കു പോയി. ഈ കെട്ടിടം ഇന്നു വൃഥാവിൽ രോഗികൾക്ക് ആശ്രയിക്കാൻ നിവൃത്തിയില്ലാതെ കിടക്കുകയാണ്. ഇരുപതു വാർഡുകളുള്ളതിൽ നാലോ അഞ്ചോ വാർഡുകളിൽ മാത്രമേ കട്ടിലുകളും അതിനാവശ്യമായ ഡോക്ടർമാരും നേഴ്സുമാരും ഒക്കെ ഉള്ളു എന്ന സ്ഥിതിയാണുള്ളത്. കോഴിക്കോടുപോലെ ഇത്രയധികം ജനസംഖ്യയുള്ള ഒരു സിററിയിൽ ഇന്ന് ജില്ലാ ആശുപത്രി വൃഥാവിൽ കിടക്കുന്ന ഒരു പരിതഃസ്ഥിതി അവശേഷിക്കുന്നു. സർ, അതിനു പരിഹാരമുണ്ടാക്കിയേ മതിയാകൂ. ആ ആശുപത്രി പരിപൂർണ്ണമായും ഉപയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജററിനെ സ്വാഗതംചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജെ. ജോർജ്: ബഹുമാന്യനായ സ്പീക്കർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. നമ്മുടെ ധനകാര്യമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജററ് ഒററനോട്ടത്തിൽ പാവങ്ങളുടെ ബഡ്ജററാണെന്നു തോന്നുമെങ്കിലും ഫലത്തിൽവരുമ്പോൾ അവർക്കു ദോഷം ചെയ്യുന്നമാതിരിയാണ് കാണുന്നത്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിന്റെ തുടക്കത്തിൽത്തന്നെ, കഴിഞ്ഞവർഷത്തെ കമ്മി നികത്തുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് 15 കോടി ഉറുപ്പിക തരുമെന്നും അതുമൂലം മിച്ചമായി അവസാനിക്കുമെന്നും ഉള്ള വാക്കുകളാണു നമ്മുടെ മുൻപിൽ വച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് സഹായിച്ച വകയിൽത്തന്നെ ഈ വർഷത്തേത് 300 കോടിയോളം ഉറുപ്പിക വരും. പല സന്ദർഭങ്ങളിലും ധനകാര്യമന്ത്രി കേന്ദ്രഗവൺമെന്റിനെ അഭിനന്ദിച്ചിട്ടുണ്ടെങ്കിലും അതിന്റെ പിന്നാലെതന്നെ കേന്ദ്രഗവൺമെന്റിനെ കുററപ്പെടുത്തുന്നമട്ടിലുള്ള വാക്കുകളും അതിൽ ഉണ്ട്. മൊത്തത്തിൽ നോക്കിയാൽ കേന്ദ്രഗവൺമെന്റിന്റെ ഒരു വിതരണ സ്ഥാപനംപോലെ പ്രവർത്തിക്കുന്ന ഒരു മന്ത്രിസഭയാണിവിടെയുള്ളതെന്നു തോന്നുന്നുണ്ട്. പല ഗഡുവുകളിലായി ഉള്ള സഹായം 300 കോടിയോളം വരുന്നതായിട്ടാണു കാണുന്നത്. ശിഷ്ടമുള്ളത് എന്താണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തന്നെ ആലോചിച്ചാൽമതി. ഓവർഡ്രാഫ്ററ് ഇനത്തിൽ നമ്മുടെ ഗവൺമെന്റ് വളരെയധികം കടം എടുത്തിരുന്നു എന്നും അതിന്റെ അടിസ്ഥാനത്തിൽ 1974-75-ൽ നിരോധന ഉത്തരവു വരെ കിട്ടിയെന്നും പറയുന്നു. അന്നത്തെ കേരളഗവൺമെന്റിന്റെ നടപടി അനുസരിച്ച് അന്നത്തെ കേന്ദ്ര സംസ്ഥാനബന്ധങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചൊൽപടിക്കു നിർത്തിയിരുന്നു എന്ന വസ്തുതയാണ് ഇതിൽനിന്നു നമ്മുടെ മുൻപിൽ വരുന്നത്. 1967 മുതൽ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്ന ഈ നാട്ടിൽ അന്ന് ഭക്ഷ്യക്ഷാമം വർദ്ധിക്കത്തക്കവിധത്തിൽ കേന്ദ്രഗവൺമെന്റ് എന്തെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. കേന്ദ്രഗവൺമെന്റിന്റെ ചൊൽപടിക്കും താളത്തിനും തുള്ളിയിരുന്ന ഗവൺമെന്റായിരുന്നു അന്ന്. ഭക്ഷ്യക്ഷാമം പരിഹരിക്കാൻ ഭക്ഷ്യസാധനങ്ങൾ കിട്ടാൻ എത്ര പ്രാവശ്യം മന്ത്രിമാർ ഇവിടെനിന്ന് തീർത്ഥയാത്ര നടത്തിയിട്ടുണ്ടെന്നും അറിയാം, അതിനൊക്കെ മാററം സംഭവിച്ചു. 1977-ൽ ജനതാ പാർട്ടിയുടെ ഗവൺമെന്റ് കേന്ദ്രത്തിൽ വന്നശേഷം ഒരു മന്ത്രിക്കുപോലും നിവേദനം സമർപ്പിക്കാൻ കേന്ദ്രത്തിലേക്കു പോകേണ്ടിവന്നിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. ദിവംഗതനായ ഇ. ജോൺ ജേക്കബ് മന്ത്രിയായിരുന്നപ്പോൾ ഒരു വസ്തുത സമ്മതിക്കുകയുണ്ടായി. ഭക്ഷ്യസാധനങ്ങൾ നിർല്ലോഭം തന്ന് ആവശ്യം പരിപൂർണ്ണമായി നിറവേററിക്കൊണ്ടുവന്നു എന്ന് അദ്ദേഹം ഈ സഭയിൽ പറയുകയുണ്ടായി. ഇന്ന് ഭക്ഷ്യപ്രശ്നം ഇല്ലാതായിത്തീർന്നിരിക്കുന്നു. അത് രാഷ്ട്രീയായുധമായി ഉപയോഗപ്പെടുത്താൻ ജനതാപാർട്ടിയുടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. നൂറു ശതമാനം ഭക്ഷണം ജനങ്ങൾക്കു നൽകാൻ നമുക്കു സാധിക്കുന്നുണ്ട്. തദ്വാരാ നമുക്കു നിലനിൽപുണ്ടായിരിക്കുന്നു. കമ്മിസംസ്ഥാനമായ കേരളം മിച്ചമുള്ള സംസ്ഥാനങ്ങളെപ്പോലെ ജനങ്ങളുടെ ഈവക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിർല്ലോപമായി സഹായംചെയ്യുന്ന കേന്ദ്രഗവൺമെന്റിനെ ജനങ്ങളുടെ പേരിൽ വാഴ്ത്തുകതന്നെ ചെയ്യേണ്ടതുണ്ട്. കേന്ദ്രത്തിൽനിന്നുള്ള ധനസഹായത്തെപ്പററി വിവിധസന്ദർഭങ്ങളിലായി ഈ ബഡ്ജററു പ്രസംഗത്തിൽ ഉടനീളം പറഞ്ഞുകാണുന്നുണ്ട്. 70 കോടിരൂപ കടം കിട്ടണം; കടം എഴുതിത്തള്ളുന്നത് 125 കോടിരൂപ; റെവന്യൂവരവിൽ 138 കോടിരൂപ എന്നു മറെറാരു ഭാഗത്തു പറയുന്നു. 59 കോടിരൂപ ഗ്രാൻറായി നൽകുന്നുവെന്നു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, എവിടെ നോക്കിയാലും കേന്ദ്രത്തിന്റെ സഹായം കാണുന്ന ഈ ബഡ്ജററ് കേന്ദ്രത്തിന്റെ ബഡ്ജററാണെന്നു പറയുന്നതിൽ തെററില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കശുവണ്ടിയുടെ കാര്യത്തിലും കേന്ദ്രസഹായം മുന്തിനിൽക്കുന്നു. 5 കോടിരൂപ സഹായധനവും 5 കോടിരൂപ വായ്പയും ആയിതരാൻ കേന്ദ്രം സമ്മതിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്. അങ്ങനെ എവിടെ നോക്കിയാലും കേന്ദ്രത്തിന്റെ സഹായഹസ്തം നീട്ടിയിട്ടുള്ളതായി കാണാൻകഴിയും. വീണ്ടും പോരെന്നു പറയാൻ നമ്മുടെ ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടെങ്കിലും കുറെയെല്ലാം നമുക്ക് കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ സന്തോഷമുണ്ട്. അതുപോലെതന്നെ കഴിഞ്ഞ 20 കൊല്ലക്കാലമായി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരുന്ന എറണാകുളം-ആലപ്പുഴ-കായംകുളം തീരദേശ റെയിൽവേയെ സംബന്ധിച്ചിടത്തോളം നല്ലൊരു തീരുമാനം എടുത്തതിനെ അംഗീകരിക്കുന്നു. അതായത് എറണാകുളം-ആലപ്പുഴ റെയിൽവേ എന്ന് പറയുന്നത് 20 വർഷംകൊണ്ട് നാം ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. അത് എല്ലാപാർട്ടികളും, ജനതാപാർട്ടി അടക്കം ഉള്ളവർ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് ഇന്ന് നടപ്പിലാക്കാനായി സമ്മതിച്ചിരിക്കുകയാണ്. അടുത്ത ഏപ്രിൽ 16-ാം തീയതി അതിന്റെ പ്രവർത്തനം ഉൽഘാടനം നടത്താൻ പോവുകയാണെന്ന് അറിയുന്നു. അങ്ങനെയുള്ള ഈ സാഹചര്യത്തിൽ ഈ ആലപ്പുഴയിൽ കൊണ്ടുവന്നു നിർത്തുന്ന ഈ തീരദേശ റെയിൽവേ എന്തുകൊണ്ട് കായംകുളം വരെ നീട്ടുന്നതിനുള്ള നടപടികൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നില്ലെന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളത്. ദുരുദ്ദേശത്തോടുകൂടിയാണ് അങ്ങനെ ചെയ്യാതിരിക്കുന്നതെന്ന് പറഞ്ഞാൽ അതിൽ തെററുണ്ടെന്ന് തോന്നുന്നില്ല. എറണാകുളം-ആലപ്പുഴ റെയിൽവേഎന്നുള്ളത് മാററി എറണാകുളം-ആലപ്പുഴ-കായംകുളം റെയിൽവേലൈൻ ആക്കി മാററിയെങ്കിൽമാത്രമേ എറണാകുളത്തുനിന്നും പുറപ്പെടുന്ന ഒരാളിന് തിരുവനന്തപുരത്ത് എത്താൻ സാധിക്കുകയുള്ളു.

എന്റെ നാട്ടിൽ തൃശൂർ-ഗുരുവായൂർ-കുററിപ്പുറം ലൈൻ എന്നു പറയുന്നത് വളരെകാലമായി അതിന്റെ അന്വേഷണറിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ഇതിന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു ചിററമ്മനയമാണ് എടുക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അതുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് വളരെ കാലപ്പഴക്കം ഉള്ളതും സർവേ എല്ലാം പൂർത്തീകരിച്ചതും ആയ തൃശൂർ-ഗുരുവായൂർ-കുററിപ്പുറം ലൈൻ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചെറിയ പരിഹാരമാർഗ്ഗം ഉണ്ടാക്കണമെന്നാണ് എനിക്ക് ആ കാര്യത്തെപ്പററി പറയാനുള്ളത്.

സർ, നമ്മുടെ സ്റേററ് റെയിൽവേമന്ത്രിയായി പ്രവർത്തിക്കുന്ന ശ്രീ. ടി. എസ്. ജോണിന്റെ വകുപ്പിൽ ചില വക കാര്യങ്ങളെല്ലാം ഉണ്ട്. അത് ശ്രീ. ജേക്കബിന് മനസ്സിലായിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ റെയിൽവേ നമ്മുടെ ഗവൺമെന്റിന്റേതാണെന്നുള്ള വസ്തുത നമുക്ക് മനസ്സിലാക്കാൻ കഴിയും. അല്ലെങ്കിൽ നമ്മുടെ ബഡ്ജററിൽ ധനകാര്യമന്ത്രി റെയിൽവേയെപ്പററി പ്രസംഗിക്കേണ്ടതില്ലല്ലോ. അതുകൊണ്ട് തീരദേശ റെയിൽവേയുടെ കാര്യങ്ങളും മററും പറയേണ്ടത് സംസ്ഥാന ഗവൺമെന്റിനോടാണ്. അങ്ങനെയാണെങ്കിൽ പിന്നെ തീരദേശറെയിൽവേയുടെ കാര്യവും മററും ബഡ്ജററ് പ്രസംഗത്തിൽ പറയേണ്ടതില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് ഇനി കുറച്ചു സമയമേ ഉള്ളു.

ശ്രീ. കെ. ജെ. ജോർജ്: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇങ്ങനെ സഭാംഗങ്ങളെ വിഷമിപ്പിക്കുന്നതിൽ പ്രയാസമുണ്ട്. കാരണം അങ്ങ് പ്രസംഗിച്ച സന്ദർഭത്തിൽ സ്പീക്കർ മൂന്നു നാല് പ്രാവശ്യം പറഞ്ഞിട്ടും നിർത്തിയിരുന്നില്ല. അങ്ങ് ഭരണകക്ഷിക്കാരോട് ഒരു നയവും പ്രതിപക്ഷത്ത് ഉള്ള ആളുകളോട് വേറൊരു നയവും എടുക്കുന്നതായി തോന്നുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭാ നടപടികൾ ചോദ്യം ചെയ്യുന്നത് ശരിയല്ല.

ശ്രീ. കെ. ജെ. ജോർജ്: അതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന് ബഹുമാനപ്പെട്ട മെമ്പർ രണ്ട് മിനിററ് പോലും എടുത്തില്ലല്ലോ.

ശ്രീ. കെ. ജെ. ജോർജ്: അങ്ങയുടെ റൂളിംഗ് അങ്ങനെ ആയിപ്പോയെന്നുള്ളതുകൊണ്ടാണ് നിർത്തുന്നത്.

ശ്രീ. കല്പട നാരായണൻ: സർ, നമ്മുടെ പ്രിയങ്കരനായ ധനകാര്യമന്ത്രി സമർപ്പിച്ച ബഡ്ജററിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. ഈ മന്ത്രിസഭയ്ക്ക് എന്റെ ഊഷ്മളമായ അഭിവാദനങ്ങൾ. 1949 നവംബർ 25-ാം തീയതി ഇൻഡ്യൻ പാർലമെൻറിൽ ചെയ്ത ഒരു പ്രസംഗമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ആ പ്രസംഗം അവതരിപ്പിച്ചത് മഹാനായ ഡോക്ടർ അംബദ്ക്കറാണ്. 1950 ജനുവരി 26 ആകുമ്പോഴെയ്ക്കും ഇൻഡ്യയിൽ ഒരു ഭരണഘടന സംജാതമാകുകയാണ് അങ്ങനെ രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രം കൈവരുന്ന ഒരു ഇൻഡ്യയായിമാറുന്നു. സാമ്പത്തിക സാമൂഹ്യ രംഗത്ത് സ്വാതന്ത്ര്യം നമുക്കില്ല. ഭരണാധികാരികളായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വരുന്ന ആളുകൾ ഈ യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇന്ഡ്യയിലെ ജനകോടികൾ കർഷകരും പാവപ്പെട്ടവരും കർഷകത്തൊഴിലാളികളും ആയ ജനവിഭാഗങ്ങൾ ഈ ഭരണഘടനയെ തകർത്തുകളയുമെന്നാണ് 1949 നവമ്പർ 25-ാം തീയതി പറഞ്ഞത്. പക്ഷേ ആ സ്പിരിട്ട് ഉൾക്കൊള്ളാൻ കേന്ദ്രഗവൺമെൻറിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ആ പ്രസംഗം നമ്മുടെ ഹൃദയങ്ങളിൽ ആഞ്ഞു പതിക്കുകയാണ്. പക്ഷേ അതിന്റെ ഗൗരവം മനസിലാക്കി പ്രവർത്തിക്കാനുള്ള കരുത്ത് ഉണ്ടായത്, ജീവൻ ഉണ്ടായത് കേരളത്തിലെ ഐക്യ കക്ഷി മന്ത്രിസഭയ്ക്ക് മാത്രമാണ്. അതുകൊണ്ടു തന്നെയാണ് സാമൂഹ്യ വിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക്, ഐതിഹാസികമായ ഒരു ചരിത്ര സംഭവത്തിലേക്ക് കേരളാമന്ത്രിസഭ മുമ്പോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നത്. അത്തരം ഒരു സംഭവവികാസം ഉണ്ടാകുന്നതിനു മുമ്പ് ഇൻഡ്യയിൽ ഒരു സംസ്ഥാനഗവൺമെൻറും ഈ സാമൂഹ്യവിപ്ലവ പ്രക്രിയക്കുവേണ്ടിയുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അതിനെപ്പററി ആലോചിച്ചിട്ടു പോലുമില്ല. മരത്തണലിൽ ഒതുങ്ങികഴിഞ്ഞിരുന്ന പതിനായിരക്കണക്കിനാളുകൾ, തെരുവീഥികളിൽ കഴിഞ്ഞിരുന്ന ലക്ഷക്കണക്കിനാളുകൾ, ഇരുകാലി മൃഗങ്ങളെപ്പോലെ ജന്മിമാരുടെ ആട്ടുകൊണ്ടു കഴിഞ്ഞിരുന്ന ലക്ഷക്കണക്കിന് ആളുകൾ ഇന്ന് ഭൂമികളുടെ ഉടമകളായി മാറിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് മനുഷ്യരെപ്പോലെ ജീവിക്കാനുള്ള അവകാശം അവർക്ക് കിട്ടിയിരിക്കുകയാണ്. അവർക്ക് ഇന്ന് പൗരത്വം ഉണ്ട്. ഇന്നലെവരെ തെരുവീഥികളിൽ കഴിഞ്ഞുകൂടിയ ആളുകളാണ് അവർ. ഏതായാലും ആ സാമൂഹ്യ വിപ്ലവത്തിന്റെ ഭാഗമായി ഇന്ന് 35 ലക്ഷത്തോളം ആളുകൾക്ക് ഭൂമി ലഭിച്ചിരിക്കുകയാണ്. 26 ലക്ഷം ഏക്കർ സ്ഥലമാണ് അവർക്ക് ലഭിച്ചത്. ഇതൊന്നും ചെറിയൊരു കാര്യമല്ല. വർഷങ്ങൾക്കുമുമ്പ് നമ്മുടെ തെരുവീഥികളിൽ നമ്മുടെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനം മുഴക്കിയ ഒരു മുദ്രാവാക്യം ഉണ്ട്. കർഷകന് ഭൂമി നൽകണം. കർഷകത്തൊഴിലാളികൾക്ക് ഭൂമി നൽകണം, ഭൂരഹിതർക്ക് ഭൂമി നൽകണം. എന്നുള്ളതായിരുന്നു അവരുടെ മുദ്രാവാക്യം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വേണ്ടി വളരെയധികം കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്നു പറഞ്ഞു. അങ്ങയുടെ പാർട്ടിയിൽപ്പെട്ട മന്ത്രിയാണല്ലോ റവന്യൂ വകുപ്പു കൈകാര്യം ചെയ്യുന്നത്. ആ സാഹചര്യത്തിൽ പാവപ്പെട്ട ആളുകളുടെ ഭൂമി അന്യാധീനപ്പെട്ടു പോയതു തിരിച്ചെടുത്തു കൊടുക്കുന്നതിനു വേണ്ടി ഒരു നിയമം പാസാക്കാൻ അങ്ങയുടെ പാർട്ടിയിൽപ്പെട്ട മന്ത്രിയോടു പറയാമോ?

ശ്രീ. കല്പട നാരായണൻ: ഒരു ആദിവാസിആയതുകൊണ്ടു മാത്രം ഞാൻ വഴങ്ങിയതാണ്. സർ, ഈ മുദ്രാവാക്യവുമായി തെരുവീഥികളിൽ സമരം ചെയ്തവരെ അന്നത്തെ ഭരണാധികാരികളും പോലീസും ഗുണ്ടാകളുംകൂടി വെടിവെച്ചു വീഴ്ത്തി. ആ തെരുവീഥികളിൽ ഇന്നും അവരുടെ രക്തക്കളത്തിന്റെ ഓർമ്മകൾ ഉണ്ടാകും. അതിന്റെ സ്മരണയുമായി നമ്മുടെ സംസ്ഥാനത്ത് ഐക്യകക്ഷി ഗവൺമെന്റ് അധികാരത്തിൽ വന്നു. രക്തപങ്കിലമായ ആ ചുററുപാടിൽനിന്നും ഉയർന്നു വന്ന, അടിയേററ് ഉയർന്നു വന്ന, വെടിയേററ് ഉയർന്നു വന്ന ജീവിതം മുഴുവൻ സംഭാവന ചെയ്തു കൊണ്ട് സാധാരണക്കാരന്റെ മോചനത്തിനു വേണ്ടി പോരാടിയ ഒരു വിഭാഗം ആളുകൾ ആ മന്ത്രിസഭയിൽ ഉണ്ടായിരുന്നു. അവരുടെ വികാരം ഉൾക്കൊള്ളാൻ ആ ഗവൺമെന്റിന് കഴിഞ്ഞു.

11 a.m. അവരുടെ വികാരം മനസിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് മുപ്പത്തഞ്ച് ലക്ഷത്തോളം ആളുകൾക്ക് ഭൂമി ലഭിച്ചത്. മറെറാരു ഗവൺമെന്റിനും ഇത് സ്വപ്നം കാണാൻ കഴിഞ്ഞിട്ടില്ല. ഇത് ഐതിഹാസികമായ സംഭവവികാസമാണെന്ന അഭിപ്രായമില്ലെങ്കിലും ഇൻഡ്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത ഈ മാററം വലുതാണ്. അതുകൊണ്ടാണ് സാമൂഹ്യവിപ്ലവപ്രക്രിയയുടെ രണ്ടാംഘട്ടത്തിലേക്ക് കടക്കുന്നുവെന്ന് പറഞ്ഞത്. പശ്ചിമബംഗാളിലുള്ളവർക്ക് പുച്ഛമാണ്. പലർക്കും പുച്ഛമാണ്. ആ പുച്ഛം അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. കൃഷിഭൂമി കർഷകനെന്ന മുദ്രാവാക്യം ഇന്ന് യാഥാർത്ഥ്യമായിത്തീർന്നിരിക്കുകയാണ്. നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയിൽ ഒരു പുതിയ വർഗ്ഗം ഉടലെടുത്തിരിക്കുന്നു. ഭൂമിയുള്ളവരുടെ വർഗ്ഗം. സാമൂഹ്യ വിമോചനത്തിനുവേണ്ടിയുള്ള പടപൊരുതലാണ് ഇവിടെ നടക്കുന്നത്. കർഷകർക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും നൽകാനുള്ള എല്ലാ ഉറപ്പും ഈ ബഡ്ജററിൽ സമർപ്പിച്ചിട്ടുണ്ട്. പതിനായിരക്കണക്കിന് ആളുകൾക്ക് ഭവനം നിർമ്മിക്കാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. അതാണ് സാധാരണക്കാരന്റെ വികാരം ഉൾക്കൊണ്ടിട്ടുണ്ടെന്ന് പറയുന്നത്. ഹരിജനങ്ങളുടെ ഭാഗം പരിശോധിക്കാം. കർഷകത്തൊഴിലാളികളിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗണ്യമായ വിഭാഗമാണ് ഹരിജനങ്ങൾ. മൂന്നരലക്ഷത്തോളംവരുന്ന അവർക്ക് സ്വന്തമായി ഭൂമിയില്ല. അവർക്ക് കിടപ്പാടമില്ല. അര ലക്ഷത്തോളം പേർക്ക് മൂന്നുനാലുവർഷംകൊണ്ട് ഭവനം നിർമ്മിച്ചുകൊടുക്കാനുള്ള കരുത്ത് ഈ ഗവൺമെൻറിന് ഉണ്ടായി. മറേറതു ഗവൺമെൻറിനും അങ്ങനെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സാധാരണക്കാരന്റെ വികാരം ഈ ഗവൺമെൻറിനുണ്ട്. പാവപ്പെട്ടവന്റെ വികാരത്തിൽ, ഹൃദയത്തുടിപ്പിൽ ആണ് ഈ മന്ത്രിസഭ നിൽക്കുന്നത്. അവരോട് സ്നേഹമുണ്ട്, അവരോട് ആദരവുണ്ട് ഈ ഗവൺമെൻറിന്. ആര് എന്തുപറഞ്ഞാലും സാധാരണക്കാരന്റെ ഹൃദയത്തിൽ ഉറച്ചുനിൽക്കുകയാണ് ഈ ഗവൺമെൻറ്. ആ കാര്യത്തിൽ സംശയമുണ്ടോ? ഗ്രാമീണ സമ്പദ്ഘടനയിൽ ഒരു പുതിയ വർഗ്ഗം ഉയർന്നുവന്നിട്ടുണ്ട്. ഇന്ന് ലഭിച്ചിട്ടുള്ള ഭൂമി, ജലം, വൈദ്യുതി ഗ്രാമങ്ങളിലുള്ള ജനശക്തി, കഴിവ് ഇതെല്ലാം സമാഹരിച്ചുകൊണ്ട് പുതിയ പ്രവർത്തനത്തിന് രൂപം നൽകിയിരിക്കുകയാണ്. ആന്ധ്രയിലെപോലെ അല്ല ഇത്. പശ്ചിമബംഗാളിലെപോലെയല്ല ഇത്. യു. പി. യിലെ പോലെയല്ല. ഇതിന് സ്പിരിററുണ്ട്. കേരളത്തിലെ ജനകോടികൾ ഭൂമിക്കുവേണ്ടി ദാഹിക്കുകയാണ്. ആ ദാഹത്തിന് ശമനം ഉണ്ടാക്കാനുള്ള പ്രവർത്തനം ആരംഭിക്കുന്നുവെന്ന് ഈ ബഡ്ജററിൽകൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ ഒരു വിഭാഗമാണ് ഹരിജനങ്ങൾ. അവരുടെ ഭവനങ്ങളിൽ പുതിയ ഒരു വർഗ്ഗം ഉടലെടുത്തുവന്നിട്ടുണ്ട്. ഇന്നലെവരെ കർഷകത്തൊഴിലാളിയായിരുന്നിട്ടുണ്ടെങ്കിൽ ഇന്ന് അവന്റെ വീട്ടിൽ അഭ്യസ്തവിദ്യരായ ഒരു വർഗ്ഗം ഉടലെടുത്തിട്ടുണ്ട്. ഇരുപതിനായിരത്തിലധികംപേർ പത്താംക്ലാസ്സ് പാസ്സായി തൊഴിൽരഹിതരായി നിൽക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കാൻ കേന്ദ്ര ഗവൺമെൻറിനോട് പറയണം. സംസ്ഥാനഗവൺമെൻറ് പറഞ്ഞുകഴിഞ്ഞ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അതാണ് സ്പെഷ്യൽ റിക്രൂട്ടുമെൻറ്. അതെക്കുറിച്ച് കൂടുതൽ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ സംസ്ഥാന സർവീസിൽ 284746 ഉദ്യോഗസ്ഥൻമാരുണ്ട്. അതിൽ പത്തുശതമാനം സംവരണം അനുസരിച്ച് നൽകുകയാണെങ്കിൽ ഇരുപത്തെണ്ണായിരം പേർക്ക് ജോലി കൊടുക്കാമായിരുന്നു. പക്ഷെ പത്തൊൻപതിനായിരം ആളുകൾക്കുമാത്രമേ ജോലി കൊടുക്കാൻ സൗകര്യം ഉണ്ടായിരുന്നുള്ളു. ശേഷിക്കുന്നവർ ഇനിയും തൊഴിൽരഹിതരായിരിക്കുകയാണ്. അതിന് പരിഹാരമുണ്ട്. സ്പെഷ്യൽ റിക്രൂട്ടുമെൻറ് എന്ന ചരിത്രപ്രസിദ്ധമായ ഉത്തരവുണ്ട്. ക്യാററഗറി ബേസിസ്സിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് നടത്തിയാൽ മതി. നാല് ഉദ്യോഗമുണ്ടെങ്കിൽ അതിലൊന്ന് ഹരിജന് നൽകികൊണ്ട് ഈ നഷ്ടം നികത്താൻ കഴിയും. പ്രൈവററ് കോളേജുകളിലും പ്രൈവററ് സ്ക്കൂളിലും കൂടി ഒരു ലക്ഷത്തി മുപ്പതിനായിരത്തി നാനൂററി അമ്പത്തിയാറ് പേർ ജോലിചെയ്യുന്നു. ഒരൊററ ഹരിജനോ അവശ ക്രൈസ്തവനോ അവിടെ പണിയെടുക്കുന്നില്ല. എന്തുകൊണ്ട് പത്തുശതമാനം സംവരണം ആ ഭാഗത്തായിക്കൂടായെന്ന് ഈ ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. 13450 പേർക്ക് അവിടെ ഉദ്യോഗം ലഭിക്കാൻ സൗകര്യമുണ്ട്. പ്രൈവററുമേഖലയിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് നടത്തുന്ന കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കണം. കേന്ദ്രഗവൺമെൻറ് സർവ്വീസിൽ നാല്പത്തിനാലുലക്ഷത്തോളം ഉദ്യോഗസ്ഥൻമാരുണ്ട്. ഇരുപത്തിരണ്ടര ശതമാനം ഉദ്യോഗം കൊടുക്കാമെന്നാണ് പറഞ്ഞിരുന്നത്. അങ്ങനെയാണെങ്കിൽ പത്തുലക്ഷം പേർക്ക് ഉദ്യോഗം കിട്ടുമായിരുന്നു. അഖിലേന്ത്യാടിസ്ഥാനത്തിൽപരിശോധിച്ചാൽ കുറച്ച് ആളുകൾക്കേ ജോലിയുള്ളു. തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ കേന്ദ്രഗവൺമെൻറും

LIBRARY ARCHIVES Kerala Legislative Assembly

അതിനോടനുബന്ധമായി സംസ്ഥാന ഗവൺമെൻറും പരിശ്രമിക്കണം. കേന്ദ്രഗവൺമെൻറ് ഇങ്ങനെയൊരു ബഡ്ജററ് അവതരിപ്പിച്ചത് കഷ്ടമായിപ്പോയി. ഒരു ബീഡിവലിക്കാൻ നിവർത്തിയില്ല. സോപ്പ് വാങ്ങിച്ച് മുണ്ട് നനയ്ക്കാൻ നിവർത്തിയില്ല. കോടിക്കണക്കിന് ആളുകൾ കഷ്ടപ്പെടുകയാണ്. അമ്പതുശതമാനത്തിലേറെവരുന്ന ദാരിദ്ര്യരേഖക്കുതാഴെ നിൽക്കുന്നവർ കഷ്ടപ്പെടുകയാണ്. സാധാരണക്കാരന് ആശ്വാസം നൽകുന്ന ബീഡിയ്ക്ക് നികുതി വർദ്ധിപ്പിച്ചു. ഇന്നലെവരെ കല്യാണം കഴിക്കണമെന്ന് ആഗ്രഹിച്ച പി. ബി. ആർ. പിള്ളയും ശങ്കരൻകുട്ടിയും നികുതിയെല്ലാം വർദ്ധിപ്പിച്ചതുകൊണ്ട് കല്യാണം നിർത്തിവെച്ചിരിക്കുന്നുവെന്ന് പത്രവാർത്ത. സാധാരണക്കാരനെ പ്രയാസപ്പെടുത്തുന്ന അവൻെറ ജീവിതം സ്തംഭിപ്പിച്ച ഒരു ബഡ്ജററാണ് കേന്ദ്ര ഗവൺമെൻറ് അവതരിപ്പിച്ച ബഡ്ജററ്. ആ ബഡ്ജററിനെ നഖശിഖാന്തം എതിർക്കുന്നു. നമ്മുടെ പ്രിയങ്കരനായ ശ്രീ. വരദരാജൻ നായർ അവതരിപ്പിച്ച ഈ ബഡ്ജററിനെ അനുകൂലിക്കുന്നു.

ശ്രീ. യു. എ. ബീരാൻ: സർ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജററിനെ ഞാൻ വളരെ സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. കാരണം ഈ ബഡ്ജററിൽ നികുതി ഭാരം കൊണ്ടു പൊറുതി മുട്ടുന്ന നമ്മുടെ ജനങ്ങളെ കുടുതൽ ബുദ്ധിമുട്ടിക്കുന്ന രീതിയിലുള്ള പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ല. അതുപോലെതന്നെ വിലകയററ പ്രവണത വർദ്ധിപ്പിക്കുന്ന കമ്മിപ്പണത്തിൻെറ പ്രവണത കൂടുതലായിട്ടുണ്ടാകുന്ന രീതിയിലുള്ള കസർത്തുകളൊന്നും ഈ ബഡ്ജററിൽ കാണിച്ചിട്ടില്ല. എന്നു മാത്രമല്ല വളരെ പരിമിതമായ സാമ്പത്തിക കഴിവുകൾ വച്ചുകൊണ്ടുതന്നെ ഈ സംസ്ഥാനത്തിലെ സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകരമായ രീതിയിൽ. വിശേഷിച്ചും ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ട പരിപാടികൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജററാണ്. അതുകൊണ്ട് ഈ ബഡ്ജററിനെ ഞാൻ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. മാത്രമല്ല കേരളത്തിൻെറ ചരിത്രത്തിൽ ഇദംപ്രഥമമായിട്ടാണ് ഇത്തരത്തിലുള്ള ഒരു ബഡ്ജററ് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് തീർച്ചയായും ധനകാര്യമന്ത്രി ഈ സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളുടെയും അഭിനന്ദനം അർഹിക്കുന്നു.

സർ. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ചില സ്നേഹിതന്മാർ ഈ ബഡ്ജററിൽ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ള സംഖ്യ വളരെ പരിമിതമാണെന്ന് പരാതിപ്പെട്ടു. അതുപോലെ തന്നെ മററു ചില സുഹൃത്തുക്കൾ നമ്മുടെ ജനങ്ങളുടെ ക്രയശക്തി കുറഞ്ഞുവരുന്നതു സംബന്ധിച്ച് പരാതിപ്പെട്ടിട്ടുണ്ട്. അതൊന്നും തന്നെ ഈ സംസ്ഥാന ഗവൺമെൻറിൻെറ സാമ്പത്തിക നയത്തിൻെറ പരിധിയിൽപ്പെടുന്ന കാര്യങ്ങളല്ല. ഈ രാജ്യത്ത് ഒട്ടാകെയുള്ള സാമ്പത്തിക നയത്തിൻെറ ഭാഗമായിട്ടുള്ളതാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എനിക്കു മുമ്പ് സംസാരിച്ച ശ്രീ. ജോർജ് കേന്ദ്രഗവൺമെൻറ് ഈ സംസ്ഥാനത്തോട് വളരെയധികം ഉദാരമായി പെരുമാറുന്നുണ്ടെന്ന് പറയുകയുണ്ടായി. കേന്ദ്രസംസ്ഥാന ബന്ധങ്ങളിൽ സമൂലമായ മാററം വരുത്തണമെന്ന് ഈ രാജ്യത്തെ ജനങ്ങൾ വളരെ വർഷങ്ങളായി നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. കാരണം നമ്മുടെ രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയെല്ലാം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രീകൃതമായിട്ടുള്ള നിലയിൽ ഡെൽഹിയിലാണ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ട് പിന്നോക്കം നിൽക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾ വളരെയധികം വിഷമതകൾ സഹിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനം മററു എല്ലാ കാര്യങ്ങളിലും വളരെ മുമ്പന്തിയിൽ നിൽക്കുന്നുണ്ട്. ഈ സംസ്ഥാനത്തിലെ ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളവ്യവസ്ഥയെസംബന്ധിച്ച് പറയുകയാണെങ്കിൽ കേന്ദ്രം നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനപരമായിട്ടുള്ള 196 ഉറുപ്പിക എന്ന ശമ്പളത്തോത് നടപ്പിലാക്കിക്കഴിഞ്ഞിരിക്കയാണ്. അടുത്തകാലത്താണ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വീണ്ടും വർദ്ധിപ്പിച്ചത്. അങ്ങനെ ആ വക രംഗങ്ങളിൽ വളരെ കൂടുതലായി പണം ചെലവഴിക്കുന്നുവെന്നു മാത്രമല്ല സാമ്പത്തിക ക്ഷേമപരിപാടിയുടെ കാര്യത്തിലും ഈ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുകയാണ്. അങ്ങനെ വളരെയധികം പണം സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവാക്കിയതിന്റെ ഫലമായിട്ട് ആ കാര്യങ്ങളിൽ നമ്മളെ സഹായിക്കേണ്ട കേന്ദ്രം വേണ്ടമാതിരി സഹായിക്കുന്നില്ലെന്നുള്ളതാണ് സ്ഥിതി. കാരണം ഈ ബഡ്ജററ് പ്രസംഗത്തിൽ തന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞതുപോലെ, നമ്മൾ ഏഴാം ധനകാര്യകമ്മീഷന്റെ മുമ്പിൽ സമർപ്പിച്ചിരുന്ന ആവശ്യങ്ങൾ മുഴുവൻ അംഗീകരിച്ചിട്ടില്ല. അതിൽ 125 കോടി ഉറുപ്പിക എഴുതിത്തള്ളാൻ വേണ്ടി ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തതിനെ ചില സുഹൃത്തുക്കൾ വിമർശനരൂപത്തിൽ അവതരിപ്പിക്കുകയുണ്ടായി. നമ്മൾ എല്ലാം ആവശ്യപ്പെടുന്നത് കേന്ദ്രം നൽകിയിട്ടുള്ള കടം മുഴുവൻ തന്നെയും എഴുതിതള്ളേണ്ടതാവശ്യമാണെന്നാണ് നമ്മളെപ്പോലുള്ള ഒരു സംസ്ഥാനത്തിന്, വരുമാനം വർദ്ധിപ്പിക്കാൻ നിവർത്തിയില്ലാത്ത ഒരു സംസ്ഥാനത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കണമെങ്കിൽ അതിനനുസരണമായിട്ടുള്ള സാമ്പത്തികശേഷി ഉണ്ടായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ആ സംഗതി ആലോചിക്കേണ്ടത് കേന്ദ്രമാണ്. കേന്ദ്രം വിഭവങ്ങൾ വീതിക്കുന്നകാര്യത്തിൽ കൂടുതൽ ന്യായമായ സമീപനം സ്വീകരിക്കണം. ജനതാ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര—സ്റേററ് ബന്ധത്തെ സംബന്ധിച്ച് ചർച്ച നടത്തണമെന്ന ആവശ്യം ഉന്നയിച്ചപ്പോൾ പ്രധാനമന്ത്രി അതിനെ എതിർക്കുകയാണ് ചെയ്തത്. അങ്ങനെയാണെങ്കിലും ഈ രാജ്യത്തെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കുറെയെല്ലാം മാററങ്ങൾ ഉണ്ടാക്കാൻ ഇന്ന് അവർ നിർബന്ധിതരായിരിക്കയാണ്. അതുകൊണ്ടാണ് ഈ നിലയിലുള്ള ചില ഉദാരമായ നിലപാടുകളെങ്കിലും ചെയ്യാൻ അവർ നിർബന്ധിതരായത്.

ശ്രീ. ജോർജ് പറഞ്ഞു, ഈ ബഡ്ജററ് കേന്ദ്രത്തിലെ ബഡ്ജററ് ആണോയെന്ന് തോന്നിപ്പോയി; എല്ലാം കൊണ്ടും കേന്ദ്രത്തിലെ മാതിരിയാണെന്ന്. കേന്ദ്രത്തിലെ ചരൺസിംഗ് അവതരിപ്പിച്ച ബഡ്ജററിൽ കൃഷിക്കാർ കുളിക്കാൻ പാടില്ലെന്നാണ് പറഞ്ഞത്. സോപ്പുവാങ്ങിക്കാൻ നിവർത്തിയില്ല, പല്ലുതേക്കാൻ പാടില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിനെതിരായി ഒരു കേന്ദ്രമന്ത്രിയുടെ ഭാര്യയുടെ നേതൃത്വത്തിൽ കുറെ സ്ത്രീകൾ കേന്ദ്രത്തിൽ പോയി നിവേദനം നടത്തിയ ഒരു സ്ഥിതി വിശേഷം ഉണ്ടായിരിക്കുകയാണ്. എന്നാൽ ഈ സംസ്ഥാനത്തിലെ ധനകാര്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് ഈ രാജ്യത്തെ കൃഷിക്കാർക്ക് വളരെ സഹായകമായ ബഡ്ജററാണ്. ഈ രാജ്യത്തെ കാർഷികരംഗം വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പരിമിതമായ സാമ്പത്തിക കഴിവുകൾ വിനിയോഗിച്ചുകൊണ്ട് ഈ ബഡ്ജററിൽ പ്രഖ്യാപിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട കൃഷിക്കാർ സഹകരണ സംഘങ്ങളിൽനിന്ന് കടം വാങ്ങിക്കുമ്പോൾ 3 ശതമാനം പലിശ ഇളവ് നൽകുമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിരിക്കയാണ്. ഇത് ഏററവും നല്ല കാര്യമാണ്. ഈ രാജ്യത്തെ പാവപ്പെട്ട കൃഷിക്കാർ കടം വാങ്ങാൻ വേണ്ടി ആശ്രയിക്കുന്നത് ഈ രാജ്യത്തെ സഹകരണസംഘങ്ങളെയാണ്. ഈ സംസ്ഥാന ഗവൺമെൻറ് ഇവിടെയുള്ള സാമ്പത്തിക ബാദ്ധ്യത ഏറെറടുത്തുകൊണ്ട് പലിശ നിരക്ക് കുറച്ചാൽ മാത്രം പോരാ കേന്ദ്രവും ഈ രംഗത്തു കാര്യമായി പ്രവർത്തിക്കേണ്ടതുണ്ട്. സഹകരണ രംഗത്ത് വളരെയധികം മുന്നോട്ടു പോയിട്ടുള്ള ജപ്പാനെപോലുള്ള രാജ്യങ്ങളിൽ ദേശീയാടിസ്ഥാനത്തിൽ സഹകരണബാങ്ക് ഉണ്ട്. ആ ബാങ്കാണ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. നമ്മുടെ രാജ്യത്ത് അങ്ങനെയല്ല. റിസർവ് ബാങ്കിൻെറ വാലായിട്ടാണ് സഹകരണബാങ്കുകൾ കൈകാര്യം ചെയ്തുവരുന്നത്. എന്തെല്ലാം ആവശ്യപ്പെട്ടാലും അതൊന്നും റിസർവ്ബാങ്ക് അംഗീകരിക്കാത്ത സ്ഥിതി വിശേഷമാണ് ഇന്നുള്ളത്.

ശ്രീ. പി. ബി. ആർ. പിള്ള: ഒരു പോയൻറ് ഓഫ് ഓർഡർ ഈ സഭയിൽ ഇരിക്കേണ്ട ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ വി. ഐ. പി. മാരുടെ ഗ്യാലറിയിൽ ഇരിക്കുന്നത് ആർഡറിലാണോ ?

മി. ഡെ. സ്പീക്കർ: ഇതിൽ പോയിൻറ് ഒന്നുമില്ല.

ശ്രീ. യു. എ. ബീരാൻ: കേന്ദ്ര ഗവൺമെൻറു വിചാരിക്കുകയാണെങ്കിൽ ഈ രംഗത്ത് കർഷകർക്ക് കൂടുതലായിട്ടുള്ള ഉപകാരം ചെയ്യാൻ കഴിയും. പലിശ നിരക്കു കുറയ്ക്കാൻ കഴിയും. ഈ നിലയിൽ ഈ രാജ്യത്തെ കൃഷിക്കാർക്ക് കൂടുതലായിട്ടുള്ള സഹായം ചെയ്യാനും കഴിയും. അതിന് ഇങ്ങനെ പറഞ്ഞതുകൊണ്ടായില്ല. ഡൽഹിയിൽ ഭരണം മാറി. പക്ഷേ, സാമ്പത്തിക രംഗത്ത് ഒരു മാററവും പ്രകടമായി കാണുന്നില്ല. അതാണ് ചരൺസിംഗിൻെറ ബഡ്ജററ് സൂചിപ്പിക്കുന്നത്. കുത്തകാധിപത്യത്തിനെതിരായിട്ടുള്ള പ്രവർത്തനം നടത്താത്തിടത്തോളം കാലം ഇതൊന്നും പരിഹരിക്കാൻ സാദ്ധ്യമല്ല. എത്ര തന്നെ പരിശ്രമിച്ചാലും ഇവിടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമോ ? ഈ സംസ്ഥാനത്ത് രൂക്ഷമായ തൊഴിലില്ലായ്മയുണ്ട്. 12 ലക്ഷത്തോളം ആളുകൾക്കു ജോലിയില്ല. അതിൽതന്നെ 1/4 ലക്ഷത്തിലധികം പോസ്ററുഗ്രാജ്വേററുകളാണുള്ളത്. അവർ ജോലിയില്ലാതെ അലഞ്ഞുനടക്കുകയാണ്. ഇവിടെ ജോലിയില്ലാതെ അന്യരാജ്യങ്ങളിൽ പോയി ജോലിചെയ്യുന്ന ആളുകൾക്ക് ഇനി കണ്ടെപ്പാറുതി ഇല്ലാത്ത രീതിയിൽ പെരുമാറികൊണ്ടിരിക്കുന്നു. ഇവിടെ നിന്നു ലക്ഷക്കണക്കിനാളുകൾ ജോലി അന്വേഷിച്ച് ഗൾഫ് രാജ്യങ്ങളിൽ പോയി വളരെ ബുദ്ധിമുട്ടി അവിടുത്തെ കാലാവസ്ഥയുമായി പടപൊരുതി അദ്ധ്വാനിച്ച് പണം ഉണ്ടാക്കുന്നു. ആ പണത്തെ സംബന്ധിച്ച് ഇവിടെ വളരെ ഗുരുതരമായ ചർച്ചകൾ നടത്തുകയാണ്. ബഡ്ജററ് പ്രസംഗത്തിൽ 1,800 കോടി രൂപയുടെ വിദേശനാണ്യം ഈ ഇനത്തിൽ ഇവിടെ വരുന്നുണ്ട്, അതിൽ 400 കോടി രൂപ കേരളത്തിലേക്കാണ് വന്നത് എന്നു പറയുകയുണ്ടായി എവിടെ നിന്ന് ഈ കണക്ക് കിട്ടിയെന്നു മനസ്സിലാകുന്നില്ല, ഈ കണക്ക് ആവർത്തിച്ച് പറയുന്നത് ആ രാജ്യത്തെ ഗവൺമെൻറുകൾ കാര്യമായി ശ്രദ്ധിക്കുന്നുണ്ടെന്നും കൂടി മനസ്സിലാക്കണം. ഇവിടെ നിന്ന് ആളുകൾ പോയി അദ്ധ്വാനിച്ച് ജോലിചെയ്ത് കാശ് ഉണ്ടാക്കുകയാണ്. ഈ രാജ്യത്തുനിന്ന് ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി എടുക്കുന്ന നമ്മുടെ സഹോദരന്മാരുടെ അദ്ധ്വാനത്തിൻെറ ഫലമായിട്ട് വളരെയധികം കുടുംബങ്ങളിലെ ജീവിതനിലവാരം ഗണ്യമായി ഉയർന്നിട്ടുണ്ടെന്ന് മന്ത്രിതന്നെ സമ്മതിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അത് നല്ല കാര്യമല്ലേ ? കോടിക്കണക്കിനു രൂപയുടെ കണക്ക് പറഞ്ഞു കൊണ്ട് ഇതുസംബന്ധിച്ചു വാദപ്രതിവാദം നടത്തുമ്പോൾ നമ്മുടെ സഹോദരന്മാർക്ക് ജോലികൊടുക്കുന്ന നമ്മുടെ ഗവൺമെൻറുകൾ അതിനെ സംബന്ധിച്ച് ശ്രദ്ധിക്കുന്നുണ്ടെന്നുള്ള വസ്തുത കൂടി ആലോചിക്കേണ്ട തായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന് അത് ഗുണം ചെയ്യുമോ എന്ന കാര്യം ആലോചിക്കേണ്ടതുണ്ട്. അങ്ങനെ വരുന്ന പണം ഇവിടെ പബ്ലിക് അണ്ടർറേക്കിംഗ്സിൽ നിക്ഷേപിക്കണമെന്ന് ആവശ്യപ്പെടുകയാണ്. എങ്ങനെയാണ് അങ്ങനെ നിക്ഷേപിക്കുക ? അവർ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം ഈ മാതിരിയുള്ള പൊതുമേഖലാ സ്ഥാപനത്തിൽ നിക്ഷേപിക്കണമെന്ന് അവരെ എങ്ങനെ നിർബന്ധിക്കാൻ കഴിയും ? പൊതുമേഖലാ സ്ഥാപനമെല്ലാം തന്നെ ഭീമമായ നഷ്ടത്തിലാണ് നടക്കുന്നത്. നമ്മുടെ സഹോദരൻമാർ അവിടെ പോയി വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കുന്ന പണം, അവിടുത്തെ കാലാവസ്ഥയുമായി പടപൊരുതികൊണ്ട് ഉണ്ടാക്കുന്ന പണം എങ്ങനെയാണ് ഇപ്രകാരം നിക്ഷേപിക്കുക ? അവരുടെ കൂട്ടത്തിലുള്ളവർ വലിയ വീടുകൾ ഉണ്ടാക്കുന്നു, ഭൂമിക്ക് വിലകൂട്ടുന്നു എന്നാണ് പറയുന്നത്. ചുരുക്കം ചില കച്ചവടക്കാർ അങ്ങനെ ചെയ്യുന്നുണ്ടായിരിക്കാം. സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം അവിടെ പോയി ശമ്പളത്തിന് ജോലി ചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം വളരെ അമിതമായിട്ടുള്ള രീതിയിൽ ചിലവാക്കാനുള്ള സാദ്ധ്യതയില്ല. മിച്ചം ഉണ്ടെങ്കിൽ തന്നെ മിച്ചം വരുന്ന സംഖ്യ നമ്മുടെ സംസ്ഥാനത്തിന്റെ ഗുണകരമായിട്ടുള്ള നടത്തിപ്പിനുവേണ്ടി, സംസ്ഥാനത്തിന്റെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് വേണ്ടി നിക്ഷേപിക്കേണ്ടതായിട്ടുണ്ട്. അതിന് മററു മാർഗ്ഗങ്ങൾ ആരായേണ്ടതാണ്. അവർക്കും നമുക്കും ഗുണകരമായിട്ടുള്ള രീതിയിൽ അക്കാര്യം നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

അതുപോലെതന്നെ മറെറാരു പ്രധാനകാര്യം, നമ്മുടെ സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത മേഖലയിൽ വലിയ വ്യവസായങ്ങൾ ഇല്ല എന്നുള്ളതാണ്, കേന്ദ്രത്തിന്റെ കീഴിലുള്ള ഒരു വ്യവസായവുമില്ലാത്ത സംസ്ഥാനമാണ് കേരളം. എന്തുകൊണ്ട് നമുക്ക് ആ കാര്യത്തെ സംബന്ധിച്ച് കൂടുതലായി നിർബന്ധമായി പറഞ്ഞുകൊണ്ട് ഇവിടെകുറെ ആളുകൾക്ക് തൊഴിലവസരം ഉണ്ടാക്കുന്ന രീതിയിലുള്ള കേന്ദ്ര മേഖലയിലുള്ള വലിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി ശ്രമിച്ചുകൂടാ ? അതിനുള്ള ശ്രമം നടത്തേണ്ടതായിട്ടുണ്ട്. ഇതു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ധാരാളമായി വെള്ളമുണ്ട്, വിദ്യുച്ഛക്തി സുലഭമായി ഉണ്ട്, ധാരാളം ആളുകളുണ്ടെന്നു ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടെ ഈ സംസ്ഥാനത്ത് വ്യവസായം വളരുന്നില്ല. എക്കണോമിക്, സർവേയുടെ അടിസ്ഥാനത്തിലുള്ള കണക്കനുസരിച്ച് ഇവിടെയുണ്ടാകുന്ന തൊഴിലവസരങ്ങൾ തന്നെ പബ്ളിക് സെക്ടറിൽ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ പ്രൈവററ് സെക്ടറിൽ ഉണ്ടാവുന്നില്ല. എന്നാൽ ഇവിടെ സ്വകാര്യമേഖലയിൽ വ്യവസായം വളരുന്നില്ലെന്നു മാത്രമല്ല ഈ സംസ്ഥാനത്തിൽ വ്യവസായം ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുകയാണ് ചെയ്യുന്നത്. എന്താണ് അതിനുകാരണം? ഇതേസംബന്ധിച്ച് കാര്യമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ ആളുകൾ എന്തുകൊണ്ട് വ്യവസായം നടത്താൻ മററു സംസ്ഥാനങ്ങളിൽ പോകുന്നു ? കശുവണ്ടിയെ സംബന്ധിച്ച് ഇവിടെ പറയുന്നുണ്ട്. കശുവണ്ടി ധാരാളമായി തമിഴ്നാട്ടിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നു. എന്തുകൊണ്ട് കടത്തിക്കൊണ്ടു പോകുന്നു? അവിടെ ഫാക്ടറികൾ എന്തുകൊണ്ടു പ്രവർത്തിക്കുന്നു? ഇവിടെ എന്തുകൊണ്ട് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല?

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജററ് പ്രസംഗത്തിൽ വളരെയധികം ബൃഹത്തായ വുഡ് കോംപ്ലക്സിനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്. വളരെ വർഷങ്ങളായി പറയാൻ തുടങ്ങിയിട്ട്. ലോകബാങ്കിന്റെ സഹായത്തോടുകൂടി നിലമ്പൂർ ഭാഗത്ത് വുഡ് കോംപ്ലക്സ് വരാൻ തുടങ്ങുന്നു എന്നു പറഞ്ഞിട്ട് കുറേ നാളുകളായി. ഇതുവരെ അതു തുടങ്ങിയിട്ടില്ല. നമ്മുടെ സംസ്ഥാനത്തിലെ ഒരു വലിയ വ്യവസായി ഇപ്പോൾ വുഡ് കോംപ്ലക്സ് സ്ഥാപിക്കാൻ പോയിട്ടുള്ളത് മദ്ധ്യപ്രദേശിലാണ്. അങ്ങനെ നമ്മുടെ സംസ്ഥാനത്തിലെ വ്യവസായികൾ ഇവിടെ വ്യവസായം സ്ഥാപിക്കാതെ മററു സംസ്ഥാനങ്ങളിൽ, തമിഴ്നാട്ടിലും കർണ്ണാടകത്തിലും പോകുന്നത് എന്തുകൊണ്ടാണെന്നു കാര്യമായി ആലോചിച്ച് അതിനു പരിഹാരം ഉണ്ടാക്കാൻവേണ്ടി പരിശ്രമിക്കണം.

അതുപോലെതന്നെ ഒരു പ്രധാനസംഗതി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് നമ്മുടെ മൽസ്യവ്യവസായത്തെ സംബന്ധിച്ചാണ്. സമുദ്രോൽപ്പന്നങ്ങളിൽനിന്നുള്ള വരുമാനം കുറഞ്ഞു കുറഞ്ഞുവരുന്നു എന്നുള്ളത് നമ്മെ എല്ലാവരേയും ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയാണ്. നമുക്ക് വലിയൊരു തീരപ്രദേശമുണ്ട്, ധാരാളം മൽസ്യസമ്പത്തുണ്ട്, പക്ഷേ അതു ശരിക്കു ചൂഷണം ചെയ്യുന്നുണ്ടോ എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കണം. ഞാൻ ഒരു പുസ്തകത്തിൽ വായിച്ചു, കർണ്ണാടക സംസ്ഥാനവും ലക്ഷദ്വീപും ചേർന്നുകൊണ്ട് ആഴക്കടൽ മൽസ്യബന്ധനത്തിനുള്ള ഒരു ഏകീകൃത പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ പോകുന്നു എന്ന്. എന്തുകൊണ്ട് നമുക്ക് അതുപോലുള്ള ചില വൻകിട പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാനും വൻതോതിലുള്ള മൽസ്യബന്ധനത്തിനുള്ള ഏർപ്പാടും ചെയ്തുകൂടാ? കടൽത്തീരത്തുള്ള മൽസ്യബന്ധനത്തിനു പുറമേ ആഴക്കടൽ മൽസ്യബന്ധനത്തിനുള്ള വിപുലമായ പരിപാടികൂടി എവിടെനിന്നെങ്കിലും സഹായം വാങ്ങിക്കൊണ്ട് എന്തുകൊണ്ട് നടപ്പിലാക്കിക്കൂടാ? ദ്വീപുകളുമായി ബന്ധപ്പെട്ടുകൊണ്ട് ആഴക്കടൽ മൽസ്യബന്ധന പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ തീരപ്രദേശത്തിന്റെ മുഖഛായതന്നെ മാററാൻ കഴിയും. വളരെ വർഷങ്ങൾക്കുമുമ്പ് ഒരു മാസ്ററർ പ്ലാൻ മൽസ്യബന്ധനത്തിനു വേണ്ടി തയ്യാറാക്കിയിരുന്നു. ആ മാസ്ററർ പ്ലാൻ ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് സ്ഥിതി. ഈ രീതിയിൽ പോയാൽ മൽസ്യബന്ധനത്തിൽനിന്നുള്ള വരുമാനം കുറഞ്ഞു കുറഞ്ഞു വരും. അത് ആശങ്കാകുലമായ സ്ഥിതിവിശേഷം. ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് അതിനു പരിഹാരം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അതുപോലെ തീരപ്രദേശത്തിന്റെ വികസനത്തിനുവേണ്ടി കാര്യമായി എന്തെങ്കിലും ചെയ്യണം. മലയോരപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി അതോറിട്ടി ഉണ്ടാക്കുന്നുണ്ട്. അതുപോലെതന്നെ പശ്ചിമഘട്ട വികസനത്തിനുവേണ്ടി പദ്ധതി ഉണ്ടാക്കുന്നുണ്ട്. അപ്രകാരം തീരപ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി പ്രത്യേകമായ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് തീരപ്രദേശത്തിലെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്

പിന്നെ ഗൾഫ് രാജ്യങ്ങളിൽനിന്നു പണം വരുന്നതിനെ സംബന്ധിച്ച് പറഞ്ഞു. അവിടെ പണിയെടുക്കുന്ന ആളുകൾക്ക് വേണ്ട സഹായം ചെയ്യുന്ന കാര്യത്തിലാണ് എന്തെങ്കിലും കാര്യമായി ചെയ്യേണ്ടത്. ആ കാര്യത്തിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കുറെ സഹായിച്ചു. അവർക്ക് ബോംബെയിലെ തിരക്ക് കുറയ്ക്കാൻവേണ്ടി തിരുവനന്തപുരത്തുനിന്നും ദുബായിലേക്കും കുവൈററിലേക്കും വിമാനസർവീസ് ഏർപ്പെടുത്തി. അതുകൊണ്ടു മാത്രമായില്ല. സൗദിഅറേബ്യയിലെ ജിദ്ദായിലേയ്ക്കും, ഖത്തറിലെ ദോഹായിലേയ്ക്കും നേരിട്ട് ഇവിടെനിന്നു വിമാനസർവ്വീസ് ആരംഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള നടപടികൾകൂടി സ്വീകരിക്കണം. അതുപോലെ അവിടെ ജോലി ചെയ്യുന്നവരിൽ വടക്കൻ പ്രദേശങ്ങളിലുള്ളവർ കൂടുതൽ ആളുകളുണ്ട്. തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ധാരാളം ആളുകളുണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടി കോഴിക്കോടു വിമാനത്താവളത്തിന്റെ പ്രവർത്തനം കഴിയുന്നത്ര വേഗം ആരംഭിക്കാൻ നാം ആവശ്യപ്പെടണം. കേന്ദ്രഗവൺമെന്റ് ആ കാര്യത്തിൽ സഹായിക്കണം. ഗൾഫ് രാജ്യങ്ങളിൽപോയി വരുന്ന ആളുകൾക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ഈയ്യിടെ ഒരു കപ്പൽ കൊച്ചിയിൽനിന്നു പുറപ്പെടാനുള്ള ഏർപ്പാട് ചെയ്തപ്പോൾ എന്തോ തകരാറുമൂലം കപ്പൽ പുറപ്പെട്ടില്ല എന്നുള്ള റിപ്പോർട്ട് കണ്ടു. ഗൾഫിലേക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുമെന്നു പറഞ്ഞിട്ട് അതു തുടങ്ങാൻ നിശ്ചയിച്ച തീയതിക്ക് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ തടസ്സം നീക്കേണ്ടതായിട്ടുണ്ട്.

അതുപോലെ പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ബീഡിവ്യവസായം സഹകരണരംഗത്ത് കൂടുതൽ വികസിപ്പിക്കാനുള്ള പദ്ധതിയുണ്ടെന്ന് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത് വളരെയധികം സ്വാഗതാർഹമാണ്. പ്രത്യേകിച്ച് ഉത്തരകേരളത്തിലെ കണ്ണൂർ മേഖലയിലുള്ള ദിനേശ് ബീഡിപോലുള്ള സഹകരണസംഘങ്ങൾ സ്ഥാപിച്ചുകൊണ്ട് ഈ രംഗത്തെ വ്യാപിപ്പിക്കാനും പ്രോൽസാഹിപ്പിക്കാനും കഴിയും. അതിനുള്ള സാദ്ധ്യതയുണ്ട്. ആ കാര്യംകൂടി ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഇത്തരത്തിലുള്ള മാതൃകാപരമായ, നിരുപദ്രവമായ ഒരു നല്ല ബഡ്ജററ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബഡ്ജററിനെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(Shri. K. K. Balakrishnan in the Chair)

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഈ ബഡ്ജററ് അവതരിപ്പിച്ചിരിക്കുന്ന ഗവൺമെന്റിനെക്കുറിച്ചു ചിന്തിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് കായംകുളം കൊച്ചുണ്ണി, വെള്ളായണി പരമു തുടങ്ങിയ കവലച്ചട്ടമ്പിമാരെക്കുറിച്ചാണ്. ഈ കവലച്ചട്ടമ്പിമാർ കൊള്ളയടിച്ച് അതിൽ നല്ലൊരുഭാഗം സ്വന്തം ആളുകളെ നിലനിർത്താൻവേണ്ടി ചെലവാക്കിയ ശേഷം, വല്ലപ്പോഴുമൊക്കെ ചില സാധുക്കളെയൊക്കെ സഹായിക്കുമായിരുന്നു. അതുമിക്കവാറും അവർക്കു ചില പ്രത്യേക സഹായങ്ങൾ ചെയ്തിരുന്ന ആളുകളെ സഹായിച്ചിരുന്നു എന്നുള്ളതാണു സത്യം.

അതുപോലെ ഈ ഗവൺമെന്റ്, കള്ളുകൊടുത്തു കൊള്ളയടിക്കുന്ന ഒരു 50 കോടി, നികുതി വർദ്ധിപ്പിക്കുന്നില്ലായെന്നുപറഞ്ഞുകൊണ്ട് യഥാർത്ഥത്തിൽ സെയിൽസ്ടാക്സ് വർദ്ധിപ്പിച്ചുകൊണ്ട് ആ ഇനത്തിൽ വരുമാനം 14.5; കോടി; അങ്ങനെയുണ്ടാക്കുന്ന വരുമാനത്തിൽ ഒരു ചെറിയഭാഗം ഈ രാജ്യത്തിലെ 60 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ സഹായിക്കാൻവേണ്ടി, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു 9 കോടി ചെലവാക്കുന്നു. ബഡ്ജററു പ്രസംഗത്തിന്റെ പേരിൽ നമ്മുടെ ഡിപ്പാർട്ടുമെന്റുകളുടെ എല്ലാംകൂടി ഒരു കൺസോളിഡേററഡ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു വായിച്ചുകൊണ്ടിരുന്ന നമ്മുടെ ധനകാര്യമന്ത്രിയെക്കണ്ടപ്പോൾ എനിക്കോർമ്മവന്നത്-എട്ടെട്ടു പെൺമക്കളുള്ള ഒരു തള്ള, എല്ലാപേരേയും വിവാഹം കഴിച്ചു കൊടുത്തിട്ട് മക്കൾ ഇപ്പോൾ സാമാന്യം നല്ലനിലയിൽ ജീവിക്കുന്നത് ഓർത്ത് സന്തോഷിക്കുകയും,

LIBRARY ARCHIVES Kerala Legislative Assembly

ചില മരുമക്കളുടെ സ്വഭാവദൂഷ്യമോർത്തു വല്ലപ്പോഴും ദുഃഖിക്കുകയും എന്നാൽ ഇനിയൊന്നും ചെയ്യാനില്ലെന്നമട്ടിൽ സംതൃപ്തിയടഞ്ഞിരിക്കുകയും ചെയ്യുന്ന ഒരു അമ്മയെക്കുറിച്ചാണ്.

ഇവിടെ അദ്ദേഹം അഞ്ചാംപദ്ധതിയുടെ ആരംഭത്തിലുണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധിയെയോർത്തുഞെട്ടുന്നു. 31 കോടിയുടെ ഡെഫിസിററ് വെയിസ് ആൻറ് മീൻസ് നില മോശമായിരുന്നു; റിസർവ്വ്ബാങ്ക് ഇടപാടുകറം നിർത്തിവച്ചു, കേന്ദ്രത്തിൽനിന്നും അഡ്വാൻസ് വാങ്ങേണ്ടിവന്നു; അതുകഴിഞ്ഞുടനെ അദ്ദേഹം അൽപ്പം സാന്ത്വനപ്പെടുന്നു. അതിനുകാരണം ബഹുമാന്യനായ ലക്കടാവാലാ അംഗമായിരുന്ന അഞ്ചാം ധനകാര്യകമ്മീഷൻെറ അവാർഡിൻെറ അപാകതകറം മാത്രമായിരുന്നുവെന്നു സന്തോഷിക്കുന്നു. അതുകഴിഞ്ഞ് അദ്ദേഹം ഊററിയൂറി ചിരിക്കുകയാണ്. ഗവർണ്ണറെക്കൊണ്ടുപറയിപ്പിച്ചു, 1978 വർഷം രാഷ്ട്രീയ സുസ്ഥിരതയും പുരോഗതിയും കൈവരിച്ച വർഷമായിരുന്നുവെന്ന്. ആ വർഷം ആരംഭിക്കുമ്പോറം റവന്യൂ സർപ്ലസ് 29 കോടിയുണ്ടായിരുന്നു. പ്രതിശീർഷവരുമാനം 6.5 ശതമാനം വർദ്ധിച്ചു. നെല്ലുൽപ്പാദനം 41 ലക്ഷം ടൺ വർദ്ധിച്ചു. മീൻ ഉൽപ്പാദനം 1.4 ലക്ഷംടൺ വർദ്ധിച്ചു. റവന്യൂ റസീപ്ററ് 5 കോടി വർദ്ധിച്ചു. ഡെഫിസിററ് 22 ഉണ്ടാകുമെന്നു പ്രതീക്ഷിച്ചത്, 4 കോടിയായിമാറി. അങ്ങനെ നില ഭദ്രം. ഈ നില കൈവരിക്കാൻ സഹായിച്ച കേന്ദ്രഗവൺമെൻറിൻെറ മുന്നിൽ ആറാം ധനകാര്യകമ്മീഷൻെറ മുന്നിൽ അദ്ദേഹം സ്തുതിപാടുന്നു. ഗവർണ്ണറെക്കൊണ്ടുപറയിപ്പിച്ചു—''ഇൻഡ്യാഗവൺമെൻറ് അരിയും ഗോതമ്പും ആവശ്യംപോലെ നൽകിയിരുന്നു.'' ക്ലോസിംഗ് ഡെഫിസിററ് ഇല്ലാതിരുന്നിട്ടും, സർപ്ലസ് 4 കോടിയുണ്ടായിരുന്നിട്ടും, ഡെഫിസിററ് കവർ ചെയ്യാൻവേണ്ടി കേന്ദ്രഗവൺമെൻറ് കൊടുക്കുന്ന 15 കോടിരൂപയുടെ ലോൺ വാങ്ങിക്കുന്നു. ശിവരാമൻനായർ കമ്മീഷൻ ചെയർമാനായിരുന്ന ആറാം ധനകാര്യകമ്മീഷൻെറ മുന്നിൽ അദ്ദേഹം മുട്ടുകുത്തുന്നു, വാലാട്ടുന്നു, എന്നിട്ടദ്ദേഹം ഊററംകൊള്ളുന്നു, അഞ്ചാം പഞ്ചവൽസര പദ്ധതിയുടെ വലിപ്പത്തെയോർത്തു ഊററംകൊള്ളുന്നു. ആകെ അടങ്കൽ 563 കോടി ഉണ്ടായിരുന്നത് 680 കോടിയായി വർദ്ധിച്ചു. അവസാനത്തെ വർഷത്തിൽ 184 കോടി 195 കോടിയായി വർദ്ധിച്ചു. എനിക്കു ഒരു ചോദ്യം ചോദിക്കാനുണ്ടു സർ. ഈ കോടിയുടെ കണക്കുപറഞ്ഞു, ഇതിൽ എത്രശതമാനം ക്യാപ്പിററൽ ഇൻവെസ്ററ്മെൻറിനുവേണ്ടി ഉപയോഗിച്ചുവെന്നും എത്ര ശതമാനം റവന്യൂ എക്സ്പെൻറിച്ചർ ആയിരുന്നുവെന്നുള്ളതിൻെറ കണക്ക് ധനകാര്യമന്ത്രിയുടെ കൈയിൽ ഉണ്ടെങ്കിൽ അത് ഈ സഭയെ അറിയിച്ചാൽ കൊള്ളാം.

ശ്രീ. എസ്. വരദരാജൻ നായർ: നോക്കിയാൽ മനസ്സിലാകുമെന്നു വിചാരിച്ചാണ് പറയാത്തത്. വേണമെങ്കിൽ പറയാം.

ശ്രീ. ആർ. സുന്ദരേശൻ നായർ: പിന്നെ പരാതി, പരിഭവം എൻ. ഡി. സി. യോടാണ്. കേന്ദ്രാവിഷ്കൃത പദ്ധതികറംക്കുവേണ്ടി മാററിവച്ച തുകയിൽനിന്നും, സംസ്ഥാന പദ്ധതികളിലേക്കു മാററിയ 2000 കോടിരൂപ പങ്കിടുന്നകാര്യത്തിൽ ഒരു ഉറച്ചനിലപാടു എൻ. ഡി. സി. എടുത്തില്ലെന്നാണ്. ആ എൻ. ഡി. സി. യിൽ അംഗങ്ങളുടെ കൂട്ടത്തിൽ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രിയുമുണ്ട്. പിന്നോക്കസംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എല്ലാമുണ്ട്. അവിടെ ശക്തിയായി വാദിക്കാൻ, ധൈര്യത്തോടുകൂടി—നട്ടെല്ലോടുകൂടി വാദിക്കാൻ അർഹമായ തുക തന്നില്ലെങ്കിൽ പ്രതിഷേധിച്ചു പുറത്തുപോകാൻ നമ്മുടെ മുഖ്യമന്ത്രി തയ്യാറായിട്ടുണ്ടോയെന്നു ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ അടുത്തവർഷത്തെ പദ്ധതിയുടെ സൈസിനെക്കുറിച്ചു പറയുന്നു. 170 കോടിരൂപയാണ് പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചത്. ഇതിൽ 70 കോടിരൂപയാണ് കേന്ദ്രഗവൺമെൻറിൻെറ വിഹിതം. 70 കോടി തന്നെ കിട്ടുമോയെന്നകാര്യം തീർച്ചയായിട്ടില്ല. ലക്കടൊവാലായാണ് വൈസ്ചെയർമാൻ. അതുപോരാത്തതുകൊണ്ട് 265 കോടിയായി വർദ്ധിപ്പിക്കുന്നു. അതുനടപ്പിലാക്കാൻ സഹായിക്കുമോ? അടുത്ത വർഷത്തെ ബഡ്ജററിനെക്കുറിച്ച് അതിൻെറ നല്ലവശങ്ങളെക്കുറിച്ച് ഇവിടെ ഒരുപാടുകാര്യങ്ങൾ പറഞ്ഞു. കള്ളുവിററ് 50 കോടിയുണ്ടാക്കും; സെയിൽസ്ടാക്സ് 14.5 കോടിയായി വർദ്ധിപ്പിക്കും, കഴിഞ്ഞവർഷം ചെയ്തിരുന്ന എല്ലാക്കാര്യങ്ങളും ആവർത്തിക്കും, എല്ലാം ചെയ്യും, 70 കോർപ്പറേഷനുകൾ പുതിയതായി തുടങ്ങും, എസ്. എഫ്. ഡി. എ., ഇൻറഗ്രേറഡ് ഡവലപ്പ്മെൻറ് പ്രോജക്ററ്, വയോജന വിദ്യാഭ്യാസം തുടങ്ങിയ കേന്ദ്രാവിഷ്കൃതപദ്ധതികൾ നടപ്പിലാക്കും, തൊഴിലില്ലായ്മ വേതനം വെട്ടിച്ചുരുക്കും എന്നൊക്കെ. തൊഴിലില്ലായ്മ ഇല്ലാതാക്കാനും, പരിഹരിക്കാനുമുള്ള ഒരേ ഒരു മാർഗ്ഗം വ്യവസായവൽക്കരണമാണ്.

ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെക്കൊണ്ടു വിത്തുകച്ചവടം നടത്തും. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കായി 9 കോടി രൂപ ചെലവാക്കും. പുതിയ മാനേജുമെൻറുകളെ കണ്ടുപിടിക്കാൻ ഗവൺമെൻറ് സ്കൂളുകളെ അപ്ഗ്രേഡുചെയ്യാതെ, സ്കൂളുകൾ നടത്തിവരുന്ന എസ്. എൻ. ഡി. പി., എൽ. എം. എസ്., എൻ. എസ്. എസ്. തുടങ്ങിയ സംഘടനകളെയൊന്നുമല്ലാതെ പുതിയ പുതിയ മാനേജുമെൻറുകളെ കണ്ടുപിടിക്കാനനുയോജ്യമായ സ്ഥലങ്ങൾ കണ്ടുപിടിച്ചു പുതിയ 300 സ്കൂളുകൾ അനുവദിക്കും. പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നു സത്യം പറയും. പരമ്പരാഗത വ്യവസായങ്ങളെ തകർക്കുകയും, തൊഴിലാളികളെയോർത്തു കണ്ണീർ വാർക്കുകയും ചെയ്യും. ഓവർഡ്രാഫ്ററ് വെട്ടിക്കുറച്ചതിനു നന്ദിപറയും. ഇങ്ങനെ ഒരുപാടു നല്ലകാര്യങ്ങൾ ചെയ്യും. ഒരൊററതടസ്സമേയുള്ളു, ഈ രാജ്യത്തിലെ ഉദ്യോഗസ്ഥൻമാർ മാത്രമാണു തടസ്സം. ഇവിടെ ഭരണ കക്ഷിയിലെഅംഗങ്ങൾക്കെല്ലാം ഈ നല്ലകാര്യങ്ങൾനടപ്പിലാക്കുന്ന കാര്യത്തിൽ സംശയമുള്ളത്, ഈ രാജ്യത്തിലെ ഉദ്യോഗസ്ഥൻമാരെക്കുറിച്ചാണ്. അവർ മുഴുവനും അഴിമതിക്കാരാണെന്നാണ് പറയുക. ഞാൻ പറയുന്നു സർ, ഈ രാജ്യത്തിലെ രാഷ്ട്രീയ രംഗത്തു കാണുന്ന അഴിമതിയാണ്; രാഷ്ട്രീയ രംഗത്തുള്ള അഴിമതിയുടെ ഒരു ചെറിയഭാഗം മാത്രമാണ് ഉദ്യോഗസ്ഥ രംഗത്തുകാണുന്നത്. നമ്മുടെ നേതൃത്വത്തിൻെറ ഇടയിൽ, മന്ത്രിമാരുടെ ഇടയിൽ, രാഷ്ട്രീയപ്പാർട്ടികളുടെ ഇടയിൽ കാണുന്ന അഴിമതിയുടെ ഒരുഭാഗം മാത്രമാണ് ഉദ്യോഗസ്ഥ രംഗത്തുകാണുന്നത്. മന്ത്രിയും അദ്ദേഹത്തിൻെറ വകുപ്പുസെക്രട്ടറിയും കൂടി ഒന്നിച്ചു കള്ളുകുടിക്കുന്ന ഒരു രാജ്യത്തിൽ ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കാൻ എത്രകണ്ടു ഈ ഗവൺമെൻറിന് സാധിക്കുമെന്നു ഞാൻ ചോദിക്കുകയാണ്; സർ.

<u>ശ്രീ. പി. ബി. ആർ. പിള്ള:</u> ആരെന്നുപറയാമോ?

ശ്രീ. ആർ. സുന്ദരേശൻ നായർ: മന്ത്രിമാരെക്കുറിച്ചുള്ള അഴിമതി അന്വേഷിക്കുന്നതിനു വന്നിരിക്കുന്ന കേന്ദ്രഗവൺമെൻറ് ഉദ്യോഗസ്ഥൻമാർ സിനിമാനടികളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ടു തിരിച്ചുപോകുന്ന ഒരു രാജ്യത്തു ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ അഴിമതി ഇല്ലാതാക്കാൻ, ഡിസിപ്ലിൻ പാലിക്കാൻ ഈ രാഷ്ട്രീയക്കാർക്കു സാധിക്കുകയില്ല. ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അച്ചടക്കം ഉണ്ടാകേണ്ടതു ഇവിടത്തെ രാഷ്ട്രീയ രംഗത്താണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു, മൂന്നു ദശാബ്ദക്കാലത്തെ

. . . .

ശ്രീ. ടി. എം. ജേക്കബ്: സർ, സിനിമാനടിയെന്നു പറഞ്ഞു; സിനിമാനടിയുടെ പേർപറയാതെ ഇങ്ങനെ പരാമർശനം നടത്തുന്നത് ഓർഡറിലാണോ?

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്രത്യേകിച്ച് പേർപറയുന്നതേ ഓർഡറിൽ അല്ലാതുള്ളു. സർ, ഗവർണ്ണറുടെ പ്രസംഗം അവസാനിക്കുന്നത് ഇങ്ങനെയാണ്. 3 ദശാബ്ദക്കാലത്തെ ആസൂത്രണത്തിനുശേഷവും നമ്മുടെ നാട്ടിലെ വലിയ ഒരുവിഭാഗം ജനങ്ങൾ വെറും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സുഭിക്ഷതയുടെ മദ്ധ്യത്തിൽ, ദുർഭിക്ഷത ഇല്ലാതിരിക്കത്തക്ക വണ്ണം സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തേണ്ടി യിരിക്കുന്നു. ഇതാണ് വാസ്തവത്തിൽ ബഡ്ജററിൽ കാണേണ്ട നയ വ്യതിയാനം. ഈ നയവ്യതിയാനം ഈ ബഡ്ജററിൽ കാണുന്നില്ലെന്നുള്ള താണു സത്യം. ഇന്നു രാഷ്ട്രീയ സ്വാധീനത്തിന്റെമേൽ അവശത ക്കെതിരായി ഗവൺമെന്റ് ചെലവാക്കിക്കൊണ്ടിരിക്കുന്ന മുഴുവൻ പണത്തിന്റേയും പ്രയോജനം ഈ രാജ്യത്തിലെ സമ്പന്നവിഭാഗങ്ങളിൽ കുന്നുകൂടിക്കൊണ്ടിരിക്കുന്നു സർ. അതിൽനിന്നും വ്യത്യസ്തമായ ഒരു നയം, അവശതക്കെതിരായി ഗവൺമെന്റു ചെലവാക്കുന്ന മുഴുവൻ ധനത്തിന്റേയും പ്രയോജനം ഈ രാജ്യത്തിലെ 60 ശതമാനം വരുന്ന ദരിദ്ര കുടുംബങ്ങളിൽമാത്രം എത്തിച്ചേരാൻവേണ്ട നയവ്യതിയാനം ഉൾക്കൊള്ളാൻ കഴിയാത്ത ഈ ബഡ്ജററിനെ, ഈ ബൂർഷ്വാ പിൻതിരിപ്പൻ ബഡ്ജററിനെ എതിർത്തുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri M. Ramappa: Sir, I stand to support this budget. I have no hesitation in congratulating the Minister who has presented this budget. Before going into the details of the budget, I like to point out one thing. What should be our basic approach towards this budget? According to me, there should be three objectives. Firstly, disparity among various sections of people should be removed, and the economic growth should be regulated in such a way that we are in a position to improve the living conditions of the weaker sections.

Secondly, I see that there is disparity in the development of variou regions. So this budget should aim at uniform development of all the regions of this state. The national minorities are there; the religious minorities are there; and the lin uistic minorities are there in our State. The policy of the Government should be i such a way that all these minorities are made to feel that they are part and parcel of this State.

The aspect of national integration is another important factor to be aimed at through this budget. Sir, I don't think that there is any difference of opinion when I say that almost all parties are now committed to socialism. I know, it is a very distant dream of ours; but still if we achieve the above objectives, I am sure, we are on the way to

LIBRARY ARCHIVES Kerala Legislative Assembly

socialism. Sir, I am really proud to say that this Government has taken the first step to socialism by implementing the land reforms. So by the implementation of land reforms, we have abolished completely the land lordism in our State. 30 lakhs of peasant propritors are there now. Most of them are small and marginal farmers. Every year, nearly Rs. 18 crores was being paid by these poor farmers by way of rent to land lords. The fruit of their sweat is their own now.

We find Sir, that this Government, in this budget, has a new and comprehensive programme to improve the living conditions of these 30 lakhs and odd poor peasants. You can see Sir, the comprehensive programme gives details of various schemes. There is a scheme to integrate the national resources. The land, water, power and all these natural sources are to be integrated and applied to improve the production of the land. The Government has a scheme of Rs. 300 crores. In this years budget, they have provided Rs. one crore for it. But definitely if this scheme is properly implemented, you will find, we can improve the living conditions of 30 lakhs of poor peasants.

Further there is another proposal in the budget. In Agriculture you will find that there is absolutely no co-ordination between the various departments connected with agriculture. Agriculture is related to irrigation, electricity, community development and the revenue departments. There is only one officer at the highest level in the Agriculture Department, viz. the Agricultural Production Commissioner to ensure co-ordination between these departments. There is no co-ordination at the lower level at all.

Now we have to start an organisation to co-ordinate all these different departments. Definitely this should be a stepping stone of our programmes. There is a propo al to reduce the rate of interest by 3% for agricultural loans. I am sure, all of us will welcome it. But there is a condition that it will apply only to those who are not defaulters. Definitely, this condition should be there; otherwise everyone will default. In this connection I would like to point out one thing. Our agriculture is completely exposed to the vagaries of nature. So naturally there will be defaulters. Definitely they must be in a position to get this concession. Secondly there is another thing. Penalty interest is imposed on the defaulters. It varies from 1% to 2%. My humble request to the Government is that the penalty interest must be completely waived off, for all agricultural loans. I will give you one example for that. We have Agro-Industries Corporation who were giving pump-sets on hire purchase and we have got the hire purchase agreements Do you know Sir, about the penal interests in the agreements? It is 1% per month per instalment and Rs. 5 per month per instalment as default fee. When it is worked out, it comes to nearly 30%. So you see how the poor agriculturists are exploited by this

LIBRARY ARCHIVES Kerala Legislative Assembly

penalty interest. So I want to request the Government, when you are giving this concession, at least the penal interest should not be collected from our poor farmers. This is one request I have to make.

I would like to make another request Sir, You know, our poor farmers are not able to get a reasonable price for their products.

Shri M. P. Gangadharan: Are you still congratulating the Minister concerned for all these difficulties made to the poor farmers?

Shri M. Ramappa: No. I am requesting just to see that these difficulties are overcome. The Finance Minister, in his budget speech, has spoken about regulated market. This is long awaited. I request the Minister concerned to see that this regulated market is implemented in all the districts so that the major portion of the consumer price goes to the producer. Now the producer is being exploited by the middleman. Consumer is also being exploited. Both these exploitations have to be prevented by implementing the regulated market system in all the districts. Regarding the Land Utilisation Act, I would like to mention one thing. We have freedom to adopt our own trade and profession. But, in the case of a farmer he is insisted upon to take a particular crop in a particular part of the land. I don't think this is proper. Of course, at a time when rice was not available, there was the necessity for that. But today I feel that there is absolutely no necessity for this Act altogether. I request the Government to repeal this Act.

This Government has schemes to improve the living conditions of the other weaker sections. In this State, Kudikidappukars are the weakest sections of our population. Now this Government has given the right over Kudikidappu to about 4 lakhs of people. Further they have a massive housing programme. They are given nearly Rs. 500 as subsidy and Rs. 3,000 as loan at a concessional rate of 4% interest. This is not a small programme. The Government have distributed 5,75,000 acres of land to 4,78,000 landless people. It is not a small thing. We have got Kerala State Development Corporation for Scheduled Castes and Scheduled Tribes. They have programmes and schemes to improve the living conditions of the Harijans. There is also a Kerala Fishermen Welfare Corporation which will help the fishermen.

Then, I want to stress the regional imbalances. Our State Planning Board had identified the backward regions of our State. But here members have pointed out how the Government have completely neglected the Malabar area. There is another place, i.e., my place, Kasaragod. The Government have accepted that area as backward. The Government had appointed a Commission for the development of that area. But unfortunately even after accepting the recommendation

LIBRARY ARCHIVES Kerala Legislative Assembly

of the Committee, six years have lapsed and the recommendations have not been implemented. I am not in a position to give details about that now.

I shall give one example, Sir. In the case of education, that area is very very backward and, in the recommendations of the Committee, you will find Sir, opening of L. P. Schools and upgrading L. P. Schools, five every year and upgrading U. P. Schools as High Schools and opening new high schools three every year in each taluk of Hosdurg and Kasaragod. But I should say Sir, when the list of new schools to be opened in each district was prepared, my area which is predominantly a linguistic min rities' area should have been received special consideration. But in the list published no s hool is being sanctioned to my area. I know this is not a deliberate omi sion. It is only accidental. I have the assurance of the Minister concerned that this will be looked into and I am sure, this Government which have been safeguarding the interests of the backward areas would safeguard the interests of linguistic minorities and backward areas and definitely will see the uniform development of all the parts of the State. I am sure that all the lingui tic minorities and other minorities will be made to feel that they are part and parcel of this State and that steps will be taken in this regard. I support this budget.

<u>ശ്രീ. കെ. ജെ. ചാക്കോ</u>: സർ, നൂറു ശതമാനവും ആത്മാർത്ഥതയോടുകൂടി ഞാൻ ഈ ബഡ്ജററിനെ പിൻതാങ്ങുകയാണ്. കാരണം ഇതൊരു ക്ഷേമാധിഷ്ഠിത ബഡ്ജററാണ്. സാമൂഹ്യ വീക്ഷണത്തിന്ന് ഊററം നൽകുന്ന ബഡ്ജററ് എന്ന് ഇതിനെ വിളിക്കാം. എന്നുതന്നെയുമല്ല യാതൊരു പുതിയ നികുതി നിർദ്ദേശവും ഇല്ലാത്ത ഒരു ബഡ്ജററാണ്. ഇത് ഒരു വ്യാഴവട്ടക്കാലത്തെ കേരള നിയമസഭയുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ ഇങ്ങനെ മിച്ചമുള്ള ഒരു ബഡ്ജററ് ഇതിനുമമ്പ് അവതരിപ്പിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതുപോലെതന്നെ ഇത് യാതൊരു തരത്തിലും ആളുകൾക്കു ദ്രോഹം ചെയ്യാത്ത ദുർബലവിഭാഗത്തിൽപെട്ട ആളുകളെ പരമാവധി സഹായിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഒരു ബഡ്ജററാണ്. അതുകൊണ്ടുതന്നെയാണ് ഈ രാജ്യത്തെ ബഹുജനങ്ങൾ ഈ ബഡ്ജററിനെ സഹർഷം സ്വാഗതം ചെയ്യുന്നത്. ഈ രാജ്യത്തെ ചെറുകിട പത്രങ്ങൾ മാത്രമല്ല ഈ രാജ്യത്തെ എല്ലാ പത്രങ്ങളും ഒരുപോലെ ഈ ബഡ്ജററിനെ വിലയിരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. പക്ഷേ ഒരു കൂട്ടർക്കുമാത്രം ഈ കാര്യത്തിൽ വളരെയേറെ നിരാശ അനുഭവപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീർച്ചയായിട്ടും ഇത്രമാത്രം ക്രൂരത അവരോടു കാണിക്കണമായിരുന്നോ എന്ന് ധനകാര്യമന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം കഴുകൻ ശവം കാത്തിരിക്കുന്നതുപോലെ വേഴാമ്പൽ മഴ കാത്തിരിക്കുന്നതുപോലെ ബഡ്ജററ് എന്നുവരുമെന്നും ആ ബഡ്ജററിൽ എന്തെല്ലാം നികുതി നിർദ്ദേശങ്ങൾ വരുമെന്നും കാത്തുകാത്തിരുന്ന പ്രതിപക്ഷത്തെ ഈ ബഡ്ജററ് തീർച്ചയായും വളരെയേറെ ആഘാതം ഏൽപ്പിച്ചിട്ടുണ്ട്. വളരെയേറെ നിരാശ അവർക്കുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ബാക്കി എല്ലാ കാര്യങ്ങളെപ്പററിയും വിമർശിക്കാനുള്ള ദേവസ്സിക്കുട്ടിയെ ആ ഭാഗത്തു കാണാത്തത്. അദ്ദേഹം മുകളിലുള്ള ലൈബ്രറി മന്ദിരം പണിയുന്നതിൻെറ നിയന്ത്രണം ഏറെറടുത്തു കഴിഞ്ഞുകൂടുകയാണ്. അതുപോലെതന്നെ ജനതാ പാർട്ടിയുടെ നേതാവായ,

LIBRARY ARCHIVES Kerala Legislative Assembly

കെ. കെ. എക്സ്പ്രസ്സിന്റെ സ്പീഡിൽ സംസാരിക്കുന്ന ശങ്കരൻകുട്ടിയെ കാണാനില്ല. അദ്ദേഹം പുറകിൽ പോയിരിക്കുകയാണ്. ഏതായാലും ഇന്നു കാലത്ത് കോൺഗ്രസ് (ഐ) യിലെ ബഹുമാന്യനായ മുസ്തഫ പല കാര്യങ്ങളെക്കുറിച്ചും ഇവിടെ സംസാരിച്ചു. പല കാര്യങ്ങളെപ്പററി സംസാരിച്ച അവസരത്തിലും അദ്ദേഹം ബഡ്ജററിനെപ്പററി മാത്രം ഒന്നും പറഞ്ഞില്ല. അദ്ദേഹം അവസാനം അവരുടെ പാർട്ടിയുടെ സൗജന്യമെന്നുള്ള നിലയിൽ പി. കെ. വിക്കു പാട്ടത്തിനു കൊടുത്തിരിക്കുന്ന മുഖ്യമന്ത്രിപദം പലിശയോടുകൂടി തിരിച്ചു കൊടുക്കണമെന്നു മാത്രം പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കുകയായിരുന്നു. നമ്മുടെ പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം തീർച്ചയായിട്ടും വിമർശനത്തിന് യാതൊരു പഴുതും കൂടാതെ വലയുന്ന ഒരു കാലാവസ്ഥ സൃഷ്ടിച്ചത് വളരെ ക്രൂരതയായിപ്പോയി. ഇത്രമാത്രം ക്രൂരത പ്രതിപക്ഷത്തോട് കാണിക്കേണ്ടതില്ലായിരുന്നു. ഏതായാലും ഈ ബഡ്ജററിനെ പൊതുജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്തു കഴിഞ്ഞിട്ടുണ്ട്. കാരണം ഇതൊരു ക്ഷേമാധിഷ്ഠിത ബഡ്ജററാണ്. കുറേക്കാലം സർവ്വീസിൽ ഇരുന്ന് അവിടെനിന്നും പെൻഷൻ പററി ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളും കാത്തിരിക്കുന്ന ആൾക്കാർ അവരുടേതായ നല്ലകാലത്തിന്റെ ഓർമ്മമാത്രം അയവിറക്കിക്കൊണ്ട് പിഞ്ചുകുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ പുഞ്ചിരിയിൽമാത്രം സന്തോഷം കണ്ടുകൊണ്ട് വീടുകളിൽ കഴിയുന്ന ആളുകളുടെ പെൻഷൻ വർദ്ധിപ്പിച്ചുകൊണ്ട്, അവരുടെ അവശത മാററണമെന്നുള്ള സാമൂഹ്യ വീക്ഷണത്തോടുകൂടി മിനിമം പെൻഷൻ 70 രൂപയായിരുന്നത് വർദ്ധിപ്പിച്ച് 100 രൂപയാക്കി. 100 രൂപ ആക്കുക മാത്രമല്ല ക്ഷാമബത്തകൂടി അനുവദിച്ച് 115 രൂപയാക്കി. 70 രൂപ 100 രൂപ ആക്കി ഇപ്പോൾ അവർക്കു ലഭിക്കാൻപോകുന്നത് 115 രൂപയാണെന്നു പറയുമ്പോൾ എത്ര ശതമാനം വർദ്ധനവ് മിനിമം പെൻഷൻ വാങ്ങുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാവുന്നു എന്നത് പ്രതിപക്ഷം ഒന്നാലോചിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ അഗതികൾക്കും വിധവകൾക്കും നിർദ്ധനരായ ആളുകൾക്കും നൽകിക്കൊണ്ടിരുന്ന പെൻഷൻ 40 രൂപയിൽനിന്നും 45 രൂപയായി വർദ്ധിപ്പിച്ചു എന്നു പറയുമ്പോൾ ഒരുപക്ഷേ പ്രതിപക്ഷത്തുള്ളവർ പുഛരസത്തിൽ ചിരിക്കുമായിരിക്കാം. 1979-80-ലെ ബഡ്ജററ് വെസ്ററു ബംഗാളിൽ ജ്യോതിബാസു ഭരിക്കുന്ന ഗവൺമെന്റ് അവതരിപ്പിക്കുകയുണ്ടായി. അതിന്റെ ഒരു ഭാഗത്ത്............

<u>ശ്രീ. പി. പി. എസ്തോസ്</u> : 40 രൂപ 45 രൂപയായി വർദ്ധിപ്പിച്ചു എന്നു പറഞ്ഞു. കേന്ദ്ര പാർലമെന്റ് രൂപയുടെ വില 28 പോയിൻറിൽനിന്ന് 23 പോയിൻറായിട്ട് കുറഞ്ഞു എന്നുള്ള വിവരം പ്രഖ്യാപിച്ചത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; നാണയവിലയിൽ വന്ന ഇടിവിന്റെ ഫലമായി എന്തു ബനിഫിററാണ് ഇവർക്കു കിട്ടിയതെന്നു പറയാമോ?

<u>ശ്രീ. കെ. ജെ. ചാക്കോ</u> : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് മറുപടി പറയുന്നതിന്നു മുൻപായി ബഹുമാനപ്പെട്ട മെമ്പർ ബംഗാളിലെ കാര്യം ഒന്നു ശ്രദ്ധിക്കണം. ഈ പ്രാവശ്യം ജ്യോതിബാസു ഭരിക്കുന്ന ബംഗാളിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ വലിയ ഒരു സാമ്പത്തിക സഹായം ചെയ്തു എന്ന മട്ടിലുള്ള പ്രഖ്യാപനത്തോടുകൂടി, കരഘോഷത്തോടുകൂടി അവിടെ ചെയ്ത പ്രസംഗം, അംഗവൈകല്യം വന്നിട്ടുള്ള ആളുകൾക്ക് സാമ്പത്തിക സഹായം ചെയ്തുകൊടുക്കുന്ന പദ്ധതിയെ

LIBRARY ARCHIVES Kerala Legislative Assembly

പററിയൊക്കെയാണ്. എത്ര രൂപയാണ് കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട എസ്തോസ് പരിശോധിച്ചിട്ടുണ്ടോ? ഒരു പക്ഷേ ബഡ്ജററ് ഇംഗ്ലീഷിലായിരിക്കാം; അല്ലെങ്കിൽ ബംഗാളിയിലായിരിക്കാം; അല്ലെങ്കിൽ ഹിന്ദിയിലായിരിക്കാം. ഇംഗ്ലീഷിൽ അച്ചടിച്ച ബഡ്ജററ് ഇവിടത്തെ ലൈബ്രറികളിൽ കിട്ടിയേക്കാം. അതൊന്ന് എടുത്ത് വായിച്ചുനോക്കണം. 25 രൂപ കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ 25 രൂപ കൊടുക്കുമ്പോഠം ഇവിടെ പണത്തിൻെറ വില കുറഞ്ഞുപോയെന്നു പറഞ്ഞ് പുഛിക്കുന്ന ബഹുമാനപ്പെട്ട എസ്തോസ് ബംഗാളിലെ കാര്യങ്ങഠം പലതും എടുത്ത് പുകഴ്ത്തി പറയാറുള്ള സ്ഥിതിക്ക് ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോഴം പുകഴ്ത്തൽ ആവശ്യമില്ല എന്ന് ഞാൻ പറയുകയാണ്.

സർ, ഇത് തീർച്ചയായിട്ടും സാമൂഹ്യക്ഷേമത്തിന് കൂടുതൽ കാതലായ പ്രാധാന്യം നൽകികൊണ്ട് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററാണ്. അഗതിമന്ദിരങ്ങളിലെ അന്തേവാസികഠംക്ക് അവരുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിലാണ് ഇതുവരെ ഗ്രാൻറ് കൊടുത്തുകൊണ്ടിരുന്നത്. ആ ഗ്രാൻറ് 30 രൂപ എന്ന കണക്കിലായിരുന്നെങ്കിൽ അത് 35 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് അവിടത്തെ അന്തേവാസികളോട് കരുണ കാണിച്ച ഗവൺമെൻറ്, തീർച്ചയായിട്ടും ദുർബല വിഭാഗങ്ങളെ കണക്കിലെടുത്തുകൊണ്ടാണ് ഈ ബഡ്ജററ് ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് ഏററവും കാതലായി ഈ ബഡ്ജററിനെ സാമാന്യജനങ്ങഠം വിലയിരുത്തുകയും അതേപ്പററി നല്ല വാക്കുകഠം പറയുകയും ചെയ്യുന്നത്. നമുക്കൊക്കെ അറിയാം ഈ രാജ്യത്തെ കർഷകരുടെ അവശതകഠം പരിഹരിക്കണമെന്ന് എല്ലാ പാർട്ടിയിൽപ്പെട്ട ആളുകളും പറയാറുണ്ട്. കഴിഞ്ഞ ദിവസംതന്നെ ഈ നിയമസഭയിൽ, ഹ്രസ്വകാല വായ്പകഠംക്ക് നൽകിക്കൊണ്ടിരുന്ന പലിശ, സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്താൽ നൽകിക്കൊണ്ടിരുന്ന പലിശ ഇതൊക്കെ അമിതമാണെന്നും ഇടത്തട്ടുകാരെ ഒഴിവാക്കികൊണ്ട് പലിശ കുറയ്ക്കണമെന്നും നാമൊക്കെ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിക്കുകയുണ്ടായി. ആ പ്രമേയത്തിൻെറ വെളിച്ചത്തിലും കർഷകരുടെ കുറെകൊല്ലത്തെ കരച്ചിലിൻെറ ഫലമായിട്ടും 11 ശതമാനം പലിശ നൽകേണ്ടവർ 8 ശതമാനമാക്കി കുറച്ചു കൊടുത്താൽ മതിയെന്ന് ബഡ്ജററിൽ പറഞ്ഞിട്ട് അതേപ്പററി ഒരു നല്ല വാക്കെങ്കിലും പറയാൻ ഇവിടെ ഇരിക്കുന്ന കർഷക സുഹൃത്തുക്കഠം എന്നു പറയുന്ന ആളുകഠംക്ക് സൻമനസ്സ് ഉണ്ടായില്ലല്ലോ എന്ന ഖേദമാണ് എനിക്കുള്ളത്. ഏതായാലും കർഷകരുടെ കാര്യത്തിലായാലും കൊള്ളാം, അതുപോലെതന്നെ സാമൂഹ്യതലത്തിൽ അവശത അനുഭവിക്കുന്ന ആളുകളെ സംബന്ധിച്ചായാലും കൊള്ളാം ഏററവും കാതലായ അവരുടെ പ്രശ്നങ്ങഠം മനസ്സിലാക്കുകയും കാലത്തിൻെറ ചുവരെഴുത്ത് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് അവർക്ക് വേണ്ടത്ര സൗജന്യങ്ങഠം ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് മുന്നോട്ടു വന്നതിൽ ജനങ്ങഠംക്ക് അങ്ങേയററത്തെ പ്രത്യാശയുണ്ട്; പ്രതീക്ഷയുണ്ട്. കൂടുതൽ കൂടുതൽ അവരുടെ കാര്യങ്ങഠം ചെയ്യുമെന്ന് അവർ പ്രതീക്ഷിക്കുകയാണ്.

സർ, ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. പെൻഷൻെറ കാര്യം പറഞ്ഞ അവസരത്തിൽ മിനിമം പെൻഷൻ 70 രൂപയിൽ നിന്ന് 100 രൂപയായി വർദ്ധിപ്പിച്ചു. അതുപോലെതന്നെ മാക്സിമം പെൻഷൻ 600 രൂപയിൽനിന്ന് 900 രൂപയാക്കി വർദ്ധിപ്പിച്ചു. പക്ഷെ അതിനകത്ത് ധനകാര്യമന്ത്രി അറിഞ്ഞോ അറിയാതെയോ ഒരു കെണി വച്ചിട്ടുണ്ട്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഒരാം എസ്. എസ്. എൽ. സി. പാസാകണമെങ്കിൽ 15 വയസ് ഉണ്ടായിരിക്കണം. ഒരു വിദ്യാർത്ഥി എസ്. എസ്. എൽ. സി. ജയിച്ചുകഴിഞ്ഞിട്ട് ബി. എ. യോ, ബി. എസ്സി. യോ കഴിയണമെങ്കിൽ 20 വയസുണ്ടായിരിക്കണം. അതിനുശേഷം ഒരു പോസ്റ്റ്ഗ്രാഡുവേററ് ഡിഗ്രിയെടുത്തു 22-ാമത്തെ വയസിൽ ജയിച്ചുകഴിഞ്ഞാൽ അതേ മാസത്തിൽ തന്നെ ഒരു ജോലി കിട്ടുകയെന്നു പറയുന്നത് പ്രയാസമായിരിക്കെ രണ്ടു കൊല്ലമെങ്കിലും കാത്തിരിക്കാതെ, മിനിമം ഒരു കൊല്ലമെങ്കിലും കാത്തിരിക്കാതെ ഒരു ജോലി കിട്ടുക സാദ്ധ്യമല്ലെങ്കിൽ 33 വർഷം സേവനം അനുഷ്ഠിച്ചാൽ മാത്രമേ മാക്സിമം പെൻഷൻ കിട്ടുകയുള്ളു എന്നു പറഞ്ഞുകൊണ്ട് 600 രൂപ ഉണ്ടായിരുന്നത് 900 രൂപയാക്കി കൂട്ടിയെന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ:) ബഹുമാനപ്പെട്ട മെംബർ ഒരു തെററിദ്ധാരണ കൊണ്ട് പറയുകയാണ്. ഇപ്പോഠം 20 കൊല്ലം സർവ്വീസ് ഉണ്ടെങ്കിൽ പെൻഷൻ 30 കൊല്ലം എന്നേ കണക്കാക്കാവൂ എന്നാണ്. അതിനുപകരം 33 കൊല്ലമായി കണക്കാക്കുമെന്നാണ്. 33 കൊല്ലം സർവ്വീസ് വേണമെന്നല്ല.

ശ്രീ. കെ. ജെ. ചാക്കോ: 30 കൊല്ലം എന്നുള്ളത് 33 കൊല്ലമായി മാററാനുള്ള കാരണമെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. എസ്. വരദരാജൻ നായർ: കൂടുതൽ പെൻഷൻ കിട്ടാനാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: പെൻഷൻ കണക്കാക്കുമ്പോഠം നമ്പർ ഓഫ് ഇയേഴ സ് കണക്കാക്കി അവസാനം കിട്ടുന്ന ശമ്പളത്തെ ആകെ സർവ്വീസുകൊണ്ട് ഗുണിച്ചിട്ട് 80 കൊണ്ട് ഹരിച്ചാണ് കണക്കാക്കുന്നത്.

ശ്രീ. കെ. ജെ. ചാക്കോ: ബഹുമാന്യരായ പല മെംബർമാർക്കും സംശയം ഉള്ളതുകൊണ്ട് ഈ കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. മൂന്നു കൊല്ലം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അത് കുറയ്ക്കണം. ആർക്കുംതന്നെ മാക്സിമം പെൻഷൻ കിട്ടാൻ സാദ്ധ്യമല്ലാത്ത ഒരു അവസ്ഥയാക്കി മാററരുതെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്.

ഏതായാലും സർ, കൃഷിക്കാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം കുറെയൊക്കെ സൗജന്യങ്ങഠം കാണിച്ച ഗവൺമെൻറ് തീർച്ചയായിട്ടും പല കാര്യങ്ങളിലും ഇനിയും സൗജന്യങ്ങഠം കാണിച്ചാലെ ഈ രാജ്യത്തെ കൃഷി അഭിവൃദ്ധിപ്പെടുകയുള്ളൂ. എന്നാൽ മാത്രമേ കർഷകൻെറ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ സാധിക്കുകയുള്ളു. ഈ രാജ്യത്തെ 85 ശതമാനം വരുന്ന കർഷകരുടെ കാര്യത്തിൽ കൂടുതൽ താത്പര്യം കാണിച്ചുകൊണ്ട് അതിനനുസൃതമായ രീതിയിൽ നടപടികഠം മുന്നോട്ടുകൊണ്ടുപോകാനുള്ള ആത്മാർത്ഥതയും ശേഷിയും ഈ ഗവൺമെൻറിന് ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജററിനെ ഒരിക്കൽകൂടി പിൻതാങ്ങികൊണ്ട് ഞാൻ എൻെറ വാക്കുകഠം അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. തങ്കപ്പൻപിള്ള: സർ, ഞാൻ ഈ ബഡ്ജററിനെ എതിർക്കുകയാണ്. നമ്മുടെ വരുമാനം കൂടുതലും ചെലവഴിക്കുന്ന വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പരാമർശങ്ങഠം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചപ്പോൾ എനിക്ക് വളരെ അത്ഭുതമാണ് തോന്നിയത്. വിദ്യാഭ്യാസ രംഗം പ്രക്ഷുബ്ധമായ ഒരു സാഗരത്തിൽപ്പെട്ട് ലക്ഷ്യബോധമില്ലാതെ നട്ടം തിരിയുന്ന ഒരു നൗകയാണെന്ന് തോന്നുകയുണ്ടായി. അതിനുള്ള കാരണങ്ങൾ ഈ ബഡ്ജററ് പ്രസംഗത്തിൽ പരാമർശിക്കുന്നു എന്നുള്ളത് തന്നെയാണ്. ഇവിടെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കണമെന്നും ആധുനിക വിദ്യാഭ്യാസ പ്രവണതകൾ അദ്ധ്യാപകരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള റിഫ്രഷർ കോഴ്സുകൾ, ചർച്ചാ സമ്മേളനങ്ങൾ, ഹ്രസ്വകാല പരിശീലന കോഴ്സുകൾ മാത്രമല്ല കായികതാരങ്ങൾക്ക് പ്രോത്സാഹനം, സെൻട്രലൈസ്ഡ് വാലുവേഷൻ, സെക്കൻഡറി വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കൽ എന്നൊക്കെ പറഞ്ഞുനിർത്തുകയാണ് ഈ ബഡ്ജററിൽ.

സർ, എന്താണ് ഇതിൽ അടിസ്ഥാനപരമായ മാററമുള്ളത്. കഴിഞ്ഞ കാലങ്ങളിൽ അനുവർത്തിച്ചുവന്ന വിദ്യാഭ്യാസനയം എന്നല്ലാതെ ഒരു പുതിയ കാഴ്ചപ്പാടുണ്ടായി എന്ന് ആർക്കും വിശ്വസിക്കാൻ ന്യായമില്ല. സർ, നാഷണൽ എഡ്യൂക്കേഷൻ സ്കീം അനുസരിച്ച് വിദ്യാഭ്യാസഘട്ടത്തെ മൂന്നു ഘട്ടങ്ങളായി തിരിച്ചിരിക്കുകയാണ്; 10+2+3. അത് നമ്മുടെ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. മൈസൂറിലെയും മദ്രാസിലെയും ആന്ധ്രയിലെയും ഗവൺമെൻറുകൾ നാഷണൽ എഡ്യൂക്കേഷൻ സ്കീം അനുസരിച്ച് സെക്കൻററി വിദ്യാഭ്യാസത്തെയും ഹയർ സെക്കൻററി വിദ്യാഭ്യാസത്തെയും തികച്ചും തൊഴിൽ അധിഷ്ഠിതമാക്കുന്നതിന് വൊക്കേഷണൽ എഡ്യൂക്കേഷന് പ്രാധാന്യം കൊടുത്തുകൊണ്ട് വേർതിരിച്ച് കഴിഞ്ഞിരിക്കുകയാണ്. അതേ സമയത്ത് നമ്മുടെ ഈ സംസ്ഥാനത്ത് സെക്കണ്ടറി വിദ്യാഭ്യാസം തൊഴിൽ അധിഷ്ഠിതമാക്കുന്നു എന്നു പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തെപ്പററി ഒരക്ഷരം പോലും ഈ ബഡ്ജററിൽ പറയുന്നില്ല. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വൊക്കേഷണൽ എഡ്യൂക്കേഷന് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു സർവ്വേ നടത്തുകയോ അത് പ്രത്യേകം തിരിക്കുകയോ ചെയ്തിട്ടില്ല എന്നുള്ളത് ഖേദകരമായിപ്പോയി. അതുകൊണ്ട് അതിനുള്ള സർവ്വേ നടത്തുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

അടുത്തതായി എനിക്കുപറയാനുള്ളത് സിലബസ്സിനെക്കുറിച്ചാണ്. സിലബസ്സിനെക്കുറിച്ചുള്ള സങ്കൽപ്പത്തെക്കുറിച്ച് പറഞ്ഞപ്പോൾ കഴിഞ്ഞ വർഷംതന്നെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സിലബസ് കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുമെന്നു പറഞ്ഞു. എന്നാൽ അടിസ്ഥാനപരമായ ഒരു മാററം ഇവിടെ ഉണ്ടായിട്ടില്ല. പത്തുമുപ്പതു കൊല്ലത്തിനുമുമ്പ് തുടർന്നുവന്ന നയം തന്നെയാണ് ഇന്നും തുടർന്നു വരുന്നത്. ഈ കൊച്ചു കേരളത്തിൽ, വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഒരു വിദ്യാഭ്യാസ നയം അതിനനുസരിച്ച കാഴ്ചപ്പാടോടുകൂടി പടുത്തുയർത്താൻ കഴിയുന്നില്ല. ആ കാഴ്ചപ്പാടിൽ ശ്രീ. വില്ല്യം ബൻറിക്കിൻെറ വിദ്യാഭ്യാസനയം തന്നെയാണ് അനുകരിക്കുന്നത്.

സർ, വിദ്യാഭ്യാസ വിചക്ഷണൻമാരും ചിന്തകൻമാരും പറഞ്ഞിരിക്കുന്ന ഒരു സങ്കൽപ്പമുണ്ട്:

12 noon] Syllabus in the School level as well as in the University level should be simple and scientific എന്ന തത്വം, എന്ന കാഴ്ചപ്പാട് അനുസരിച്ച് നമ്മുടെ സ്കൂളുകളിലെ സിലബസ്സും നമ്മുടെ കോളേജുകളിലെ സിലബസും ലഘൂകരിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

പുനരാവിഷ്ക്കരിക്കുവാനും അടിയന്തിരമായി ഒരേർപ്പാടു് ഉണ്ടാകേണ്ടതു് ആവശ്യമാണെന്നുള്ളതു കൊണ്ടാണു് അതിനെക്കുറിച്ചു് ഞാൻ ഊന്നിപ്പറയുന്നതു്. അതുപോലെതന്നെ നീഡ്ബേസ്ഡ് എഡ്യൂക്കേഷണൽ പോളിസി 1956 മുതൽ ചൈനയിലും പാശ്ചാത്യ രാജ്യങ്ങളിലും തുടർന്നുവരുന്നുണ്ടു്. അവർക്കു് അതിനെ സംബന്ധിച്ച ഒരു പ്ലാനിംഗ് ഉണ്ടു്. അങ്ങനെയുള്ള പ്ലാനിംഗിന്റെ അടിസ്ഥാനത്തിലാണു് അവിടെ എഡ്യൂക്കേറ്റഡ് അൺ എംപ്ലോയ്മെന്റ് ഉണ്ടാകാതിരിക്കുന്നതു്. അവർക്കു് ഇതു സംബന്ധിച്ച ഒരു പ്ലാനിംഗ് ഉണ്ടു്. സാങ്കേതികരംഗത്തു് എത്ര പേർ ആവശ്യമുണ്ടു്, ഡോക്ടർമാർ എത്ര വേണം, അദ്ധ്യാപകർ എത്ര വേണം, നഴ്സുമാർ എത്ര വേണം ഇങ്ങനെ വിവിധ രംഗങ്ങളിൽ ആവശ്യമുള്ള ആളുകളുടെ എണ്ണം അനുസരിച്ചു് ട്രെയിനിംഗ് കൊടുക്കാൻ ആവശ്യമുള്ളത്ര ആളുകളെ മാത്രമേ അവർ പ്രവേശിപ്പിക്കുന്നുള്ളു. അങ്ങനെ അവർ പുറത്തിറങ്ങുമ്പോൾ അവർക്കു് എംപ്ലോയ്മെന്റ് കൊടുക്കുന്നു. ഇങ്ങനെ അടിസ്ഥാനപരമായ ഒരു പ്ലാനിംഗിന്റെ ഫലമായിട്ടാണു് പാശ്ചാത്യരാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും ഇക്കാര്യങ്ങൾ ചെയ്യുന്നതു്. അങ്ങനെ അടിസ്ഥാനപരമായ മാർഗ്ഗം അവർ അവലംബിക്കുന്നു. ഒരു നീഡ്ബേസ്ഡ് എഡ്യൂക്കേഷണൽ പോളിസി എന്തുകൊണ്ടു് ഈ രംഗത്തു് നടത്തിക്കൂടായെന്നു് ഞാൻ ചോദിക്കുവാനാഗ്രഹിക്കുകയാണു്. മാത്രവുമല്ല, ഇവിടെ അനവധി പ്രൈമറി സ്കൂളുകളുണ്ടു്. അപ്പർ പ്രൈമറി സ്കൂളുകളുണ്ടു്, ഹൈസ്കൂളുകളുണ്ടു്. പണ്ടു്, 40 കൊല്ലത്തിനു മുമ്പുണ്ടായിരുന്ന ഒരു ചട്ടക്കൂട്ടിലാണു് വിദ്യാഭ്യാസത്തെ ഇന്നും നിലനിർത്തിയിരിക്കുന്നതു്. ഇതിന്റെ മുഴുവൻ വിധാതാവു്, ഫൈനൽ അതോറിറ്റിയായി വരുന്നതു് ഡയറക്ടറാണു്. ഇന്നു് എത്ര പുതിയ സ്കൂളുകളുണ്ടായി? ഇവിടെ ഒരു എഡ്യൂക്കേഷണൽ കൗൺസിൽ ഉണ്ടാക്കിക്കൂടെ? യൂണിവേഴ്സിറ്റിയുടെ ഭരണത്തിൽ സെനറ്റും സിൻഡിക്കേറ്റും ഉള്ളതുപോലെ ഒരു എഡ്യൂക്കേഷണൽ ഏജൻസി ഈ രംഗത്തു് ഉണ്ടാക്കിക്കൂടേ? തിരഞ്ഞെടുക്കപ്പെടുന്ന ഒരു കൗൺസിൽ ഉണ്ടാക്കിക്കൂടേ? അടിസ്ഥാനപരമായ ഒരു വീക്ഷണം എന്തുകൊണ്ടു് ഈ രംഗത്തുണ്ടായിക്കൂടാ?

മറ്റൊന്നു വ്യവസായരംഗത്തെ സംബന്ധിച്ചാണു് എനിക്കു പറയുവാനുള്ളതു്. സമയമില്ലാത്തതുകൊണ്ടു് ഞാൻ അതിനെ സംബന്ധിച്ചു് ദീർഘമായി പറയുന്നില്ല. വ്യവസായരംഗത്തെക്കുറിച്ചു് ഓർക്കുമ്പോൾ സങ്കടം തോന്നുന്നുണ്ടു്. വ്യവസായമന്ത്രി ഈ സഭയിലില്ല. വ്യവസായരംഗത്തെക്കുറിച്ചോർക്കുമ്പോൾ ഈ രാജ്യത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ കൂടുതൽ തൊഴിലവസരങ്ങൾ കൊടുക്കുവാൻ അനുഗുണമായി ഒരു പുതിയ തൊഴിൽശാലപോലും ഒരു പുകക്കുഴൽ പോലും ഈ കൊച്ചുകേരളത്തിൽ കാണാൻ ഇടയാകാതെ പോയതു് വളരെ കഷ്ടമാണെന്നു പറയേണ്ടിയിരിക്കുന്നു. മാത്രവുമല്ല, ഈ പൊതുമേഖലാ കമ്പനികളും കോർപ്പറേഷനുകളും എന്തുമാത്രം നഷ്ടത്തിലാണു് നടക്കുന്നതെന്നു് ഈ ഗവൺമെന്റ് ഒന്നു് ശ്രദ്ധിച്ചിട്ടുണ്ടോ? ഒരു സാധാരണ ബിസിനസ്സുകാരൻ തന്റെ ബിസിനസ്സിൽ കാണിക്കുന്ന ശുഷ്കാന്തിയോ സ്ഥിരോത്സാഹമോ താത്പര്യമോ ഈ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ കാണിക്കുന്നുണ്ടോ? അങ്ങനെ ശ്രദ്ധിച്ചിരുന്നു എങ്കിൽ തീർച്ചയായും ലാഭകരമായി അവയെല്ലാം നടത്താൻ കഴിയുമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ കോർപ്പറേഷനുകൾ നഷ്ടത്തിന്റെ തീച്ചൂളയിൽ കിടക്കുകയാണു്. അതിനൊരു ഉദാഹരണമാണു് ഫിഷറീസ് കോർപ്പറേഷൻ. 1956-ൽ 500 ലക്ഷം രൂപയുടെ മൂലധനത്തോടുകൂടി നടപ്പിൽ വന്ന ഫിഷറീസ് കോർ

LIBRARY ARCHIVES Kerala Legislative Assembly

പ്പറേഷൻ 10 കൊല്ലം പ്രവർത്തിച്ചിട്ടുള്ളതിന്റെ ഫലമായിട്ട് 499.02 ലക്ഷം രൂപ നഷ്ടപ്പെട്ടു എന്നു പറഞ്ഞാൽ ഈ ഗവൺമെന്റ് നെഞ്ചത്തു കൈവച്ചു കൊണ്ട് ആലോചിക്കണം. പൊതുമുതൽ നഷ്ടപ്പെട്ടതിന്റെ പരിഹാസ്യമായ ചിത്രത്തെക്കുറിച്ച് മാത്രമല്ല, ഇത് കടലിൽ കല്ലിടുന്നതുപോലെയല്ലേ? ഫിഷറീസ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അതിന്റെ മൽസ്യബന്ധന രംഗത്തും വിതരണരംഗത്തുമുള്ള കൊള്ളകളെ സംബന്ധിച്ച് നിങ്ങൾ ആലോചിക്കണം. അതുപോലെതന്നെ ഒരു പുതിയ വികസന കോർപ്പറേഷൻ ഇവിടെയുണ്ട്. ലാൻഡ് ഡവലപ്പുമെന്റ് കോർപ്പറേഷൻ. 5 കൊല്ലം ഈ ലാൻഡ് ഡവലപ്പുമെന്റ് കോർപ്പറേഷൻ പ്രവർത്തിച്ചിട്ടുള്ളതിന്റെ ഫലമായി 56 ലക്ഷം രൂപ ഈ ഗവൺമെന്റിന് നഷ്ടം വരുത്തിവച്ചു എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. വ്യവസായത്തിന്റെ ചുക്കാൻപിടിക്കുന്ന ബഹുമാനപ്പെട്ടമന്ത്രി കൂടുതൽ വ്യവസായങ്ങൾ ഇവിടെ കൊണ്ടുവന്നില്ലെങ്കിലും ഉള്ള വ്യവസായങ്ങൾ ലാഭകരമായി നടത്തുന്നതിന് അനുപേക്ഷണീയമായ അത്യന്താപേക്ഷിതമായ സംഗതികൾചെയ്യാൻ താത്പര്യപ്പെടണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ ഇവിടെ പല സ്ററാററ്യൂട്ടറി കോർപ്പറേഷനുകളുണ്ട്. ഇലക്ട്രിസിററി ബോർഡ്, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഫിനാൻഷ്യൽ കോർപ്പറേഷൻ, വെയർഹൗസിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ററാററ്യൂട്ടറി കോർപ്പറേഷനുകളുണ്ട്. ഇവ കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ മൂലധനം കൊണ്ടുതുടങ്ങിയ വ്യവസായങ്ങളാണ്. ഈ കോർപ്പറേഷനുകൾപോലും ഭീമമായ നഷ്ടത്തിലാണെന്ന് പറഞ്ഞാൽ ഈ രാജ്യത്തിന്റെ മോശപ്പെട്ട സമ്പദ്ഘടനയെക്കുറിച്ച് സാധാരണ ജനങ്ങൾ ചിന്തിച്ചുപോകുന്നതിൽ തെററുണ്ടോ? ഞാൻ വളരെ കൺസ്ട്രക്ടീവായി പറയുകയാണ്. ഇതൊന്നു ലാഭകരമാക്കാനുള്ള നീക്കത്തെക്കുറിച്ച് ഈ ഗവൺമെന്റ് ചിന്തിക്കണമെന്ന്. അതുപോലെ പല കോർപ്പറേഷനുകളുമുണ്ട്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, സ്റേറററ് ഫാമിംഗ് കോർപ്പറേഷൻ, ഫോറസ്ററ് ഡവലപ്പുമെന്റ് കോർപ്പറേഷൻ, ചാലക്കുടി പോട്ടറീസ് ഇവയെല്ലാം തന്നെ ഭീമമായ നഷ്ടത്തിലാണ് എന്ന കാര്യം ഈ ഗവൺമെന്റു കാണുകയും ഈ പൊതു മേഖലയിൽ സത്വരമായി ശ്രദ്ധ പതിപ്പിച്ചു ആദായകരമായി ഇവ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യണം. കാഷ്യൂഡവലപ്പുമെന്റ് കോർപ്പറേഷന്റെ ദയനീയമായ ചിത്രം നമ്മുടെ മുൻപിലുണ്ട്. അതും ലാഭകരമായി നടത്തണം, ഇങ്ങനെ വ്യാവസായിക രംഗത്തു ഗവൺമെന്റ് കൂടുതൽ ശ്രദ്ധപതിപ്പിച്ചു ആദായകരമാക്കാൻ ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു:</u> സർ, ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജററിനെപ്പററി ഈ സഭയിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും പാർലമെന്റിലും ബഡ്ജററുകളെ സംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജററ് നമ്മുടെ രാജ്യത്തിലെ പാവപ്പെട്ടവരെ എത്രത്തോളം ദ്രോഹിച്ചു എന്നുള്ളതു ഇന്നു ഇൻഡ്യയിലെ ജനങ്ങൾക്കറിയാം. ഇൻഡ്യയിലെ ജനങ്ങൾ അതിനെതിരായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനങ്ങളുടെ ബഡ്ജററുകൾ പരിശോധിച്ചാൽ മഹാരാഷ്ട്രയിൽ 37 കോടി രൂപയുടെ നികുതിയാണ് ചുമത്തിയിട്ടുള്ളത്. ബംഗാളിൽ 40 കോടി രൂപയുടെ നികുതി ചുമത്തി. അങ്ങനെ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും ജനങ്ങളുടെ മേൽ കൂടുതൽ ഭാരം ഏൽപ്പിച്ചുകൊണ്ട് ബഡ്ജററ് അവതരിപ്പിച്ച സന്ദർഭത്തിൽ ഈ ഗവൺമെന്റ് നികുതിയൊന്നും

LIBRARY ARCHIVES Kerala Legislative Assembly

ചുമത്താതെ നമ്മുടെ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോട് പ്രത്യേകമായ ഒരു സമീപനം കൈക്കൊണ്ട് അവതരിപ്പിച്ച ബഡ്ജററ് എന്ന നിലയിലാണ് ഞാൻ ഇതിനെ സ്വാഗതം ചെയ്യുന്നത്. പാർലമെൻറിൽ ശ്രീ. ചരൺസിംഗ് അവതരിപ്പിച്ച ബഡ്ജററിൽ 31 കോടി രൂപയുടെ നികുതി പിൻവലിച്ചിട്ടുള്ളതിനെസംബന്ധിച്ച് നമ്മുടെ ഇവിടത്തെ ജനതാ പാർട്ടിയുടെ നേതാക്കൻമാർ സന്തോഷം പ്രകടിപ്പിച്ചു. സർ, നമ്മുടെ രാജ്യത്ത് ഏററവുമധികം ഭാരം ചുമക്കുന്ന ഒരു മൃഗമാണ് ഒട്ടകം. ആ ഒട്ടകത്തിൻെറ മേൽ യജമാനൻ ധാരാളം ഭാരം കയററിവച്ചിട്ട് അവസാനം ഒട്ടകം കാണത്തക്കനിലയിൽ ഒരുവയ്ക്കോൽ ചാക്ക് എടുത്തു അതിൻെറ മുന്നിൽ ഇടുന്നപോലെയാണ് ബഹുമാനപ്പെട്ട ചരൺസിംഗിൻെറ നികുതി പിൻവലിക്കൽ സമ്പ്രദായം. അതിൽ ആഹ്ലാദിച്ചതുകൊണ്ട് യാതൊരു ഫലവുമില്ല എന്നുമാത്രമല്ല ഏററവുമധികം ദ്രോഹം ചെയ്യുന്ന ഒരു സമീപനമാണ് ആ ബഡ്ജററിൽകൂടി കാണാൻ സാധിക്കുന്നതും. ഇത്തരമൊരു പരിതഃസ്ഥിതിയിൽ നമ്മുടെ പ്രതിപക്ഷത്തിരിക്കുന്ന പല നേതാക്കൻമാരുടേയും പ്രസംഗം ഞാൻ ശ്രദ്ധിക്കുകയുണ്ടായി. എല്ലാ പേരുടേയും പ്രസംഗം ശ്രദ്ധിച്ചു, പലരുടേയും പ്രസംഗം ക്ലച്ച് പിടിക്കുന്നില്ല. അതിൽ നല്ല കാര്യങ്ങൾ പലതും പറഞ്ഞിട്ടുണ്ട്. ശ്രീ. കരുണാകരൻെറയും എസ്തോസിൻെറയും പ്രസംഗങ്ങൾ ക്ലച്ച് പിടിക്കുന്നില്ല. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബഡ്ജററുകൾ അവതരിപ്പിച്ച് ചർച്ച നടക്കുമ്പോൾ അതിൽനിന്നു വളരെ വ്യത്യസ്തമായി ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനങ്ങളെ കൂടുതൽ സമ്പന്നരാക്കാനുള്ള ഈ സ്റേററിൻെറ കഴിവ് ഉപയോഗിക്കുക എന്ന ഭാഗത്തേക്ക് ശ്രദ്ധ തിരിച്ച ഒരു ബഡ്ജററാണിത്. ഈ ബഡ്ജററിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ശ്രീ. സുന്ദരേശൻനായർ കള്ളുകൊടുത്തു കുറെ പണമുണ്ടാക്കിയെന്നു പറഞ്ഞു. കള്ള് അത്ര മോശമാണോ? കള്ള് അത്ര മോശമൊന്നുമല്ല. ശ്രീ. സുന്ദരേശൻ നായർതന്നെ വായിക്കുന്ന പ്രധാനപ്പെട്ട ഒരു ഗ്രന്ഥമാണ് മഹാഭാരതം. ആ മഹാഭാരതത്തിലെ കർണ്ണപർവ്വം എഴുതിയത് കള്ളുകുടിച്ചുകൊണ്ടാണ്. 'പരാപരാപര പരമപാഹിമാം, പരമാനന്ദമെന്നിതേപറയാവൂ' എന്നുപറഞ്ഞുകൊണ്ടാണ് തുടങ്ങുന്നതുതന്നെ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അത് ഈണത്തിൽ ചൊല്ലണം. ഇങ്ങനെ ചൊല്ലിയാലോ? പരാപരാപരാ പരമ പാഹിമാം. പരമാനന്ദമെന്നിതേ പറയാവൂ' എന്നു ഈണത്തിൽ പാടണം. (ബഹുമാനപ്പെട്ട മെമ്പർ ഈണത്തിൽപാടി)

[Shri Vakkom Purushothaman in the Chair]

ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു: കള്ള് അത്ര മോശമായതാണോ? കള്ള് വളരെ നല്ലതാണെന്നു തെളിയിച്ചിട്ടുണ്ട്. ഞാൻ കള്ളൊന്നും കുടിക്കാറില്ല. പക്ഷെ, കള്ള് വളരെ നല്ലതാണ്. കള്ളിൻെറ അകത്തുള്ള ലഹരി കുറച്ചുകൊണ്ടുവരാനുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. ആ രീതിയിൽ അസംബ്ലിക്കകത്തുള്ള എല്ലാ ആളുകളും ചിന്തിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളത്. കള്ളിൻെറ കഥ പറഞ്ഞ് നമ്മുടെ ഈ സഭയുടെ വിലപ്പെട്ട സമയം കളയരുതെന്ന് എനിക്ക് അഭിപ്രായമുണ്ട്.

ശ്രീ. പി. ആർ. കുറുപ്പ്: ചാരായത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാന്തലോട്ടു കുഞ്ഞമ്പു : ചാരായത്തെക്കുറിച്ച് എനിക്ക് അറിഞ്ഞുകൂടാ. നമ്മുടെ സ്ത്രീകൾ പ്രസവിച്ചുകഴിഞ്ഞാൽ അവരുടെ വയറ് ശുദ്ധമാകുന്നതിന് ബ്രാണ്ടി കൊടുക്കാറില്ലേ? അതു മോശമാണെന്നാണോ ബഹുമാനപ്പെട്ട കുറുപ്പു പറയുന്നത്. ആയുർവ്വേദ വിധിപ്രകാരമുള്ള ചികിൽസയുണ്ട്. അതിനുപുറമെയാണ് ഇത് ഉപയോഗിക്കുന്നത്. ഞാൻ ഇതൊന്നും ഉപയോഗിക്കാത്ത ആളായതുകൊണ്ട് എനിക്ക് ഇതിനെപ്പററി ഒന്നും അറിഞ്ഞുകൂടാ. കള്ളിൽ ഭക്ഷണത്തിൻെറ അംശം അടങ്ങിയിട്ടുണ്ട്. മനുഷ്യൻെറ ആരോഗ്യം നിലനിറുത്താൻ ഉപകരിക്കുന്ന ചില അംശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. അതൊന്നും കണക്കിലെടുക്കാതെ കള്ളിൻെറ കാര്യം പറഞ്ഞ് സഭയുടെ അന്തസ്സ് നശിപ്പിക്കരുത്. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഗുരുവായൂരിൽപോയി ഒരു പ്രസംഗം ചെയ്തു. അദ്ദേഹം കേസ് ജയിച്ചപ്പോൾ ഗുരുവായൂർ പോയി. അദ്ദേഹം ഈശ്വരഭക്തനാണ്. അദ്ദേഹം പറഞ്ഞു, ഇതൊരു സ്ററണ്ട് ആണെന്ന്. കള്ളുവിററ് പണമുണ്ടാക്കി വരദരാജൻ നായർ സ്ററണ്ട് കാണിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ വാസ്തവത്തിൽ എന്താണ്? ഈ ബഡ്ജററിൻെറ പോരായ്മയെന്നു പറയുന്നത് നമ്മുടെ സ്റേററിൻെറ സമ്പത്തിക കഴിവിൻെറ പോരായ്മയാണ്.

ഈ ബഡ്ജററിൽ പല നല്ല പദ്ധതികളെപ്പററിയും പറയുന്നുണ്ട്. എല്ലാ കാര്യങ്ങളും ഞാൻ പറയുന്നില്ല. 37 കോടി രൂപ ചെലവ് ചെയ്ത് ചെറുകിട-വൻകിട ജലസേചന പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജലം നമ്മുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കുന്നുണ്ട്. അങ്ങനെ പ്രധാനപ്പെട്ട ഒരുപങ്കു വഹിക്കുന്നതുകൊണ്ട് നമ്മുടെ കേരളത്തിലെ ദരിദ്രവാസികളായ എല്ലാ വിഭാഗത്തെയും ഉയർത്തുന്നതിനു സഹായിക്കുന്ന ഒരു പദ്ധതിയായിത്തീരുന്നതാണ് ഇത്. ഈ പദ്ധതിയെപ്പററി പരാമർശിക്കുന്ന സമയത്ത് നമ്മുടെ കേരളത്തിൻെറ ഒരു പ്രധാനപ്പെട്ട ഉൽപ്പാദനമാണ് നാളികേരം. ഈ നാളികേരത്തെസംബന്ധിച്ച് നമുക്കൊക്കെ അറിയാം. മേടം, ഇടവം മാസങ്ങളിൽ ഒരു തെങ്ങിൻെറ ചുവട്ടിൽതന്നെ 15 വെളിച്ചെങ്ങയെങ്കിലും വീഴും. ഇത് ഏതു മാസത്തിലാണ്? ഏററവും ചൂടുള്ള ഏപ്രിൽ, മേയ് മാസങ്ങളിലാണ്. എന്താണ് കാരണം ? വെള്ളത്തിൻെറ കുറവാണ്. ബഡ്ജററ് എന്നു പറയുന്നത് ഭക്ഷണത്തിനാവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുക എന്നുള്ളതിൽ മുൻതൂക്കം കൊടുക്കുന്നതാണ്. അപ്പോൾ അതിൽ പ്രധാനപ്പെട്ടതാണ് നാളികേരം. ഒരു തെങ്ങിൽ ഒരു തേങ്ങ മിച്ചമുണ്ടായാൽ 20 കോടി രൂപയെന്ന് നമ്മുടെ മുൻ ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ ഒരു തെങ്ങിൽനിന്നും 15 വെളിച്ചെങ്ങ വീഴുന്ന സമയത്ത് വെള്ളം കിട്ടിയാൽ തെങ്ങിൽനിന്നും വീഴുന്ന വെളിച്ചെങ്ങയാൽ നാലെണ്ണം കിട്ടും. അപ്പോൾ എത്ര കോടി രൂപ? 80 കോടി രൂപ. വെളിച്ചെങ്ങയെന്നാണ് വടക്കെ മലബാറിൽ പറയുന്നത്. ഇവിടെ എന്തു പേരുപറയുമെന്ന് അറിഞ്ഞുകൂടാ.

സർ, പിന്നെ എന്നെ ഏററവും അധികം സന്തോഷിപ്പിച്ചത് കൊച്ചു കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കാനുള്ള നമ്മുടെ ധനകാര്യ മന്ത്രിയുടെ സമീപനത്തെയാണ്. അതിനെ നമ്മുടെ മുസ്തഫ കളിയാക്കി. വാസ്തവത്തിൽ ശരിയാണോ നിങ്ങൾ ചെയ്തത് ? ഇതു പറയുമ്പോൾ ഒരു കവിതയാണ് എനിക്ക് ഓർമ്മവരുന്നത്.

"ഗർഭഗൻ കരചരണങ്ങൾകൊണ്ട്
ഗർഭിണി തനിക്കുള്ളിൽ വേദനയുണ്ടെങ്കിലോ
തൽസുതൻ പുനരുടനുത്ഭവിച്ചീടുന്നേരം
മൽസരം മാതാവിനുണ്ടാകില്ലൊരിക്കലും"

LIBRARY ARCHIVES Kerala Legislative Assembly

അത്രയധികം വേദന സഹിച്ച് കുട്ടി ജനിച്ചുവീണാൽ ആ അമ്മയുടെ വേദനയെല്ലാം മറന്നു കുട്ടിയെ ഉമ്മവയ്ക്കുന്നു. ഇന്ന് ഒരു നേരത്തെ ഭക്ഷണം കിട്ടാത്ത കുട്ടികൾ ധാരാളമുണ്ട്. അങ്ങനെയുള്ള കുട്ടികൾക്ക് ഒരുനേരത്തെ ഭക്ഷണം കൊടുക്കാൻ തീരുമാനിച്ചത് കളിയാക്കുന്നത് ശരിയാണോ മുസ്തഫ? പിന്നെ ഇത് കൊടുക്കാൻ കഴിയുമോയെന്നുള്ളതാണ് ശ്രീ. കുര്യന്റെ സംശയം. ഇത്തരം ഒരു തീരുമാനം നടപ്പാക്കാനുള്ള ഏർപ്പാടുകളും ഉണ്ടാകും. ഈ അവസരത്തിൽ ഞാൻ നമ്മുടെ മഹാത്മാ ഗാന്ധിയെയാണ് ഓർമ്മിക്കുന്നത്. ഗാന്ധിജിയുടെ ഉത്തമശിഷ്യനാണ് ബഹുമാനപ്പെട്ട വരദരാജൻ നായർ. വിശക്കുന്നവന്റെ മുമ്പിൽ ഈശ്വരൻ ഭക്ഷണത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുമെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ട്. അപ്പോൾ നമ്മുടെ ധനകാര്യമന്ത്രി ഒരു മനുഷ്യപുത്രനാണ്. അതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. അങ്ങനെ സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ജനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഏററവും ക്രിയാത്മകമായ ഒരു സമീപനമാണ് ഈ ബഡ്ജററിൽ സ്വീകരിച്ചിരിക്കുന്നത്.

സർ, ഈ ബഡ്ജററ് പ്രസംഗത്തിന്റെ മറെറാരു ഭാഗത്ത് കുടികിടപ്പുകാരന്റെ ഭവനനിർമ്മാണത്തെ സംബന്ധിച്ച് പറയുന്നുണ്ട്. എന്തൊരു സന്തോഷമാണ്. ഇതിലൊക്കെ സന്തോഷിക്കാത്തവർ മനുഷ്യരാണോ? ആരാണു ഈ കുടികിടപ്പുകാർ ? ചങ്ങമ്പുഴയുടെ വാഴക്കുലയിലെ മലയപ്പുലയനാണ് ഈ കുടികിടപ്പുകാരൻ. വാഴക്കുല നമ്മുടെ രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങളെ വളർത്തിയെടുക്കുന്നതിൽ എത്രമാത്രം സഹായിച്ചിട്ടുണ്ട്. അന്നത്തെ ആ മലയപ്പുലയനാണോ ഇന്ന് കേരളത്തിലുള്ളത്? അല്ല. ഇവൻ ഉള്ളവനാണ്. പത്തുസെന്റ് ഉള്ളവനാണ്. വാഴ ഉള്ളവനാണ്, തെങ്ങുള്ളവനാണ്. ആ മലയപ്പുലയന് 3000 രൂപക്ക് വീടുകൂടി കൊടുത്ത് സിമന്റ് ഇട്ട്, വെള്ളവീശി മനോഹരമായ ആ വീട്ടിനകത്ത് ഇരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുത്താൽ അതിൽ സന്തോഷിക്കുന്നവന്റേതാണ് മനുഷ്യഹൃദയം. ബഡ്ജററിനെ വിമർശിച്ചുകൊള്ളുക. എനിക്ക് അതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷെ, ഇതുപോലുള്ള കാര്യങ്ങളിൽ സന്തോഷിക്കണം. ഈ രീതിയിൽ നമ്മുടെ രാജ്യത്തെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ബഡ്ജററ് വളരെയധികം സഹായിക്കും.

അതുപോലെതന്നെ മറെറാരുകാര്യംകൂടി ഉണ്ട് ഈ ബഡ്ജററിൽ. പത്തുലക്ഷത്തോളം വരുന്ന തൊഴിലില്ലാത്തവരുണ്ട് നമ്മുടെ നാട്ടിൽ. അതിൽ അധികവും അഭ്യസ്തവിദ്യരാണ്. എന്താണ് ഒരു പരിഹാരം? അതിനെ പുച്ഛിച്ചു തള്ളാൻ പാടില്ല. ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ഈ സഭയ്ക്ക് കൂട്ടായ ഉത്തരവാദിത്വമുണ്ട്. ഈ സഭയുടെ കഴിവ് നമുക്ക് പ്രയോജനപ്പെടുത്തണം. ഈ സഭയ്ക്ക് അതിനു സ്വന്തമായി കഴിയുമോ? എനിക്കു വിശ്വാസമില്ല. ഈ പത്തുലക്ഷം പേരുടെ തൊഴിൽ പ്രശ്നം ടീ സ്പൂണിൽ എടുത്ത് ഇത്രകാലം കൊണ്ട് പരിഹരിച്ചുകളയാമെന്നു വിചാരിക്കുന്നത് ശരിയല്ല. ഈ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ആവശ്യമാണ്. ആ ആവശ്യം നേടിയെടുക്കുന്നതിന് ഈ സഭയും കേരളീയരും കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളും ഒരുമിച്ചു ശ്രമിക്കുക എന്നുള്ളതാണ് രാജ്യസ്നേഹികളുടെ കടമ. നമ്മുടെ കഴിവുകൾ നമുക്ക് ഉപയോഗപ്പെടുത്തണം. ആ നിലയിൽ മുന്നോട്ടുപോകാൻ നമ്മുടെ സമീപനത്തിൽ മാററം വരണമെന്നാണ് പറയുന്നത്. നമ്മുടെ പാർട്ടികളുടെ സമീപനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായും മാററം വരണം. ഇന്നു പലതിനോടും ഉളളതിൽനിന്നും വ്യത്യസ്തമായ ഒരു സമീപനം കൈക്കൊളളാൻ നാം സന്നദ്ധത കാണിക്കണം. ഇന്ന് ഏതാണ്ട് ആ നിലയിലേക്ക് വരുന്നുണ്ട്. എനിക്കാണെങ്കിൽ പത്തുഅറുപത്തിമൂന്നു വയസു പ്രായമുണ്ടെങ്കിലും ഞാൻ അസംബ്ലിയിൽ കൊച്ചനാണ്. രണ്ടു വയസ്സേ പ്രായമുളളു. ഈ രണ്ടുവയസ്സു പ്രായമാകുന്നതിനുളളിൽ വളരെയേറെ മാററങ്ങൾ സമീപനത്തിലും അവതരണത്തിലും പ്രശ്നങ്ങളെ സമീപിക്കുന്നതിൽ ഈ സഭയ്ക്കുണ്ടായതിൽ ഏററവും കൂടുതൽ സന്തോഷിക്കുന്ന ഒരുവനാണ് ഞാൻ. ഈ മാററങ്ങൾ ഉണ്ടായതോടൊപ്പംതന്നെ കുറെക്കൂടി ക്രിയാത്മകമായ സമീപനം ഈ തൊഴിലില്ലായ്മ പ്രശ്നത്തിൽ സ്വീകരിച്ച് ഇതു പരിഹരിക്കുന്നതിന് ആവശ്യമായ കേന്ദ്രസഹായം നേടിയെടുക്കണമെന്നാണ് എനിക്കു പറയാനുളളത്. കേന്ദ്രസഹായത്തിൽകൂടി മാത്രമെ നമുക്ക് ഈ തൊഴിലില്ലായ്മ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കുവാൻ സാധിക്കുകയുളളു.

വിദ്യാഭ്യാസത്തെപ്പററി എന്റെ ഒരു സ്നേഹിതൻ ഇവിടെ പറഞ്ഞു. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ പുരോഗതി എടുത്തുപരിശോധിച്ചാൽ വിദേശരാജ്യങ്ങളിൽനിന്ന് 1800 കോടി രൂപ ഇൻഡ്യയിലേക്ക് വരുന്നുണ്ട്. അതിൽ 400 കോടി രൂപ കേരളത്തിനു കിട്ടുന്നു. അതൊരു വലിയ സംഖ്യയാണ്. എന്താണ് കാരണം? നമ്മുടെ ഇവിടെനിന്നും ഐ.ടി.ഐ. കളിലും എഞ്ചിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജിലും ഒക്കെപഠിച്ചു വിദഗ്ദ്ധന്മാരായി പുറത്തുപോയതുകൊണ്ടാണ് ഈ സംഖ്യ നമുക്കു കിട്ടുന്നത്. അവർ എന്തുമാത്രം പണം അയയ്ക്കുന്നു. ഇൻഡ്യയിൽ ഏററവും കൂടുതൽ പഠിച്ചുപോയിട്ടുളളത് കേരളത്തിൽനിന്നുമാണ്. ഇനിയും നമ്മൾ വിദ്യാഭ്യാസത്തിൽ മാററം വരുത്തേണ്ടതുണ്ട്. അതിന് ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസംകൂടാതെ പ്രവർത്തിക്കണം.

സർ, ഒരു കാര്യംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേരളീയരായ നമ്മൾ എത്ര ബുദ്ധിയുളളവരാണ്? നമ്മൾ നല്ല വെളുത്ത വസ്ത്രം ധരിക്കുന്നവരാണ്. നിറമുളള വസ്ത്രങ്ങൾ ധരിക്കുന്നവരുമുണ്ട്. നമ്മളെല്ലാവരും ദിവസേന കുളിച്ചു വസ്ത്രം മാറുന്നുണ്ട്. നമ്മൾ സ്വയമൊന്നു പരിശോധിക്കണം ഇത്രയേറെ വസ്ത്രങ്ങൾ എവിടെ. യാണ് നിർമ്മിക്കുന്നത്? എത്ര മില്ലുകളുണ്ട്? നമുക്കറിയാമോ അക്കാര്യം? വളരെചുരുക്കം മില്ലുകളേ ഉളളു. വസ്ത്രനിർമ്മാണത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ് നമ്മുടെ സ്റേററ്. കേന്ദ്രത്തിൽനിന്നുളള ധനസഹായവും വാങ്ങി ഇവിടെ കൂടുതൽ തുണിമില്ലുകൾ ആരംഭിക്കുകയാണെങ്കിൽ നമ്മുടെ പ്രധാന പ്രശ്നമായ തൊഴിലില്ലായ്മ പകുതിയിൽകൂടുതലും പരിഹരിക്കാൻ സാധിക്കും. അതുകൊണ്ട് ആ സഹായം കേന്ദ്രത്തിൽനിന്നു വാങ്ങുന്നതിനുവേണ്ടി എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മറന്നു നാം പ്രവർത്തിക്കണം. അല്ലാതെ വെറുംവിമർശിക്കൽകൊണ്ടുമാത്രം ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ഒക്കുകയില്ല. വെറും വിമർശിക്കൽ മാത്രമാണോ നമ്മുടെ കടമ. അഭ്യസ്ത വിദ്യരടക്കമുളള ആളുകളുടെ തൊഴിലില്ലായ്മക്കു പരിഹാരം കാണുന്നതിനുവേണ്ടിനമ്മുടെ സോഴ്സും കേന്ദ്രത്തിൽ നിന്നുളള സോഴ്സും ഉപയോഗിക്കുന്നതിന് ഈ സഭ ഒരുമിച്ചു പ്രവർത്തിക്കണമെന്നും ഈ ബഡ്ജററ് ഐകകണ്ഠ്യേന അംഗീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Dy. Speaker in the Chair)

ശ്രീ. എ.വി. താമരാക്ഷൻ: സർ സാമ്പത്തികസാമൂഹ്യ വികസനപ്രവർത്തനത്തിൽ ഒരു പുതിയ സമീപനം സ്വീകരിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. സാമ്പത്തിക രംഗത്ത് ഒരു സമഗ്രമായ കാർഷിക വികസന പദ്ധതിക്കു രൂപം നൽകുന്നതുവഴിയും വ്യാവസായികമേഖല കൂടുതൽ ഭദ്രമാക്കുന്നതുവഴിയും വനവിഭവങ്ങളും ഇലക്ട്രിസിററിയും ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതുവഴിയും കൂടുതൽ വ്യവസായികളെ കേരളത്തിലേക്കാകർഷിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കുന്നതുവഴിയും സമഗ്രമായ ഒരു സാമ്പത്തിക വികസനത്തിനാണ് ഈ ബഡ്ജററ് രൂപം കൊടുത്തിരിക്കുന്നത്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ വിശദാംശങ്ങളിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുൻകൊല്ലത്തെ അപേക്ഷിച്ച് കൂടുതൽ കാര്യങ്ങൾ ആ രംഗത്തു നടപ്പാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ ഇൻഡ്യയിൽ ഇന്നുവരെ ഒരു സംസ്ഥാന ഗവൺമെൻറും സ്വീകരിക്കാത്ത ഒരു പുതിയ കാഴ്ചപ്പാടും സമീപനവും ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നത്. സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ നമ്മൾ എന്തൊക്കെ ചെയ്യാനാഗ്രഹിച്ചാലും നമ്മുടെ സിവിൽസർവ്വീസിൻെറ ഘടനയിലും സാമൂഹ്യവീക്ഷണത്തിലും കാതലായ മാററം ഉണ്ടാകാതെ ഈ രാജ്യത്ത് യാതൊരു മാററവും ഉണ്ടാകാൻ പോകുന്നില്ല എന്നുള്ള ബലമായ വിശ്വാസമാണെനിക്കുള്ളത്. ഇന്നു നമ്മുടെ സംസ്ഥാനത്തിൻെറ ആകെ റവന്യൂവരുമാനമായ 290 കോടി രൂപയിൽ 275 കോടിയും ഇവിടത്തെ ഒരു ന്യൂനപക്ഷംവരുന്ന ഗവൺമെൻറ് ജീവനക്കാർക്ക് ശമ്പളമായി കൊടുക്കുകയാണ്. ഈയിടെ നടപ്പിലാക്കിയ ശമ്പളപരിഷ്കരണം മുഖേന ഗവൺമെൻറിന് 30 കോടി രൂപയാണ് അധികച്ചെലവ്. എന്നിട്ടും അതുപോരാ എന്നു പറഞ്ഞുകൊണ്ട് ജൂൺ മാസത്തിൽ ഗവൺമെൻറ് ജീവനക്കാരും അദ്ധ്യാപകരും ഉൾപ്പെടെയുള്ള ജീവനക്കാർ ഒരു പണിമുടക്കിലേക്കു നീങ്ങുന്നു എന്നാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ആറുലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന കയർ വ്യവസായ മേഖലയിൽ പത്തുകോടിരൂപ ചിലവാക്കിയെങ്കിൽ ആ തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും രക്ഷപ്പെടുത്താമായിരുന്നു. അങ്ങനെയുള്ള ഒരു ഘട്ടത്തിലാണ് ഗവൺമെൻറു ജീവനക്കാർക്കുവേണ്ടി 30 കോടി രൂപ ചിലവാക്കിയത്. സാധാരണപ്പെട്ട ആളുകൾ ഗവൺമെൻറാഫീസിൽ കടന്നു ചെന്നാൽ അവരോടുള്ള പെരുമാററവും സമീപനവും എന്താണ് സാർ ? സെക്രട്ടേറിയററിൽനിന്നും ഒരു പാവപ്പെട്ടവന് ഒരു ഫയലിൻെറ കാര്യം അറിയണമെങ്കിൽ മൂന്നുമണിക്കു ശേഷമേ അവിടെ ചെല്ലാൻ പററൂ. സെക്ഷൻ കണ്ടുപിടിച്ചുവരുമ്പോൾ നാലു മണിയാകും. സെക്ഷനിൽ ചെല്ലുമ്പോൾ ആളും കാണുകയില്ല. മന്ത്രിമാരും വകുപ്പദ്ധ്യക്ഷൻമാരുമുൾപ്പെടെയുള്ളവർ ഒരു മിന്നൽ പരിശോധന നടത്തുകയാണെങ്കിൽ അൻപതു ശതമാനം ജീവനക്കാരും ഡിപ്പാർട്ടുമെൻറുകളിൽ കാണാൻ സാധിക്കുകയില്ലെന്നുള്ള സത്യം തുറന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിവിടെമാത്രമുള്ള കാര്യമല്ല. എല്ലാ ഗവൺമെൻറ് സ്ഥാപനങ്ങളിലേയും സ്ഥിതിയാണ്. ഈ സ്ഥിതിക്കൊരു മാററമുണ്ടാകാതെ നമ്മൾ എന്തെല്ലാം പരിപാടികളാവിഷ്കരിച്ചാലും ഇവിടെ യാതൊരു മാററവും ഉണ്ടാകാൻ പോകുന്നില്ല. രാഷ്ട്രീയ പാർട്ടികളുടെ സമീപനത്തിലും മാററമുണ്ടാകണം. ഇവിടെ വളർന്നുവരുന്ന ഈ പ്രവണതയ്ക്കെതിരായി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ രാഷ്ട്രീയ പാർട്ടികളും വിരൽ ചൂണ്ടണം. കൂലി കൂടുതൽ വേണമെങ്കിൽ അവർ ആവശ്യപ്പെടട്ടെ. പക്ഷേ അവർ ചെയ്യേണ്ട കടമ ഉത്തരവാദത്തോടുകൂടി നിർവ്വഹിക്കുന്നുണ്ടോ എന്നു നോക്കാൻ രാഷ്ട്രീയ പാർട്ടികളും സംഘടനകളും തയ്യാറാകേണ്ട ഒരു സ്ഥിതിവിശേഷത്തിൽ എത്തിയിരിക്കുകയാണ്. അതുകൊണ്ടു വളരെ ഗൗരവമായിത്തന്നെ ഈ പ്രശ്നത്തെ കാണേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾക്കും സംഘടനകൾക്കും ജീവനക്കാരോടുള്ള സമീപനത്തിൽതന്നെ കാതലായ മാററമുണ്ടായില്ലെങ്കിൽ ഇവിടെ ആരു ഭരിച്ചാലും, ഏതു ഗവൺമെൻറു ഭരിച്ചാലും, എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചാലും അതൊന്നും നടപ്പിലാക്കാൻ പോകുന്നില്ല. ഒട്ടേറെ സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. പക്ഷേ ഓരോ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണ്? ആ ഓരോഫയലുകളുടെ പിന്നിലും തുടിക്കുന്ന ആയിരക്കണക്കിനാളുകളുടെ ജീവിത പ്രശ്നങ്ങൾ ഉണ്ട്. അതു മനസ്സിലാക്കാനുള്ള സാമൂഹ്യ വീക്ഷണം ഗവൺമെൻറ് ജീവനക്കാർക്കുണ്ടാകേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും അതിനു നേരേ കണ്ണടക്കാൻ തയ്യാറാകണമെന്നു മാത്രമാണ് എനിക്കു മുഖ്യമായി പറയാനുള്ളത്. ഭരണപരിഷ്ക്കാരരംഗത്ത് ചില പരിപാടികൾ ആവിഷ്ക്കരിക്കാൻ ധനകാര്യമന്ത്രി പ്രത്യേകമായി മുൻകൈയെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ബഡ്ജററിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാമൻ: സർ, ഈ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തെ പാടെ അവഗണിച്ചുകൊണ്ടുള്ള ഒരു ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് എന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കോളനിയെസംബന്ധിച്ചും വിദ്യാർത്ഥികളുടെ ലംപ്സംഗ്രാൻറിനെ സംബന്ധിച്ചും പോക്കററ്മണിയെസംബന്ധിച്ചുമെല്ലാം ബഡ്ജററ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. അതൊന്നും പുതുമയുള്ള കാര്യമല്ല; മുൻപുള്ള പദ്ധതിയുടെ തുടർച്ചയാണ്. സർ, എല്ലാവരും പരാമർശിച്ച ഒരു കാര്യമുണ്ട്—ഹരിജൻ ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിൽ ഹരിജന-ഗിരിജനങ്ങൾക്ക് പതിനായിരം വീടുകൾ നിർമ്മിക്കുന്ന കാര്യം. ഈ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ച ആളുകൾ ആവശ്യമായ ഡോക്കുമെൻറ്സ് എല്ലാം കൊടുത്തിട്ടും ഈ പദ്ധതിപ്രകാരം വീടു കിട്ടുമോ ഇല്ലയോ എന്നുള്ള കാര്യത്തിൽ യാതൊരു തീരുമാനവും അവരെ അറിയിച്ചിട്ടില്ല. അവർ കാത്തിരിക്കുകയാണ്. അപേക്ഷ സമർപ്പിച്ചിട്ട് ഒരുകൊല്ലമായി. അതുപോലെതന്നെ ഹരിജൻവെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെയും ഹരിജൻ ഡെവലപ്മെൻറ് കോർപ്പറേഷന്റെയും കീഴിൽ മുൻപ് അനുവദിച്ചിട്ടുള്ള വീടുകളെല്ലാം പൂർത്തിയാകാതെ കിടക്കുകയാണ്. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം നിലവിലിരിക്കേ ഈ പതിനായിരം വീടുകളുടെ പണി എത്രത്തോളം പൂർത്തിയാകുമെന്നു നാം കണ്ടറിയേണ്ടിയിരിക്കുന്നു. ബഡ്ജററ് പ്രസംഗത്തിൽ ഒരു കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ട്. അതായത് അടുത്തവർഷം ഗിരിജനക്ഷേമവകുപ്പ് ആരംഭിക്കുന്ന 15 സ്കൂളുകളുടെയും 100 ബാലവാടികളുടെയും നടത്തിപ്പും നിർവ്വഹണവും ഗിരിജൻ സർവ്വീസ് സൊസൈററികളിൽ നിക്ഷിപ്തമായിരിക്കുമെന്നു ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ആദിവാസികളെ മറെറാരു വിധത്തിൽ മററുള്ളവർക്ക് ചൂഷണം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കലായിരിക്കും ഇത് എന്നാണെന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ജനതാസർക്കാർ അധികാരത്തിൽവന്നതിനുശേഷം ഈ രാജ്യത്താകമാനം ഹരിജനമർദ്ദനം നടക്കുകയാണെന്ന് ഇവിടെ പലരും പറഞ്ഞതു കേട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിനേതാവ് ശ്രീ എം. എൻ. ഗോവിന്ദൻ നായർ ഇതിൽ പ്രതിഷേധിച്ച് പ്രധാനമന്ത്രിയുടെ വസതിക്കു മുൻപിൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ച കാര്യവും എല്ലാവർക്കും അറിയാം. ജനതാ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം കാര്യങ്ങൾ നടന്നുവെന്നത് നിഷേധിക്കുന്നില്ല. അതിനു മുമ്പും വളരെയധികം ഉണ്ടായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്കു ഇന്നും ഒരു അറുതി വന്നിട്ടില്ല. കേരളത്തിന്റെ സ്ഥിതി എന്താണ്? പാവപ്പെട്ട ഹരിജനങ്ങൾക്കു ഭയമില്ലാതെ ജീവിക്കാൻ സാധ്യമല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. അതിന് ഒരു ഉദാഹരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ഒരു നേതാവും ഒരു എക്സ് എം. എൽ. എ. യും ആയ ഒരാൾ വെള്ള എന്ന ആദിവാസിയുടെ കുടിൽ തകർക്കുകയും ആ കുടുംബത്തെ വഴിയാധാരമാക്കുകയും ചെയ്ത സംഭവം ഈയിടെ മാനന്തവാടിക്കടുത്ത് ഉണ്ടായിരിക്കുന്നു. അവർ കൃഷിയിറക്കിയതു മുഴുവൻ നശിപ്പിച്ചിരിക്കുകയാണ്. ഇതു പത്രത്തിലൊക്കെ വാർത്ത വന്നിട്ടുള്ളതാണ്. (ബഹുമാനപ്പെട്ട മെമ്പർ പത്രം ഉയർത്തി കാണിച്ചു).

ശ്രീ. എം. വി. രാജൻ: കെ. കെ. അണ്ണൻ എന്നു പറയുന്ന എക്സ് എം. എൽ. എ. ആണ് കുടിൽ പൊളിച്ചതെന്നും ഞാൻ അവിടെപ്പോയി ഈ കുടിൽ വച്ചുകെട്ടിക്കൊടുത്തു ആ കുടുംബത്തെ താമസിപ്പിച്ചുവെന്നും ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. പി. രാമൻ: ബഹുമാനപ്പെട്ട മെമ്പർക്കു എന്നെക്കാൾ അതു സംബന്ധിച്ച് കൂടുതൽ അറിയാം.

മറെറാരു കാര്യം എനിക്കു പറയാനുള്ളത്, നമ്മുടെ സർക്കാർ ഖജനാവിൽനിന്നും ശമ്പളം വാങ്ങുന്ന എല്ലാ ജീവനക്കാരും ഇന്നു നിരാശരാണ്. ഈ സംസ്ഥാനത്തെ എൻ.ജി.ഒ. മാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല പ്രക്ഷോഭണങ്ങളും പണിമുടക്കുകളും നടത്തുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി പറയുകയുണ്ടായി 1-7-78 മുതൽ പുതിയ ശമ്പളപരിഷ്ക്കാരം നടപ്പിൽ വരുത്തും, ജീവനക്കാർക്കെല്ലാം അനുകൂലമായ ശമ്പളത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുമെന്ന്. ഇപ്പോൾ ആ ശമ്പളപരിഷ്കാരത്തെ സംബന്ധിച്ച് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ജീവനക്കാരെല്ലാം നിരാശരാണ്. കാരണം ഈ ശമ്പളപരിഷ്കാരത്തിൽ വളരെയധികം അപാകതകൾ വന്നിട്ടുണ്ട്. ഈ അപാകതകൾ പരിഹരിക്കണം. സംസ്ഥാനത്ത് ആദ്യമായി ജോലിയിൽ പ്രവേശിക്കുന്ന ഒരു ലാസ്ററ് ഗ്രേഡ് ജീവനക്കാരന് ഈ പരിഷ്കാരം ഏർപ്പെടുത്തിയതുമൂലം 45 രൂപയുടെ ബെനിഫിററ് ലഭിക്കുമെങ്കിൽ പതിനഞ്ചുവർഷവും അതിൽകൂടുതലും സർവ്വീസുള്ള ഒരു ഹയർഗ്രേഡ് ജീവനക്കാരന് ലഭിക്കുന്നത് 41 രൂപ മാത്രമാണ്. അതുപോലെതന്നെ വെയിറേറജിന്റെ കാര്യത്തിലും ക്ഷാമബത്തയുടെ കാര്യത്തിലും വളരെയധികം അപാകതകൾ കാണാൻ സാധിക്കും. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് എൻ. ജി. ഒ മാരും അദ്ധ്യാപകരും ശമ്പള കമ്മീഷനോടും സർക്കാരിനോടും ആവശ്യപ്പെടുകയുണ്ടായി. അതെല്ലാം കാററിൽ പറത്തിക്കൊണ്ടാണ് ശമ്പള പരിഷ്കരണകമ്മീഷൻ റിപ്പോർട്ടു പ്രസിദ്ധീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

അനാഥാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് 30 രൂപ കൊടുത്തിരുന്നത് 35 ഉറുപ്പികയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. അത് പോരാ. ഞാൻ ഒരു അനാഥാലയത്തിൽ വളർന്ന വ്യക്തിയെന്നനിലക്ക് അനാഥാലയങ്ങളിലെ പ്രശ്നങ്ങൾ ശരിക്കും അറിയാം. അനാഥാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കു പതിനെട്ടു വയസ്സ് കഴിഞ്ഞാൽ ഗ്രാൻറ് ലഭിക്കുകയില്ല. അങ്ങനെ വരുമ്പോൾ പഠിത്തം നിറുത്തി ഒരു അനാഥനായിതന്നെ പുറത്തു വരുന്നു. ഡിഗ്രിക്കും, മെഡിസിനും എഞ്ചിനീയറിംഗിനും ഒക്കെ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികളായിരിക്കും ഇങ്ങനെ പഠിത്തം നിറുത്തി പുറത്തു വരുന്നത്. അവരുടെ പഠിത്തം തുടർന്നുപോകാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടാകുന്നത്. പതിനെട്ടു വയസ്സ് എന്നത് 20 വയസ്സ് ആക്കണമെന്ന് അപേക്ഷിക്കുകയാണ്.

റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ പെൻഷനെ സംബന്ധിച്ചു സൂചിപ്പിക്കുകയുണ്ടായി. ഇരുപതും മുപ്പതും വർഷം ഈ സംസ്ഥാനത്ത് സേവനം നടത്തിയതിനുശേഷം ജോലിയിൽനിന്നും വിരമിച്ചാൽ മിനിമം പെൻഷൻപോലും വാങ്ങാൻ കഴിയാതെ പട്ടിണിയിൽ കഴിയുന്നവരുണ്ട്. മിനിമം പെൻഷന് പത്തുവർഷത്തെ സർവ്വീസ് വേണം. 20 ഉം മുപ്പതും വർഷം പാർട്ട് ടൈം ആയി പിന്നിട്ട് ഫുൾ ടൈം ആയി പെൻഷൻ കണക്കാക്കുമ്പോൾ പത്തുവർഷമാകുന്നില്ല. ഇത്തരം പെൻഷൻകാരുടെ കാര്യംകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ ബാലകൃഷ്ണൻ: ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഈ ബഡ്ജററിനെ ഞാൻ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. സർ, ഈ സംസ്ഥാന ബഡ്ജററിനെപററി വിലയിരുത്തുമ്പോൾ, ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററുകളെപ്പററി ഒരു താരതമ്യ പഠനം നടത്തേണ്ടത് ആവശ്യമാണ്. നമ്മുടെ ബഡ്ജററിന്റെ പ്രത്യേകത കമ്മി ഇല്ല, മിച്ചമാണ് എന്നുള്ളതാണ്. അതുമാത്രമല്ല, പുതിയ നികുതികൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കേണ്ടി വന്നിട്ടില്ല ഈ ഗവൺമെൻറിന്. ഉള്ള നികുതിയിൽ വർദ്ധനവും ഉണ്ടായിട്ടില്ല. അതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾ വളരെ സന്തോഷത്തോടുകൂടിയാണ് ഈ ബഡ്ജററിനെ ഇന്നു കാണുന്നത്. സർ, കേന്ദ്രത്തിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ 68 കോടി രൂപ നികുതി ഏർപ്പെടുത്തിയിരിക്കയാണ്. 355 കോടിരൂപയുടെകമ്മിയും ആണ്. സർ. ഇന്നലെ കർണ്ണാടക മന്ത്രിസഭയിലെ ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിലും 76 കോടി രൂപ കമ്മിയാണ്. 30 കോടി രൂപ നികുതി ചുമത്തിയിട്ടുണ്ട്. ഇങ്ങനെ താരതമ്യ പഠനം നടത്തുമ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററ് ഈ രാജ്യത്തെ ജനങ്ങളുടെ കണ്ണീരൊപ്പുന്ന ബഡ്ജററാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

നമ്മുടെ അഞ്ചാം പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ നമ്മുടെ സ്റേറററിന്റെ സാമ്പത്തിക സ്ഥിതി എന്തായിരുന്നു ? ഞാൻ അപ്പുറത്തിരിക്കുന്ന മുൻമന്ത്രിയായ വക്കംപുരുഷോത്തമനോട് ചോദിക്കുകയാണ്. യാഥാർത്ഥ്യ ബോധത്തോടുകൂടി നിങ്ങൾ ഇത് കാണേണ്ടതാണ്. വളരെ വിഷമം പിടിച്ച ഒരു സ്ഥിതിയാണ് അന്ന് നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. ആദ്യ വർഷത്തിൽ 31 കോടി രൂപ കമ്മിയായിരുന്നു. റിസർവ്വ് ബാങ്കിൽ നിന്നും ആ കാലഘട്ടത്തിൽ കോടിക്കണക്കിനു രൂപ നമ്മുടെ സംസ്ഥാന ഗവൺമെൻറ് എടുത്തുകൊണ്ടിരുന്നു. തുടർച്ചയായി ഓവർഡ്രാഫ്ട് എടുക്കുകയായിരുന്നു. ഒരു ഘട്ടത്തിൽ റിസർവ്വ്

LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക് ഇനി പണം അനുവദിക്കുകയില്ലെന്നു പറഞ്ഞു. അതുകൊണ്ട് കേന്ദ്ര ഗവൺമെൻറ് നൽകുന്ന ഗ്രാൻറിൽ നിന്ന് മുൻകൂറായി പണം വാങ്ങിച്ചാണ് ചെലവ് ചെയ്തത്. അങ്ങനെ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. ഇന്ന് അൽപ്പം മെച്ചപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ടതാണെങ്കിലോ നികുതി ജനങ്ങളിൽ അടിച്ചേൽപ്പിച്ചുകൊണ്ടുള്ള വരുമാനമാർഗ്ഗം കണ്ടിട്ടല്ല. ജനങ്ങളെ ദ്രോഹിക്കാനും ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാനും ശ്രമിക്കാതെ മററു വരുമാനമാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. അതിൽ ഞാൻ ധനകാര്യവകുപ്പിനെയും മന്ത്രിയേയും അഭിനന്ദിക്കുകയാണ്. ഇന്നു നമ്മുടെ സംസ്ഥാനം സാമ്പത്തികമായി മെച്ചപ്പെട്ട രീതിയിലാണ്. കഴിഞ്ഞവർഷം ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല. നമുക്ക് ബുദ്ധിമുട്ടുണ്ടായി. അൽപ്പമൊക്കെ പിടിച്ചു നിൽക്കാൻ കഴിഞ്ഞു. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താനുള്ള പണം സമാഹരിച്ചെടുത്തിരിക്കുന്നു.

ഈ ബഡ്ജററിൽ തന്നെ 265 കോടിരൂപയുടെ വികസനച്ചെലവുകൾക്ക് പണം വകയിരുത്തിയിട്ടുണ്ട്. ഭാരിച്ച നികുതി ചുമത്തിയിട്ടുമില്ല. കിട്ടാവുന്നത്ര പണം ജനങ്ങളെ ദ്രോഹിക്കാതെ സമാഹരിക്കാൻ വേണ്ട നടപടി ഗവൺമെൻറ് ആത്മാർത്ഥമായി സ്വീകരിച്ചതിൻെറ ഫലമാണത്. ഒരു കാര്യം സത്യസന്ധമായി പ്രതിപക്ഷം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.. നമ്മുടെ ഈ കൊച്ചു സംസ്ഥാനത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. ഗ്രാമങ്ങളുടെ സാമ്പത്തിക സ്ഥിതി വളരെ പരിതാപകരമാണ്. ഗ്രാമങ്ങളുടെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കാൻ, കൂടുതൽ വരുമാനമാർഗ്ഗങ്ങളുണ്ടാക്കാൻ, അവരുടെ ജീവിത ക്ലേശങ്ങൾ അവസാനിപ്പിക്കാൻ പര്യാപ്തമായ പദ്ധതികളും പരിപാടികളും ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ച് ആത്മാർത്ഥമായി നടപ്പിലാക്കിക്കൊണ്ടിരിക്കയാണ്.

ബഡ്ജററ് പ്രസംഗം പരിശോധിച്ചാൽ ആദ്യം മുതൽ അവസാനം വരെ അതു കാണാൻ കഴിയും. ഗ്രാമീണ സമ്പത്ത് വർദ്ധിപ്പിച്ചെടുക്കാനും ഗ്രാമീണർക്ക് സഹായകരമായ പ്രവർത്തനം നടത്താനും ഈ ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട് എന്നു കാണാൻ കഴിയും. നമ്മുടെ സംസ്ഥാനം ഒരു കാർഷിക പ്രദേശമാണ്. 80 ശതമാനം ആളുകളും കൃഷിക്കാരാണ്. അവരുടെ വരുമാനം വർദ്ധിപ്പിച്ചാലല്ലാതെ സമ്പദ്ഘടന ഭദ്രമാണെന്ന് പറയാൻ സാദ്ധ്യമല്ല. അതുകൊണ്ട് അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ പലപല പരിപാടികൾ ഗവൺമെൻറ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ വക്കം പുരുഷോത്തമനെ ഞാൻ കുററം പറയുകയല്ല. അദ്ദേഹം പ്രസംഗിച്ചപ്പോൾ പറഞ്ഞു, പഴയ ഗവൺമെൻറിൻെറ പരിപാടികളുടെ തുടർച്ചയാണ് എന്ന്. അതു ശരിയാണ്; നിഷേധിക്കാൻ തയ്യാറില്ല. ഐക്യകക്ഷി ഗവൺമെൻറിൻെറ നയപരിപാടികളുടെ തുടർച്ചയായിട്ടാണ് ഇതെല്ലാം നടത്തുന്നത്. അന്ന് ശ്രീ. വക്കം പുരുഷോത്തമനും അപ്പുറത്തിരിക്കുന്ന ആളുകളും ഒക്കെ ഭരണകക്ഷിയിലുണ്ടായിരുന്നു. അന്ന് ആവിഷ്ക്കരിച്ച പരിപാടികൾ ഇന്ന് കുറെകൂടെ നല്ല രീതിയിൽ, ജനങ്ങൾക്ക് പ്രയോജനം നൽകുന്ന രീതിയിൽ വികസിപ്പിച്ച് പ്രാവർത്തികമാക്കുകയാണ്. അത് നിഷേധിക്കുന്നില്ല. അത് ഗവൺമെൻറിൻെറ ലക്ഷ്യം തന്നെയാണ്. ഐക്യമുന്നണി തിരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പരിപൂർണ്ണമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് ബഡ്ജററിൽ കാണുന്നത്. ആരെയു

LIBRARY ARCHIVES Kerala Legislative Assembly

വെല്ലുവിളിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ആരുടെയും പ്രസംഗങ്ങളെ ചോദ്യം ചെയ്യാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ഇന്നലെയും ഇന്നുമായി ഈ നിയമസഭയിൽ ബഡ്ജററിനെപ്പററി പൊതുചർച്ച നടക്കുകയാണ്. പ്രതിപക്ഷത്തിന് ഒരു വലിയ ഉത്തരവാദിത്വം നിർവ്വഹിക്കാനുണ്ട്. ഭരണ കക്ഷിയേക്കാൾ കൂടുതലായ കടമയാണ് പ്രതിപക്ഷത്തിന് നിർവ്വഹിക്കാനുള്ളത്. ഗവൺമെൻറിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കണം. ഇന്നയിന്ന പരിപാടികൾ നടപ്പിൽ വരുത്തണമെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയണം. ആരെങ്കിലും അത് പറഞ്ഞോ? ക്രിയാത്മകമായ നിർദ്ദേശം ഉണ്ടായോ? വ്യക്തിപരമായ വിമർശനങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പരാമർശങ്ങൾ നടത്തിയതൊഴിച്ചാൽ പ്രതിപക്ഷത്തുനിന്ന് ഒരൊററ മെംബർ പോലും അങ്ങനെയുള്ള കാര്യങ്ങൾ സംസാരിച്ചില്ല. ഒരാൾ സംസാരിച്ചു, അത് മറക്കാൻ കഴിയുകയില്ല: ശ്രീ. ആർ. ബാലകൃഷ്ണപിള്ള. അദ്ദേഹം പറഞ്ഞു, ജനങ്ങളുടെ കൈയടി വാങ്ങിക്കാനുള്ള ബഡ്ജററാണിതെന്ന്. ജനങ്ങളുടെ ഇടി വാങ്ങിക്കാനുള്ള ബഡ്ജററല്ലെന്ന് സമ്മതിച്ചതിന് ഞാനദ്ദേഹത്തോട് നന്ദിയുള്ളവനാണ്. ജനതാ ഗവൺമെൻറ് അവതരിപ്പിച്ച ബഡ്ജററിനെ ജനങ്ങൾ അവിടെ നിന്നുകൊണ്ട് ഇടിക്കുകയാണ്. ഇത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ബഡ്ജററാണെന്ന് വിശേഷിപ്പിച്ചതിൽ എനിക്ക് അത്ഭുതം തോന്നുന്നു. നിഷ്പക്ഷമായി പരിശോധിച്ചാൽ അറിയാം. ഏററവും കൂടുതൽ കഷ്ടപ്പാടനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ 9 കോടി രൂപയുടെ വിവിധ പരിപാടികൾവഴി തീരുമാനിച്ചിരിക്കുകയാണ്. കുററം പറഞ്ഞു കൊള്ളുക; പക്ഷേ ക്രിയാത്മകമായിട്ടായിരിക്കണം. വിമർശനം നടത്താം. ജനക്ഷേമകരമായ പരിപാടികളിൽ പോരായ്മകളുണ്ടെങ്കിൽ അപ്പുറത്തിരിക്കുന്ന പ്രതിപക്ഷ മെംബർമാർ ചൂണ്ടിക്കാണിക്കണം. തിരുത്തണമെന്നാവശ്യപ്പെടണം തിരുത്താൻ തയ്യാറാണ്. തിരുത്തുകയും ചെയ്യും. ഒരു ജനകീയഗവൺമെൻറിന്റെ ചുമതല അതാണ്. അതുകൊണ്ട് തിരുത്താൻ തയ്യാറാണ്. പക്ഷേ എന്തു നല്ല കാര്യം ചെയ്താലും കുററം പറയുന്ന സമീപനമാണ്. ഈ സമീപനം മാററി ജനങ്ങൾക്ക് ഗുണമുണ്ടാകുന്ന രീതിയിലുള്ള വിമർശനം നടത്താൻ പ്രതിപക്ഷം ഇനിയെങ്കിലും തയ്യാറാകണമെന്ന് ഞാനപേക്ഷിക്കുകയാണ്.

നമ്മുടെ സംസ്ഥാനം ഒരു സാമൂഹ്യവിപ്ലവത്തിന്റെ രണ്ടാം ഘട്ടത്തിലെത്തി എന്ന് പ്രസംഗത്തിൽ വിശേഷിപ്പിച്ചിട്ടുണ്ട്. എന്താണ് തെററ്? ഇവിടത്തെ പെൻഷൻകാർക്ക് ചുരുങ്ങിയ പെൻഷൻ 100 ക. ആക്കണമെന്ന് എല്ലാ ഭാഗത്തുനിന്നും അഭിപ്രായങ്ങളുണ്ടായിരുന്നു. ആ അഭിപ്രായം ഗവൺമെൻറ് അംഗീകരിച്ച് നടപ്പിലാക്കുകയാണ്. 4 കോടി രൂപയുടെ അധികച്ചെലവാണ് വരുന്നത്. അത് ചെറിയ കാര്യമല്ല. പല ഗവൺമെൻറുകളും ഉണ്ടായിരുന്നു. പെൻഷനെ സംബന്ധിച്ച് പലരും ആ കാലത്തും പറഞ്ഞിരുന്നു. ആരും ശ്രദ്ധിച്ചില്ല. ഈ ഗവൺമെൻറ് അത് ശ്രദ്ധിക്കാൻ തയ്യാറായി. ആ ഇനത്തിൽ 4 കോടി രൂപ അധികം ചെലവുചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. അഭിനന്ദിക്കേണ്ടേ; പാവപ്പെട്ട ആളുകൾക്ക്, അഗതികൾക്ക് നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കാൻ ഒരു മഹാകാര്യമെന്ന് ആർക്കും അഭിപ്രായമില്ല. പക്ഷേ ജീവകാരുണ്യപരമായ ഒരു നടപടിയെന്ന നിലയിൽ ഗവൺമെൻറ് അത് ചെയ്യാൻ തീരുമാനിച്ചു. പിന്നെ ഉച്ചഭക്ഷണത്തെപ്പററിയാണ്. കുട്ടികൾക്ക് വയറുനിറയെ ഒരുനേരം ആഹാരം കൊടുക്കാൻ പരിപാടി തയ്യാറായപ്പോൾ അതിനെയും വിമർശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ : ആരും എതിർക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ രാജ്യത്ത് കഷ്ടപ്പാടുകളും ദുരിതങ്ങളുമൊക്കെ ഉണ്ടെന്ന് നിങ്ങളും ഞങ്ങളും സമ്മതിക്കുന്നു. അതവസാനിപ്പിക്കാനുള്ള ആത്മാർത്ഥമായ ശ്രമമാണ് ഇവിടെ നടക്കുന്നത്. ഇന്നലെ ശ്രീ. കുര്യനാണെന്ന് തോന്നുന്നു, മുപ്പതു കൊല്ലക്കാലം ഭരിച്ചിട്ട് കുട്ടികൾക്ക് വയറുനിറച്ച് ആഹാരം കൊടുക്കാൻ കഴിയാത്തവർ ഇന്ന് വന്ന് അത് ചെയ്യുന്നുവെന്നു പറയുകയുണ്ടായി. അത് കേട്ടപ്പോൾ തോന്നി. കുര്യന്റെ പാർട്ടി ഭരിച്ചില്ലേ എന്ന്. എത്രയോ രാഷ്ട്രീയ പാർട്ടികളുടെ ഭരണം ഈ രാജ്യത്തുണ്ടായി. ഏതെല്ലാം പാർട്ടികൾ ഭരിച്ചു. കൂട്ടുമന്ത്രിസഭകൾ ഉണ്ടായി. കമ്മ്യൂണിസ്ററ് പാർട്ടി ഭരിച്ചു. കോൺഗ്രസ് ഭരിച്ചു. പല ഐക്യകക്ഷി ഗവൺമെൻറുകളും ഭരിച്ചു. ആ കാലത്തൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോൾ പ്രതിപക്ഷത്തിരുന്നു കൊണ്ട് പത്തു കുട്ടികൾക്ക് എന്തെങ്കിലും സഹായം ചെയ്യാൻ തീരുമാനിച്ചതിനുനേരെ കൊഞ്ഞനം കാണിക്കുന്ന സമീപനം മാററണം. നിങ്ങൾ ഭരിച്ചകാലത്ത് ആലോചിക്കാൻ കഴിഞ്ഞില്ല. നിങ്ങൾ ആലോചിക്കാത്ത പലതും ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുന്നു. അഭിനന്ദിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ.

കാർഷിക സഹകരണസംഘങ്ങൾ വഴി നമ്മുടെ സംസ്ഥാനത്ത് കൃഷിക്കാർക്ക് നൽകുന്ന ഹ്രസ്വകാലവായ്പക്ക് ചുമത്തുന്ന പലിശയിൽ 3 ശതമാനം ഇളവു കൊടുക്കാൻ ഗവൺമെൻറ് തീരുമാനിച്ചതായി പറഞ്ഞു. എത്രയോ വലിയ കാര്യമാണത്. അടുത്ത സാമ്പത്തിക വർഷത്തിൽ 75 കോടി രൂപ ഹ്രസ്വകാല വായ്പയായി കാർഷിക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ അർത്ഥം രണ്ടേകാൽ കോടി രൂപ ഇളവു ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നു എന്നാണ്. ഇന്ന് ഈടാക്കുന്ന പലിശയിൽ 3 ശതമാനം ഇളവു ചെയ്യുക എന്നുള്ളതിന്റെ അർത്ഥം രണ്ടേകാൽ കോടി രൂപ നികുതിയിനത്തിൽ ഇളവുചെയ്യുന്നു എന്നാണ്.

ശ്രീ. എ. പി. കുര്യൻ : 50,000 ആണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ശ്രീമാൻ കുര്യൻ പി. എ. സി. യുടെ ചെയർമാനും മററും ആയിരുന്നിട്ടുള്ള ആളാണ്. മുഴുവൻ സംഖ്യയും വകയിരുത്തിക്കൊള്ളണമെന്നില്ല. 50,000 വകയിരുത്തിയാലും എത്ര രൂപ കൊടുക്കേണ്ടി വരുമോ അത്രയും കൊടുക്കാൻ തയ്യാറാണ്. ആരുടേയും കണ്ണിൽ പൊടിയിടാനുള്ള ഏർപ്പാടൊന്നുമല്ല.

സർ, നമ്മുടെ ഗ്രാമീണ ജനതയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ, അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ അവസാനിപ്പിക്കാൻ ധീരമായ ഒരു നിലപാട് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുകയാണ്. സർ, ഞാൻ ശ്രീ. ദേവസ്സിക്കുട്ടി ഉൾപ്പെടെയുള്ള ആരേയും കുററപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം എന്ത് പറഞ്ഞാലും കുററം പറയുന്ന സ്വഭാവക്കാരനാണ്. അദ്ദേഹത്തോട് ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. ഞാൻ അദ്ദേഹത്തെ വ്യക്തിപരമായി പരാമർശിക്കുകയല്ല. ആത്മാർത്ഥമായി കൃഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരാളാണ് അദ്ദേഹമെങ്കിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഈ സംസ്ഥാനത്തെ കൃഷിക്കാർക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ വിലയിരുത്തുകയാണെങ്കിൽ പലതും ചെയ്തിട്ടുണ്ടെന്ന് കാണാൻകഴിയും.

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിനും കപ്പയ്ക്കും താങ്ങുവില നിശ്ചയിച്ചു. ആരാണ് ഈ പ്രശ്നം ഉന്നയിച്ചതെന്ന് ശ്രീ. ദേവസ്സിക്കുട്ടിക്ക് അറിയാമോ? ശ്രീ. ദേവസ്സിക്കുട്ടി ഉൾപ്പെടെയുള്ള കർഷക സംഘത്തിന്റെ പ്രതിനിധികൾ ഉന്നയിച്ചതാണ്. ഈ രാജ്യത്തെ നെല്ല് ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാരൻ കടത്തിൽ മുങ്ങുന്നു, അവൻ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് വില കിട്ടുന്നില്ല, ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നു. അതുകൊണ്ട് മിതമായ വിലനിലവാരം ഉടനെ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു. ഇവരെ സഹായിക്കാൻ വേണ്ടിയാണ് നെല്ലിനും കപ്പയ്ക്കും താങ്ങുവില നിശ്ചയിച്ചത്. അങ്ങനെ ഈ രാജ്യത്ത് ജനോപകാരപ്രദമായ കാര്യങ്ങൾ സത്യസന്ധമായി, ആത്മാർത്ഥമായി ഈ ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്. എനിക്ക് നിങ്ങളോട് പറയാനുള്ളത് ആത്മാർത്ഥമായ ഒരു സമീപനം, ക്രിയാത്മകമായ വിമർശനങ്ങൾ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ പ്രതിപക്ഷഭാഗത്തു നിന്നും ഉണ്ടാകുകയാണെങ്കിൽ അതിനെ സഹർഷം സ്വാഗതം ചെയ്തുകൊണ്ട് ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആത്മാർത്ഥമായി ഈ ഗവൺമെൻറ് പ്രവർത്തിക്കുമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഈ ബഡ്ജററിൽ അറിഞ്ഞോ അറിയാതെയോ ഒരു കാര്യം വിട്ടുപോയിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ പദ്ധതികൾ ഈ ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി 10,000 വീടുകൾ, അതുപോലെ നഴ്സറി സ്കൂളുകൾ എന്നിവയെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ പുതിയ പദ്ധതികൾ ഉണ്ടാകുമെന്ന് നാം പ്രതീക്ഷിച്ചു. എന്നാൽ അത് വിട്ടുപോയിരിക്കുകയാണ്. അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള എല്ലാ നടപടികളും ഈ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങളെ ഈ രാജ്യത്തെ ജനങ്ങൾ സഹർഷം സ്വാഗതം ചെയ്തിട്ടുണ്ട്. ജനങ്ങൾ ഈ ഗവൺമെൻറിന്റെ പിന്നിൽ ഉണ്ടായിരിക്കുമെന്ന് നമുക്ക് വിശ്വസിക്കാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബാലൻ: സർ, നല്ലൊരു ശ്രുതികേട്ടാണ് എന്റെ പ്രസംഗം ആരംഭിക്കുന്നത്. സമയം കഴിഞ്ഞെന്ന ശ്രീ. ബാലകൃഷ്ണന്റെ ശ്രുതിയാണ്. ഏറെക്കുറെ അപ്പുറത്തിരിക്കുന്നവരുടെ സമയവും കഴിഞ്ഞെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബഡ്ജററിലേക്ക് പോകുമ്പോൾ—സഞ്ജയന്റെ ഒരു ആശയം കടം മേടിച്ചാൽ—മദിരാശി സംസ്ഥാനത്തെ വിദ്യാഭ്യാസമന്ത്രി അവിനാശിലിങ്കം ചെട്ടിയാർ വിദ്യാഭ്യാസ പരിഷ്കാരം കൊണ്ടുവന്നപ്പോൾ ഒരു കാര്യം പറഞ്ഞു. അദ്ധ്യാപകൻമാർക്ക് എ. ഇ. ഒ. വരെ ഉയരാനുള്ളതെല്ലാം ഈ പദ്ധതിയിൽ ഉണ്ടെന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. അതിനെക്കുറിച്ച് ശ്രീ. സഞ്ജയൻ പറഞ്ഞത് ''ചെട്ടിയാരുടെ ഭാണ്ഡം അഴിച്ചാൽ പട്ട് കാണുമെന്നു കരുതി. എന്നാൽ പട്ടും കണ്ടില്ല, പട്ടുനൂലും കണ്ടില്ല, ഒരു നൂലും കണ്ടില്ലെന്ന്'' ആണ്. ഇവിടെയുള്ള ഈ ബഡ്ജററാകുന്ന ചെട്ടിയാരുടെ ഭാണ്ഡം അഴിച്ചാൽ ചിലതെല്ലാം കാണുമെന്നു കരുതി. പക്ഷെ ഒന്നും കണ്ടില്ലെന്നുള്ളതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ബഡ്ജററിനെ വിമർശിച്ചെന്നു പറഞ്ഞു. ഇതിനെ എന്തിന് വിമർശിക്കണം. വികസന പ്രവർത്തനങ്ങൾക്ക് ഈ രാജ്യത്ത് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ? അപ്പുറത്തുനിന്നും പലരും താരതമ്യപഠനം നടത്തുന്ന കാര്യത്തെപ്പററി പറഞ്ഞു. എന്തിന് താരതമ്യ പഠനം നടത്തണം. കർണ്ണാടകം, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് ഇങ്ങനെ ജനതാ ഗവൺമെൻറുകളും മററു ഗവൺമെൻറുകളുമായി ഒരു താരതമ്യപഠനം നടത്താനല്ലാതെ സ്വന്തമായി ഈ സംസ്ഥാനത്തിൻെറ ഭാവിയെ ഉന്നംവച്ചു കൊണ്ടുള്ള ഒററ പരിപാടിയെങ്കിലും ഇതിലുണ്ടോ? എന്നുമാത്രമല്ല കൂടെ യിരിക്കുന്ന ഘടകകക്ഷികളോട് വിരോധം തീർക്കാനുള്ള ചില പ്രയോഗ ങ്ങളെല്ലാം ഇതിനകത്തുണ്ട്. വിദ്യാഭ്യാസവകുപ്പിനുവേണ്ടി 1977-78-ൽ നീക്കിവച്ചിരുന്നത് 48.53 ആയിരുന്നതിൽനിന്നും ഇന്ന് 1979-80 ലേക്ക് 46.64 ആക്കിയെങ്കിൽ ശ്രീ. വരദരാജൻ നായരുടെ കക്ഷിക്ക് പുതിയ സ്കൂൾ കിട്ടിക്കാണുകയില്ല. കിട്ടിയത് തന്നെ മുഴുവനും നടപ്പിലാക്കേണ്ട എന്നാണ് അതിൻെറ അർത്ഥം. അങ്ങനെ കൂടെ ഇരിക്കുന്നവരെപോലും തള്ളിമാററി യിട്ടുള്ളതായി ഓരോന്ന് എടുത്ത് പരിശോധിച്ചാലും നമുക്കു കാണാൻ സാധിക്കും.

സർ, 1978-79 ൽ 14.31 മെഡിക്കൽ ആൻറ് പബ്ലിക്ക് ഹെൽത്തിനു വേണ്ടി വച്ചിരുന്നെങ്കിൽ 1979-80 ൽ 13.97 ആയിട്ട് കുറച്ചിരിക്കുകയാണ്. ഇങ്ങനെ നോക്കിയാൽ എവിടെയാണ് വികസനമുള്ളത്. ഈ രാജ്യത്ത് റോഡ് ഉണ്ടാക്കേണ്ടതും ആശുപത്രികൾ ഉണ്ടാക്കേണ്ടതും ആയ പണം മുഴുവൻ കൈയിട്ട്വാരി, അതായത് യാചകൻെറ മടിക്കുത്തിൽ കൈയിട്ട് വാരി മുച്ചീട്ട് കളിക്കാരനായ ധൂർത്തുപുത്രന് കൊടുക്കുന്ന നടപടിയാണ് ഈ ബഡ്ജററിൽ സ്വീകരിച്ചിരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുക യാണ്. അതാണ് ഇവിടെ നടക്കുന്നത്.

സർ, അപ്പുറത്തുനിന്നും ബഡ്ജററിനെ അനുകൂലിച്ചുകൊണ്ടു സംസാരിച്ച ശ്രീ. കുഞ്ഞാമ്പു ഏട്ടൻ—പാവം അദ്ദേഹത്തിന് 63 വയസ്സു കഴിഞ്ഞു. അദ്ദേഹം കമ്മ്യൂണിസത്തിൻെറ വ്യാഖ്യാനമെല്ലാം പഠിച്ചു പ്രസംഗിക്കുന്നത് കേട്ടപ്പോൾ അങ്ങയെപ്പോലെ ശുദ്ധാത്മക്കളിൽ ശുദ്ധാത്മാക്കളായ കമ്മ്യൂണിസ്ററുകാരൻ ഒരു ഭരണത്തിനുവേണ്ടി ഇത്ര ത്തോളം താണുപോയല്ലോ എന്ന് തോന്നിപോവുകയാണ്. കള്ളിനെപ്പററി കരുണാകരൻ പറഞ്ഞത് നിങ്ങൾ കേൾക്കണ്ടേ. സഖാവ് ലെനിൻ അതിനെപ്പററി എന്താണ് പറയുന്നതെന്ന് നോക്കാം. തൊഴിലാളികളുടെ അദ്ധ്വാനഭാരം ചൂഷണംചെയ്യാൻ മുതലാളിമാർ ഉപയോഗിക്കുന്നതാണ് മദ്യമെന്ന് അദ്ദേഹം പറഞ്ഞെങ്കിൽ ആ തൊഴിലാളികളെ ചൂഷണം ചെയ്യാൻ മുതലാളിമാർ ഉപയോഗിക്കുന്ന മദ്യം ഉപയോഗിച്ച് വരുമാനം ഉണ്ടാക്കുന്ന ഭരണത്തിൽ തുടരാൻ ശ്രീ. കുഞ്ഞാമ്പു ഏട്ടന് മാനക്കേട് ഇല്ലേയെന്ന് ഞാൻ ചോദിക്കുകയാണ്. അദ്ദേഹം ഇവിടെ ഒരു കവിത ചൊല്ലി.

സർ, ഫാമിൻ റിലീഫിനുവേണ്ടി കഴിഞ്ഞകൊല്ലം എത്ര രൂപയാണ് നീക്കിവച്ചിരുന്നത്? കഴിഞ്ഞകൊല്ലം 3.58 ൽ നിന്നും 1.19 ആയി കുറച്ചിരിക്കുകയാണ്. ഇവിടെ കൊടുങ്കാററും പ്രളയവും ഉണ്ടാകുന്ന സമയത്ത് എന്തെങ്കിലും ചെയ്യേണ്ട കാശല്ലേ എടുത്തത്. സ്വന്തം തറവാട് ഭാഗിച്ച് എടുത്ത് കൊട്ടാരം നർത്തകിയുടെ നൃത്തം കാണാൻ പോയ ഒരാളെ പോലെയല്ലേ ധനകാര്യമന്ത്രി ഇവിടെ പെരുമാറിയത്. എന്നിട്ട് ഇവിടെ ചിലതെല്ലാം ചെയ്തെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ പരിഹസിച്ചെന്നു പറഞ്ഞു. എന്തിനാണ് പരിഹസിച്ചത്? 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കു ഭക്ഷണം കൊടുക്കാൻപോകുന്നു എന്നാണ്പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഒന്നു ചോദിക്കട്ടെ. പെററുവീണ കുട്ടിക്ക് അന്നം കൊടുക്കേണ്ടെന്ന് വിചാരിക്കുന്ന അമ്മമാർ ഈ രാജ്യത്ത് ഉണ്ടോ? അവർക്ക് ഭക്ഷണം കൊടുക്കണ്ടെന്ന് കരുതുന്ന അച്ഛൻമാർ ഈ രാജ്യത്ത് ഉണ്ടോ? ഉണ്ടായിരിക്കാൻ ഇടയില്ല. എന്തുകൊണ്ട് അവർക്ക് അതിനു കഴിയുന്നില്ല. അവർക്ക് ഈ കുഞ്ഞുങ്ങളെ പുലർത്താനുള്ള വരുമാനമില്ല. തൊഴിൽ ചെയ്താലും വേതനം കിട്ടാൻ നിവൃത്തിയില്ല. ചെയ്യാൻ തൊഴിലുമില്ല. ആ തൊഴിൽ ഉണ്ടാക്കുന്നതിനെപ്പററി ഈ ബഡ്ജററിൽ അകവും പുറവും പരിശോധിച്ചാൽ എന്തെങ്കിലും ഉണ്ടെന്ന് പറയാൻ കഴിയുമോ? സ്വന്തം അച്ഛനമ്മമാർക്ക് കുഞ്ഞുങ്ങളെ പോററാൻ തൊഴിൽ നൽകാൻ കഴിയാതെ ആ കുഞ്ഞുങ്ങൾക്ക് ഒരു നേരം നിങ്ങൾ അമേരിക്കക്കാരന്റെ പാൽപ്പൊടിയും ഉപ്പുമാവും കൊടുത്ത് തൃപ്തിപ്പെടുത്തിക്കളയാമെന്നു പറയുന്ന നിങ്ങളെക്കുറിച്ച് എന്ത് പറയണമെന്നു ഞാൻ ചോദിക്കുകയാണ്. ഇതാണ് ഫ്യൂഡലിസ്ററ് മനോഭാവമെന്നു പറയുന്നത്.

(ബഹളം)

സർ, നാളെയെക്കുറിച്ച് ഒന്നും നിങ്ങൾ പറയേണ്ട. നാളെയെക്കുറിച്ച് അറിയണമെങ്കിൽ ഈ രാജ്യത്ത് എല്ലാം നടന്നാൽ അറിയാം. അവിടേയ്ക്ക് ഞാൻ ഇപ്പോൾ വരുന്നില്ല. കാരണം 5 വയസ്സിന് താഴെ ഉള്ളവർക്ക് അന്നം കൊടുക്കുന്നു എന്നുള്ളതല്ലാതെ അത് കൊടുക്കാനുള്ള കഴിവ് അച്ഛനമ്മമാർക്ക് ഉണ്ടാക്കിക്കൊടുക്കാനുള്ള ഒരു പദ്ധതി ഇതിനകത്തുണ്ടോ? അതിനു വേണ്ടി എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ? അതാണ് ചെയ്യേണ്ടത്. അല്ലാതെ പണ്ടത്തെ ജൻമിമാർ പറയും നിന്റെ വീട് ഓട് ഇടേണ്ട, വയ്ക്കോൽ മേഞ്ഞാൽ മതി, ഓല കെട്ടിയാൽ മതി, ഓല ഞാൻ സൗജന്യമായി തരാമെന്നു പറയും. അതുപോലെ ഈ രാജ്യത്ത് ഫ്യൂഡലിസത്തിന്റെ ഒരു പിൻഗാമിയെന്നുള്ള നിലയ്ക്ക് നമ്മുടെ ധനകാര്യമന്ത്രി പറയുന്നു, 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്ക് ഞാൻ ഭക്ഷണം കൊടുത്തുകൊള്ളാമെന്ന്. നീ നിന്റെ കുട്ടിക്ക് ഭക്ഷണം കൊടുക്കേണ്ട എന്ന്.

സർ, തൊഴിലില്ലായ്മാവേതനം ഉപേക്ഷിച്ച മട്ടാണ്. അതിനെപ്പററി ഒന്നും പറയുന്നില്ല. കഴിഞ്ഞപ്രാവശ്യം വിൽപ്പന നികുതിയിൽ സർച്ചാർജ് 10 ശതമാനം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. അന്ന് ഒരു കൊല്ലത്തേയ്ക്ക് മാത്രമെന്നാണ് പറഞ്ഞത്. ഇപ്പോൾ പറയുന്നത് അൽപ്പം കമ്മി നികത്താൻ ഞങ്ങൾ തുടരുമെന്നാണ്.

അതുപോലെ ഇതിൽ വേറൊരു കാര്യം പറഞ്ഞിട്ടുണ്ട്. ലേലം വർദ്ധിച്ച വകയിൽ അബ്കാരി ഇനത്തിൽ 5 കോടി കിട്ടുമെന്ന്. അപ്പുറത്ത് നാരായണക്കുറുപ്പ് ഇരിപ്പുണ്ട്. 5 കോടിയല്ല 10 കോടി ഞാൻ ഇളവ് ചെയ്യുമെന്നു പറയാൻ, അത് കിട്ടുമെന്ന് ധനകാര്യമന്ത്രിക്ക് പറയാമോ?

അതുപോലെ തന്നെ ഇവിടെ മുച്ചീട്ടുകളിക്കാരനു കൊടുക്കുന്ന
1 P. M. കാര്യത്തെക്കുറിച്ചു പറഞ്ഞു. ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഒരു കാര്യം വ്യക്തമാക്കണം. ശ്രീ. വക്കം പുരുഷോത്തമന്റെ സ്വന്തം ഭാര്യയെക്കുറിച്ചു..............
(ബഹളം)
ഇവിടെ സമാചാർ ഭാരതിയെക്കുറിച്ചു പറഞ്ഞു. എന്തൊക്കെ പത്രത്തിൽ കൊടുക്കുന്നുവെന്നതല്ല. ശ്രീ. ആന്റണി മുഖ്യമന്ത്രി ആയിരുന്നകാലത്ത് പി. ടി. ഐ. യും, യു. എൻ. ഐ. യും ഉൾപ്പെടെയുള്ള വാർത്താഏജൻസികൾ ഈ ഗവൺമെന്റിന്റെ മുമ്പിൽ ചെറുകിട പത്രത്തിന് വാർത്ത എത്തിച്ചുകൊടുക്കുന്ന ഒരു പദ്ധതി സമർപ്പിക്കുകയും ആ പദ്ധതി അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാതെ നിരാകരിച്ച് സമാചാർഭാരതി ഇറക്കുമതി ചെയ്തു ഏതെല്ലാം പത്രത്തിൽ കൊടുത്തുവെന്നല്ല നൂറുദ്ദീൻ സാഹിബ് ഇവിടെ വാർത്തകൾ വായിച്ച് കിട്ടുന്ന പത്രത്തെക്കുറിച്ചല്ല ആ വാർത്തകൾ എത്തിച്ചുകൊടുക്കാൻ ഏജൻസിയായി പ്രവർത്തിക്കുന്ന വാർത്താ ലേഖകൻമാർ ആരൊക്കെയാണ്? ശമ്പളം കൊടുക്കാനില്ലാത്ത തകർന്നുവീഴുന്ന വീക്ഷണം പത്രത്തിന്റെ ലേഖകൻമാരെയാണോ നിശ്ചയിച്ചിരിക്കുന്നത്. ധനകാര്യമന്ത്രിയുടെ മറുപടിയിൽ അത് വ്യക്തമാക്കണം. (ബഹളം) അതെക്കുറിച്ച് ഒന്നും.............വിവരത്തിന്റെ ഭണ്ഡാഗാരമായ നൂറുദ്ദീൻസാഹിബ് ഈ രാജ്യത്തെ ഏതെങ്കിലും സർവ്വകലാശാലയിൽ വൈസ്ചാൻസലറായാൽ പോലും ഞാൻ അത്ഭുതപ്പെടുകയില്ല. ഇത്രയൊക്കെ കൊട്ടിഘോഷിച്ച് പറഞ്ഞതല്ലേ തിരഞ്ഞെടുപ്പു സെപ്റ്റംബറിൽ നടത്തുമെന്ന്. ജില്ലാ ഭരണ ബിൽപാസ്സാക്കിത്തരികയും ചെയ്തു. ഞാൻ ഒന്ന് ചോദിക്കട്ടെ ഈ ബഡ്ജറ്റിൽ അതിനുള്ള പ്രൊവിഷൻ, എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നതായി പറഞ്ഞിട്ടുണ്ടോ? ഈ ബഡ്ജറ്റിന്റെ അകവും പുറവും ഞാൻ വായിച്ചു. പതിനൊന്നു ജില്ലകളിലും ഭരണപരമായ മാറ്റങ്ങൾ വരുത്തുന്നതിനെപ്പറ്റി അവിടെ ആളുകളെ നിശ്ചയിക്കുന്നതിനെപ്പറ്റി ഒന്നും മിണ്ടിയിട്ടില്ല. ഇതിന്റെ അർത്ഥം ആയുഷ്ക്കാലത്തും ഇവർ ഇത് നടത്താൻ പോകുന്നില്ലെന്നുള്ളതു തന്നെ. ജില്ലാഭരണബില്ലിന്റെ അരികെ പോകാൻ ....(ബഹളം) ഈ ഗവൺമെൻറിന് ഇത് നടപ്പാക്കാനൊക്കുകയില്ല. ചെലവ് ചുരുക്കലിനെപ്പറ്റി പറയുന്നുണ്ട്. കഴിഞ്ഞ പ്ലാനിംഗ് കമ്മീഷന്റെ ചർച്ചയിൽ പങ്കെടുക്കാൻ കേരളത്തിൽനിന്നും പോയ ഉദ്യോഗസ്ഥൻമാരുടെ എണ്ണം എത്രയാണെന്ന് അറിയാമോ? 142 ആളുകളാണ് ഡൽഹിയിൽ പോയത്. ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുകയും ചെലവ് ചുരുക്കുകയും ചെയ്യുന്നുവെന്ന് പറയുന്നു. എല്ലാ വകുപ്പുമന്ത്രിമാരുടേയും പ്രതിനിധികളും പോയി. 142 ആളുകൾ കേരളത്തിൽ നിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തിയാലുള്ള സ്ഥിതി എന്താണ്? പ്ലാനിംഗ് കമ്മീഷനിൽ നിന്ന് രണ്ടു ആളുകൾപോയി തീരുമാനിക്കാവുന്ന ഒരു കാര്യത്തിനുവേണ്ടി ഓരോ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ പരിവാര സമേതം അവിടെ പോയി. അവിടെ പോയിട്ട് കിട്ടിയത് എന്താണ്? സംസ്ഥാന പ്ലാനിംഗ് ബോർഡ് സെക്രട്ടറി ഒരു ഇറങ്ങിപ്പോക്ക് നടത്തിയെന്നുള്ളത് ഒഴിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് അത്രയും ഉണ്ടായില്ല.

ഡെപ്യൂട്ടി സ്പീക്കർ സംസാരിച്ചപ്പോൾ പറഞ്ഞു ബ്യൂറോക്രസിയെ തകർക്കണമെന്ന്. ഒരു തർക്കവുമില്ല. പ്രതിപക്ഷത്തിന്റെ തടസ്സമാണോ അതിനുള്ളത്? ഇന്നത്തെ എക്സിക്യൂട്ടീവ് മുതലാളിത്തത്തിന്റേതാണെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം പറയാൻ ഞാൻ തയ്യാറാണ്. ഈ ഭരണകൂടത്തിന് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാൻ സാധിക്കുമോ? ആ എക്സിക്യൂട്ടീവിന്റെ പാവയായി മാറിയിരിക്കുന്ന ഈ രാജ്യത്തെ ജനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അവർ പറയുന്നിടത്ത് ഒപ്പ് ഇടുന്നതല്ലാതെ ഭരിക്കാൻ നിങ്ങൾക്ക് കഴിവില്ല. റവന്യൂ ബോർഡ് നിർത്തലാക്കണമെന്നു പറയാൻ തുടങ്ങിയിട്ട് കാലം കുറെയായി. ഇപ്പുറത്തിരിക്കുന്ന ആരെങ്കിലും അതിന് തടസ്സമാണോ? ഈ സംസ്ഥാനത്തിന് എന്തിനാണ് ഈ വെള്ളാനകൾ? അനേകം രാജ്യങ്ങൾ താരതമ്യപഠനം നടത്തുന്നുണ്ട്. ആന്ധ്രയെയും കർണ്ണാടകത്തെയും ഒന്ന് താരതമ്യം നടത്തിക്കൂടേ? മദ്രാസിനെ താരതമ്യം നടത്തിക്കൂടേ? ഇവിടെ

ഭരിക്കുന്നത് സ്ററാററസ്കോമതികളാണ്. ഭിന്ന താത്പര്യത്തിന്റെ സമാഹാരമാണ് ഈ ഗവൺമെന്റ്. ഒരു കൂട്ടർ പറയുന്നു മദ്യവർജ്ജനം അവരുടെ ജീവന്മരണ പ്രശ്നമാണെന്ന്. മറെറാരുകൂട്ടർ പറയുന്നു അതുതൊട്ടുളള കളി ഇല്ലെന്ന്. കേരളാകോൺഗ്രസിന്റെ അഴിമതി പുറത്തുകാണിക്കലാണ് ആൻറണിയുടെ യൂത്ത് കോൺഗ്രസ് പറയുന്നു. കേരളാ കോൺഗ്രസിലെ യുവജനവിഭാഗം കാസർകോട്ടു നിന്ന് തിരുവനന്തപുരത്തേയ്ക്ക് ജീപ്പുജാഥ നടത്തുന്നു. എന്തിനാണെന്നറിയാമോ ഭരണകൂടത്തിലെ അഴിമതി അവസാനിപ്പിക്കാൻ. ഇങ്ങനെ ഭിന്നതാത്പര്യം ഘടകകക്ഷികളിലും കക്ഷികൾക്കുളളിലും നടക്കുന്നു. ഈ ഭരണകൂടത്തിന് ഈ രാജ്യത്ത് എന്തെങ്കിലും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഐ. എ. എസ്. കാരുടെ യോഗം വിളിച്ചുകൂട്ടിയിട്ട് മുഖ്യമന്ത്രിപോലും പറഞ്ഞു ഡിപ്പാർട്ടുമെൻറുകൾ അടിമുടി അഴിമതിനിറഞ്ഞതാണെന്ന്. എന്നിട്ട് അത് അവസാനിപ്പിക്കാൻ മുഖ്യമന്ത്രി എന്തു നടപടിയാണ് എടുത്തത്. മുഖ്യമന്ത്രി എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് അറിയണം. ഞങ്ങളുടെ സഹകരണം പോരാത്തതുകൊണ്ടാണെങ്കിൽ ഉളളുതുറന്ന സഹകരണം, കലവറയില്ലാത്ത സഹകരണം തരാൻ ഞങ്ങൾ തയ്യാറാണ്. അപ്പുറത്തിരിക്കുന്ന വലിയ സോഷ്യലിസ്ററുകാർ ഉണ്ടല്ലോ അവരുടെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. കോഴിക്കോട് ഒരു റീജിയണൽ ട്രാൻസ്പോർട്ട് വർക്ക്ഷോപ്പിന് സ്ഥലം എടുക്കുന്നതിന്, സോഷ്യലിസ്ററിൽ സോഷ്യലിസ്ററുകളായ വിദ്വാൻമാരുണ്ട് യൂത്തുകോൺഗ്രസുകാർ, അവരുടെ അഴിമതികാരണം ഒരിഞ്ചുമുന്നോട്ടു നീങ്ങാൻ സാധിക്കാതെ എന്തെല്ലാം ഗുസ്തിനടത്തിയാണ് സാക്ഷാൽ നാരായണക്കുറുപ്പ് പതിനെട്ടു അടവും വെട്ടും തടവുമൊക്കെ നടത്തിയിട്ടാണ് കഷ്ടിച്ച് രക്ഷപ്പെട്ടത്. കുറുപ്പിന് ഇത്രയൊക്കെ വെട്ടും തടവും അറിയാമെന്ന് ഞാൻ ഇപ്പോഴാണ് മനസ്സിലാക്കിയത്. കുറുപ്പിന്റെ വെട്ട് കൊളളേണ്ടിടത്തുകൊണ്ട് അപ്പുറത്ത് തടുക്കാൻ കഴിവുളളവർ ഉളളതുകൊണ്ട് ഇങ്ങോട്ടു വേണ്ട. പിന്നെ ഒന്നു പറഞ്ഞുകേൾക്കുന്നത് ശിവ, ശിവ എന്താണെന്ന് അറിയാമോ? മൂന്നാം ചേരിയാണ്. മൂന്നാം ചേരിയെക്കുറിച്ച് പറയുന്നത് കുറെക്കാലം നിലച്ചതാണ്. ഇപ്പോൾ രണ്ടാമതും ആവർത്തിച്ചിരിക്കുന്നു. ഒന്നും രണ്ടും ചേരി തീരുമാനിച്ചോ? ഒന്നും രണ്ടും കണ്ടുപിടിച്ചിട്ടല്ലേ മൂന്നാം ചേരി. അച്ഛനും അമ്മയും ആരാണെന്നു കണ്ടുപിടിച്ചിട്ടല്ലേ കുട്ടിയ്ക്ക് പേരിടുക. ഒന്നും രണ്ടും ചേരി തീരുമാനിച്ചില്ല. മൂന്നാം ചേരിയിൽ ആരൊക്കെയുണ്ട് ആരൊക്കെയാണ് പുരോഗമനകാരികൾ എന്ന് തീരുമാനമായോ? അപ്പുറത്തിരിക്കുന്നവരിൽ ആരൊക്കെയാണ് മൂന്നാംചേരിയിൽപെടാവുന്ന പുരോഗമനകാരികൾ. അവിടെ നിന്നും പുറംതളേളണ്ടവർ ആരൊക്കെയുണ്ട്. ഇപ്പുറത്തുനിന്നു ചിലർ വരണമെന്ന് വാസുദേവൻനായർ പറഞ്ഞു. അവർ ആരൊക്കെയാണ്? നമ്പൂതിരിപ്പാട് പറഞ്ഞു നിങ്ങൾ ഈ പറയുന്നത് മൂന്നാംചേരി ഒന്നുമല്ലെന്ന്. കാരണം നമ്പൂതിരിപ്പാടിന് കാര്യം അറിയാം. ഇവിടെ എല്ലാവരുംകൂടി മാർക്സിസ്ററുപാർട്ടിയിൽകേറിയാൽ ഇവരെയൊക്കെ ജയിപ്പിക്കാനുളള ഷുവർസീററു കൊടുത്തു പിന്നേയും ഭാണ്ഡവും പേറി നടക്കാൻ നമ്പൂതിരിപ്പാട് അത്ര വിഡ്ഢിയൊന്നുമല്ല. നമ്പൂതിരിപ്പാട് അത്ര മോശമാണെന്ന അഭിപ്രായം എനിക്കില്ല. അദ്ദേഹം തന്നെ പറഞ്ഞു ഇവിടെ ചിലർ പറഞ്ഞു നടക്കുന്നത് മൂന്നാംചേരിയൊന്നുമല്ലെന്ന്. ഇതൊന്നുമല്ല ഈ രാജ്യത്തു ആവശ്യം. കേന്ദ്രത്തിലെ ബഡ്ജററിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഈ രാജ്യത്ത് ബീഹാറിലെ ഒരു ചിത്രം പത്രത്തിൽ വന്നു. വാർത്ത എന്റെ മുന്നിലുണ്ട്. അവിടെ ഹരിജനങ്ങളെ പോലീസും അതിർത്തിസേനയും കടന്നാക്രമണം നടത്തി. ഹരിജൻ സ്ത്രീകളെ ബലാൽക്കാരം ചെയ്യുന്നു. പോലീസുകാർ നോക്കിനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഹുണ്ടികകച്ചവടക്കാരും ഭൂപ്രഭുക്കൻമാരും പാവപ്പെട്ട ഹരിജനങ്ങളുടേയും ആദിവാസികളുടേയും ഗ്രാമങ്ങളിൽ കടന്നുചെന്ന് പട്ടാപകൽ നടുറോഡിൽ കൊണ്ടിട്ട് ബലാൽസംഗം ചെയ്യുന്നു. പോലീസുകാർ പറയുന്നു നിങ്ങൾ അടങ്ങി ജീവിച്ചോയെന്ന്, രാജ്യത്തിന്റെ നാനാഭാഗത്തും സാമ്പത്തികപ്രഭുക്കൻമാർ, സാമൂഹ്യപ്രഭുക്കൻമാർ കടന്നാക്രമണം നടത്തി ജനജീവിതം തകർക്കുകയാണ്. ഈ രാജ്യത്ത് നേടിയെടുത്ത സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം നിലവിലുള്ളപ്പോൾ അതിനെ എതിർക്കേണ്ടതല്ലേ ഈ രാജ്യത്തിന്റെ കടമ. അതിനെതിരായി ശബ്ദിക്കേണ്ടതിനുപകരം ഇപ്പുറത്തു തിരിഞ്ഞുനിന്ന് വ്യക്തിവിരോധത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കാണുകയാണോ ചെയ്യേണ്ടത്? ഈ രാജ്യത്തെ അവശൻമാരെ ഈ രാജ്യത്തെ ദുർബലൻമാരെ രക്ഷിക്കേണ്ടത് ഗവൺമെൻറിന്റെ കടമയല്ലേ?

കേരളത്തിലെ സ്ഥിതി എന്താണ്? ആർക്ക് എന്തു വേണമെങ്കിലും പറയാം. പക്ഷേ ഈ രാജ്യത്ത് വളർന്നു വരുന്ന ഒരു പ്രസ്ഥാനമുണ്ട്. ഈ രാജ്യത്ത് മഹാത്മാഗാന്ധി പാരാ മിലിട്ടറി ഓർഗനൈസേഷൻ എന്നു വിശേഷിപ്പിച്ച ആർ. എസ്. എസ്. പ്രസ്ഥാനം വളർന്നു വരികയാണ്. അതിനെ കാണാൻ കഴിയുന്നില്ല. അതിനെ എതിർക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ കമ്മ്യൂണിസ്റ്റുകാരോട് ചോദിക്കുന്നു, അത് എതിർക്കപ്പെടേണ്ട ശക്തിയല്ലേ? അതൊരു ഫാസിസ്റ്റു ശക്തിയല്ലേ? അവരെ നേരിടാൻ നിങ്ങൾക്ക് കഴിവുണ്ടോ? അവരെ എതിർത്തു തോൽപ്പിക്കാൻ തയ്യാറുണ്ടോ? അതാണ് ഈ രാജ്യത്തിന്റെ ആവശ്യം. ഈ രാജ്യത്ത് മഹാത്മാഗാന്ധി വിശേഷിപ്പിച്ച പാരാ മിലിട്ടറി ഓർഗനൈസേഷൻ കേരളത്തിൽപോലും വളർന്നുവരുന്നു. ഭരണത്തിനുവേണ്ടിയല്ല, ഭരണം വലിച്ചെറിഞ്ഞ് ഈ രാജ്യത്ത് ആ ശക്തിയെ എതിർക്കാൻ ഞങ്ങൾ മുമ്പിലുണ്ടെന്ന് പറയേണ്ടത് കമ്മ്യൂണിസ്റ്റുകാരുടെ കടമയല്ലേ? അപ്പുറത്തിരിക്കുന്ന മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു, ഈ രാഷ്ട്രീയ സത്യത്തിൽനിന്ന് നിങ്ങൾ ഒളിച്ചോട്ടം നടത്തുകയല്ലേ, ഭരിക്കുന്നതിനുവേണ്ടി ഒളിച്ചോട്ടം നടത്തുകയല്ലേ ചെയ്യുന്നത്? അതുകൊണ്ട് ഈ രാഷ്ട്രീയ സത്യത്തിൽനിന്ന് നിങ്ങൾ ഒളിച്ചോട്ടം നടത്തി ഈ രാജ്യത്തെ ജനങ്ങളുടെ ഇടതുപക്ഷ സ്വഭാവത്തെ കളഞ്ഞുകുളിപ്പിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 മാർച്ച് 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 1.10-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly